
# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2018 ജനുവരി
വില ₹ 20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച
# പുതിയ പുസ്തകങ്ങൾ




**ശ്രീനാരായണ ഗുരു**
(ജീവചരിത്രം)
**എം കെ സാനു**
വില ₹80




**എ കെ ഗോപാലൻ**
(ജീവചരിത്രം)
**പയ്യന്നൂർ കുഞ്ഞിരാമൻ**
വില ₹80




**ദ് ലാസ്റ്റ് ഭൂതം**
(കഥകൾ)
**ജി ആർ ഇന്ദുഗോപൻ**
വില ₹75




**കിടു കിടു കടുവ**
(പ്രൈമറി വിഭാഗം)
**ഷിനോജ് രാജ്**
വില ₹40




**ഇതു ഞാനാ**
(പ്രൈമറി വിഭാഗം)
**സൈജ എസ്**
വില ₹30




**നചികേതസ്**
(പുനരാഖ്യാനം)
**മുഹമ്മ ശശിധരപ്പണിക്കർ**
വില ₹50




**കുട്ടികളുടെ അംബേദ്കർ**
(ജീവചരിത്രം)
**ഡോ എം വി തോമസ്**
വില ₹60




**തായ്മൊഴി**
(തിരക്കഥ)
**സിന്ധു സാജൻ**
വില ₹65

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471-233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ജനുവരി 2018
വില ₹20
വാർഷികവരിസംഖ്യ ₹200

# തളിര്

## ഉള്ളടക്കം

## 8 പറക്കും കാശ്യപ്

**ഗ്രേസി**



വരച്ചുവരച്ചു മുഷിഞ്ഞപ്പോൾ ഒരുനാൾ കാശ്യപ് ഫുട്ബോൾ കളിക്കാരനായി. പിന്നെ എങ്ങനെയാണ് അവൻ അമ്മയുടെ പറക്കും സിങ് ആയി മാറിയത്? രസകരമായ ഈ കഥ വായിക്കൂ...

## ചെറുതെങ്കിലും അപൂർവം സുന്ദരം... 10

**എസ് അനിത**

നമ്മുടെ വീട്ടുവളപ്പിൽ തന്നെ നട്ടുപിടിപ്പിക്കാവുന്ന ഒരുപിടി മരങ്ങൾ ഉണ്ട്. ഏതു കാലവസ്ഥയെയും അതിജീവിക്കാൻ കഴിയുന്ന നാടൻമരങ്ങൾ. അവയെ നമുക്കൊന്നു പരിചയപ്പെടാം.



## 26 പടംവരക്കാരൻ

**എം ആർ രേണുകുമാർ**



പടംവര മത്സരമുള്ള ദിവസങ്ങളിലൊന്നും കുഞ്ഞൂന് ഉറക്കം വരാറില്ല. വരയുടെ ലോകത്ത് പറന്നു നടക്കുകയായിരിക്കും ആ കുഞ്ഞുമനസ്സ്. മനോഹരമായ ഈ നീണ്ടകഥ വായിക്കൂ....

**മുൻമൊഴി** ....4
സുഗതകുമാരി
**ആനക്കാര്യം**....5
എൻ ടി രാജീവ്
**പ്രതിജ്ഞകളല്ല വേണ്ടത് കുഞ്ഞുമാറ്റങ്ങൾ**....6
ജി ആർ ഇന്ദുഗോപൻ
**കവിതാപരിചയം**....16
**സ്കൂൾ ഡെയ്സ്**....17
എൻ ടി രാജീവ്
**വിഭജന വഴികളിലെ എഴുത്തുകൾ** ....18
വിനു എ
**താങ്ങ്**....21
മനോജ് മണിയൂർ
**സിനിമാപരിചയം** ....22
സഫിയ ഒ സി
**മഴവില്ല്**....25
ഹരിദാസ് സാരംഗി
**വായന**....33
കെ കെ പല്ലശ്ശന
**ഒരു പശ്ചാത്താപത്തിന്റെ കഥ**....34
ജി കമലമ്മ
**കുട്ടിപാചകം**....37
സുമ ശിവദാസ്
**കടപയാദി**....38
പള്ളിയറ ശ്രീധരൻ
**കാടിറങ്ങിയ കൊമ്പന്മാർ**....40
സാബു മഞ്ഞളി
**ക്ലാസ്ടീച്ചർ**....43
രാജഗോപാലൻ നാട്ടുകൽ
**പക്ഷിപുരാണം**....44
എൻ എ നസീർ
**എന്റെ വിദ്യാലയം**....46
അപർണാവിനോദ്
**മഹാഭാരതം**....50
സുഗതകുമാരി
**ഇളംതളിര്**....52

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**കവിത ഭാമ**

ആർട്ട് & ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

കവർ
**സുധീർ പി വൈ**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: ബോബി എം പ്രഭ

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

2018 ഒരു നല്ല വർഷമായിരിക്കട്ടെ എന്നു നമുക്കാശിക്കാം. സന്തോഷവും സമാധാനവുമുള്ള ഒരു വർഷം. നമ്മുടെ വീടിനും കുടുംബത്തിനും മാത്രമല്ല നമ്മുടെ നാടിനും രാഷ്ട്രത്തിനും എല്ലാവരുടെയും അമ്മയായ ഭൂമിക്കും സമാധാനമുണ്ടാകട്ടെ.

അതിനുവേണ്ടി, ഈ ഭൂമിയിൽ സമാധാനവും സന്തോഷവും വർധിക്കാൻ വേണ്ടി എന്താണ് നമുക്കു ചെയ്യാൻ സാധിക്കുന്നത്?

എന്താണ് നമുക്ക് ജന്മം നൽകിയ ഈ ഭൂമിക്കും ഇവിടുത്തെ ജനതയ്ക്കും നാം പകരം നൽകേണ്ടത്? വലിയ ആളുകൾ പറയുന്നത് സ്നേഹം എന്നാണ്. സ്നേഹമെന്നതിനേക്കാൾ വലിയ ഒരു സമാധാനം ആർക്കും നൽകാനില്ല. സ്നേഹം എന്നാൽ ശ്രദ്ധ എന്നാണർഥം. നിങ്ങൾക്ക് വേണ്ടപ്പെട്ടവരോടും ചുറ്റുമുള്ളവരോടും


സ്നേഹത്തോടെ പെരുമാറുക. അവരുടെ വിഷമങ്ങൾ അറിഞ്ഞ് സഹായിക്കുക. സ്വന്തം കാര്യത്തിൽ മാത്രമല്ല, മറ്റുള്ളവരിലും ശ്രദ്ധയുണ്ടെങ്കിൽ മാത്രമേ ഒരാൾ ദുഃഖിതനാണോ അല്ലയോ എന്ന് നമുക്കു മനസ്സിലാവുകയുള്ളൂ. ദുഃഖിതനാണെങ്കിൽ ആ ദുഃഖത്തിനു കാരണം എന്താണെന്ന് അന്വേഷിക്കാനും ആ ആളെ സമാധാനിപ്പിക്കാനും നമുക്കു കഴിയണം. നിങ്ങൾ കുട്ടികൾക്കെന്തു ചെയ്യാൻ സാധിക്കുമെന്നു സംശയിച്ചിട്ടു കാര്യമില്ല. ഒരു നല്ല വാക്കിന്, സ്നേഹത്തോടെയുള്ള ഒരു സ്പർശനത്തിന് ഏറെവിലയുണ്ട്. വിഷമം സഹിക്കുന്നയാൾ സ്വന്തം പെറ്റമ്മയാണെന്നിരിക്കട്ടെ. കാര്യമെന്തെന്ന് കുട്ടിക്ക് അറിഞ്ഞുകൂടാ. ‘‘എന്താണമ്മേ സങ്കടപ്പെടുന്നത്?’’ എന്നു ചോദിക്കാമല്ലോ.

അമ്മ കാരണം പറഞ്ഞില്ലെങ്കിലും സാരമില്ല, അമ്മയെ കെട്ടിപ്പിടിച്ച് ‘‘ഞാൻ അമ്മയുടെ കൂടെയുണ്ട്’’ എന്ന് ആശ്വസിപ്പിക്കാൻ സാധിക്കില്ലേ? ചില നിമിഷങ്ങളിൽ അത്രയും മതിയാകും ഒരു ജീവിതത്തിൽ വീണ്ടും വെളിച്ചം വിടരുവാൻ.

മുഖംവാടി ക്ലാസിലിരിക്കുന്ന ഒരു സഹപാഠി, വഴിയിൽ വീണുകിടക്കുന്ന ഒരു കിളിക്കുഞ്ഞ്, കല്ലേറേറ്റ് ചോരയൊലിക്കുന്ന ഒരു നായ്, വിശപ്പകറ്റാൻ കൈനീട്ടുന്ന ഒരു വൃദ്ധ, അയൽപ്പക്കത്തെ ഒറ്റപ്പെട്ടുപോയ അപ്പൂപ്പൻ, രോഗിയായ അയൽക്കാരി, നടക്കാനാവാത്ത ഒരു കുട്ടി, നിങ്ങൾക്ക് സഹായവും സ്നേഹവും നൽകാൻ എത്രയെത്ര ഇടങ്ങളുണ്ട്. ആ കൊച്ചു കൈകൾക്ക് പലരുടെയും കണ്ണീർ തുടയ്ക്കാൻ സാധിക്കും. ഇത്തവണ നാം പുതിയൊരു വർഷത്തിലേക്കു പ്രവേശിക്കുന്നത് ഇങ്ങനെയൊരു നിശ്ചയവുമായിട്ടാവരുതോ?

തളിര് വായനക്കാരായ എല്ലാ കൊച്ചുകൂട്ടുകാർക്കും സന്തോഷപ്രദമായ ഒരു പുതുവർഷം നേർന്നുകൊണ്ട്

സ്നേഹത്തോടെ,
**സുഗതകുമാരി**



# പ്രതിജ്ഞകളല്ല വേണ്ടത്, കുഞ്ഞുമാറ്റങ്ങൾ

**ജി ആർ ഇന്ദുഗോപൻ**

ഒരു നാലാം ക്ലാസ് വിദ്യാർഥിയോട് ചോദിച്ചു: ന്യൂ ഇയറിന്, കുട്ടികളോട് പറയാൻ പറ്റിയ വാക്കുകൾ എന്താണ്?

അവൻഒന്നുമാലോചിക്കാതെ പറഞ്ഞു: ഹാപ്പി ന്യൂ ഇയർ. ശരിയല്ലേ? സന്തോഷമായി ഇരിക്കുക എന്നതല്ലാതെ ഈ ലോകം കുട്ടികളിൽ എന്താണ് പ്രതീക്ഷിക്കേണ്ടത്? നിങ്ങളല്ലേ, ഈ ലോകത്തിന്റെ പുഞ്ചിരികൾ. പക്ഷേ എപ്പോഴും പുഞ്ചിരിച്ചുകൊണ്ടിരുന്നാലും ലോകത്തിന് ഇഷ്ടപ്പെടില്ല. രക്ഷിതാക്കളുടെ, ഇടയ്ക്കുള്ള വഴക്കുപറച്ചിൽ കേൾക്കുമ്പോൾ നിങ്ങൾക്കത് ബോധ്യപ്പെടുന്നുണ്ടാകും.

പഠിക്കുക മാത്രമാണ് ഉത്തരവാദിത്തമെന്ന മട്ടിലേക്ക് പുതിയകാല വിദ്യാർഥികൾ ചുരുങ്ങിപ്പോകുന്നു എന്നാണ് മുതിർന്ന ചിലരുടെ പരാതി. തങ്ങളൊക്കെ, വീട്ടുത്തരവാദിത്തങ്ങൾ നിറവേറ്റിക്കൊണ്ടു തന്നെ മിടുക്കരായി മാറിയവരാണെന്നാണ് അവർ പറയുന്നത്.

കൂടുതൽ മിടുക്കരാണ് നിങ്ങൾ. ഇത്തരം പഴികൾ പുഷ്പംപോലെ മാറ്റാം. പറ്റിയ സമയമാണിത്.

ആദ്യമായി, ജീവിതത്തെ മുഴുവൻ ഞാൻ ക്രിയാത്മകമായി (പോസിറ്റീവായി) കാണും എന്ന ഒരു പുതുവൽസര പ്രതിജ്ഞയെടുക്കാം. ശേഷം ചില 'നമ്പറുകൾ' ഇറക്കാം.

ഉദാഹരണം പറയാം. പെട്ടെന്നൊരു മഴ വരുന്നു. അമ്മ അയയിൽ നിന്ന് തുണിയെടുക്കാൻ ഓടുന്നു. 'ഒന്നോടി വാ മോനേ, മോളേ' എന്നു വിളിക്കും മുമ്പ് അമ്മയ്ക്കു മുന്നേ ഓടുക. നിങ്ങളുടെ ജാഗ്രതയ്ക്ക് അമ്മ മനസ്സ് കൊണ്ടെങ്കിലും ഒരു കൈയടി തരും. അച്ഛൻ സാധനങ്ങളുമായി വരുമ്പോൾ എടുത്തുവയ്ക്കാൻ ഒരു കൈസഹായം നൽകുക. അച്ഛൻ വണ്ടിയിൽ വരുന്ന സമയം പ്രതീക്ഷിച്ച് ചെന്ന് ഗേറ്റ് തുറന്നു കൊടുക്കുക. അമ്മ ചോറുണ്ണാൻ വിളിക്കുമ്പോൾ 'ഇപ്പോ വേണ്ടെ'ന്ന് പറയുന്ന ശീലം നിർത്തുക. ഓടിച്ചെല്ലുക.

നിങ്ങളെ പോലെ ബുദ്ധിയുള്ളവർക്ക് ഒരു പടി കൂടി



വര: സുധീർ പി വൈ

കടന്ന് ചിന്തിക്കാവുന്ന സൂത്ര ങ്ങളുമുണ്ട്. 'അമ്മേ....., അച്ഛാ... ഫാമിലിയായി ഒരുമിച്ചിരുന്ന് ആഹാരം കഴിക്കണം. എങ്കിലേ ഒരു കൂട്ടായ്മ വരൂ.' എന്നൊരു ഡയലോഗ് അടിക്കുക. ഒന്നു മില്ലെങ്കിലും ഞായറാഴ്ച തോറുമെങ്കിലും അത് സാധ്യ മാകുമെന്ന് ഉറപ്പാണ്.



'പച്ചക്കറി കഴിക്ക് കുഞ്ഞേ, തൊടിയിൽ നിന്നുള്ളതാണ്' എന്ന് അമ്മ പറയുമ്പോൾ 'എനിക്ക് വേണ്ടെന്ന് പറ ഞ്ഞില്ലേ' എന്ന് പറഞ്ഞുപ റഞ്ഞ് നമ്മൾ ബോറാക്കിയി ട്ടില്ലേ? ഒരു ദിവസം, 'അമ്മേ ഹെൽത്താണ് വലുത്. പച്ചക്ക റിയും പഴവുമാണ് ആരോഗ്യം. ആഴ്ചയിലൊരു ദിവസം വേവിക്കാത്ത സാലഡ്, ആഴ്ച യിലൊരു ഇലക്കറി നല്ലതാ യിരിക്കും' എന്നൊന്ന് അടിച്ചുനോക്കൂ. കഷ്ടപ്പെട്ടെങ്കിലും ഒന്നു രണ്ടു തവണ കഴിച്ചു നോക്കൂ. വീണുപോകില്ലേ മാതാപിതാക്കൾ!

വേറെ ചില പൊടിക്കൈ കളും ആകാം. അമ്മ ഉദ്യോ ഗസ്ഥയാണെങ്കിൽ ചെയ്യാ വുന്ന ഒന്ന്. ശനിയാഴ്ച സ്കൂൾ അവധിയല്ലേ? അമ്മ ഓഫിസിൽ നിന്ന് തളർന്നുവരുമ്പോൾ ഒരു ചായ ഉണ്ടാക്കി വയ്ക്കുക. അച്ഛനും നൽകാം. വലിയ പ്രശംസ കിട്ടും. അങ്ങനെ ചെയ്യുന്ന മിടുക്കർ നിങ്ങൾ ക്കിടയിൽ ഉണ്ടെന്ന് ഓർക്കണം.

ഹൈസ്കൂൾ ക്ലാസുകാ രാണെങ്കിൽ ഇളകിപ്പോയ ഒരു ബട്ടൻ സ്വയം തയ്ക്കാൻ പഠിക്കുക. സ്വന്തം വസ്ത്രം സൂക്ഷ്മതയോടെ ഇസ്തിരി യിടാൻ ശ്രമിക്കുക. അൽപ്പം ജാഗ്രത വേണമെന്നു മാത്രം. ഒരു മുട്ട പൊരിക്കാൻ പഠി ക്കുക. അമ്മയ്ക്കൊപ്പം ചെടി നനയ്ക്കാൻ കൂടുക. അമ്മ അത് അഭിമാനപൂർവം മറ്റുള്ള വരോടു പറയുന്നത് കേൾ ക്കാൻ ഒരു ഇമ്പമില്ലേ? ഇതു പോലെ, മറ്റുള്ളവർക്ക് സന്തോ ഷമുണ്ടാക്കുന്ന കൂടുതൽ പുതിയ 'നമ്പറുകൾ' കണ്ടു പിടിക്കുക.

ഇതിനൊപ്പം പഠനകാര്യ ങ്ങളിലും ഒന്ന് ശ്രദ്ധിച്ചാലോ? അടിപൊളിയല്ലേ! കയ്യിൽ കിട്ടുന്ന നല്ല പുസ്തകങ്ങൾ ഉള്ള നേരത്ത് വായിച്ചു ശീലി ച്ചാൽ ഭാവന കൂടും. കൂടുതൽ 'നമ്പറു'കൾ കിട്ടും. മെല്ലെ ഈ 'നമ്പറുകൾ' നമ്മൾ പോലു മറിയാതെ നന്മ നിറഞ്ഞ ശീല ങ്ങളായി മാറും.

അല്ലാതെ, ഞാൻ നാളെ മുതൽ ടിവി കാണില്ല, ക്രിക്കറ്റ് കളി നിർത്തും തുടങ്ങിയ കല്ലേ പിളർക്കുന്ന പുതുവൽ സര പ്രതിജ്ഞയൊന്നും വേണ്ട. നിങ്ങൾ കുട്ടികളല്ലേ. കുഞ്ഞുകുഞ്ഞു മാറ്റങ്ങൾ മതി.

പതിയെ കുടുംബത്തിന് പുറത്തേക്ക് പരിസരം, ഭൂമി എന്നിവയിലും ശ്രദ്ധിക്കുക. ഇതുപോലെ ഏഴെട്ടു പുതു വൽസരം കഴിയുമ്പോൾ, 'ഇതു കൊള്ളാമല്ലോ. ഇതെ ങ്ങനെ ഞാൻ ഇത്രയും നല്ലൊരു പൗരനായി'എന്നൊക്കെ തോ ന്നിപ്പോകുന്ന മാറ്റമുണ്ടാകും. നന്മ സ്വയം വളർന്ന് പുഷ്പി ക്കുന്നതാണ്.

അപ്പോൾ നമ്മുടെ നമ്പറു കൾ തുടങ്ങുകയല്ലേ?

# പറക്കും കാശ്യപ്

**ഗ്രേസി**

‘കാശ്യപ്! വേഗം ഇറങ്ങിവാ! ഇന്ന് ബസ് കിട്ടൂല്ലാട്ടോ!’’

കുളിമുറിയുടെ വാതിലിൽ തട്ടി അമ്മ വിളിക്കുമ്പോൾ അകത്ത് അവൻ മുട്ടുകുത്തി നിൽക്കുകയായിരുന്നു. ടാപ്പ് തുറക്കാൻ തുടങ്ങിയപ്പോഴാണ് അമ്മ ചുട്ടെടുക്കാറുള്ള സുന്ദരൻ വെള്ളേപ്പത്തിന്റെ വട്ടത്തിലും കനത്തിലും തറയിലൊരു കുഞ്ഞിത്തടാകം അവൻ കണ്ടത്. അവനന്നേരം അമ്മൂമ്മക്കഥയിലെ കലപ്പകൊണ്ട് യമുനാനദിയെ വലിച്ചിഴച്ച ബലരാമനായി. വലംകൈയിലെ ചൂണ്ടുവിരൽ കലപ്പയാക്കി അവൻ വെള്ളം ചാലിട്ടൊഴുക്കി ഓവിലെത്തിച്ചു. അമ്മയുടെ വിളികേട്ട് അവൻ തിടുക്കത്തിലെഴുന്നേറ്റു. ഒരു കാക്കക്കുളി കുളിച്ച് വേഗം പുറത്തിറങ്ങി.

ഒരു പ്ലേറ്റിൽ കണ്ണുമിഴിച്ച് കിടക്കുന്ന രണ്ട് ഇഡ്ഡലിയും സാമ്പാറും മേശപ്പുറത്തുവച്ച് അമ്മ പറഞ്ഞു.

‘‘വേഗം കഴിക്ക്! ഇപ്പോത്തന്നെ നേരം വൈകി!’’

കാശ്യപിന് ഇഡ്ഡലി തീരെ ഇഷ്ടമല്ല. ഇതിപ്പോ മൂന്നാമത്തെ ദിവസവും ഇഡ്ഡലി തന്നെ. അമ്മൂമ്മ ഉണ്ടായിരുന്നെങ്കിൽ കനംകുറച്ച് നെയ്യിൽ മൊരിച്ചെടുത്ത ഒന്നാന്തരം ദോശ കിട്ടിയേനെ. അമ്മൂമ്മ അപ്പൂപ്പനെയും കൂട്ടി നാട്ടിൽ പോയിട്ട് മൂന്നു ദിവസമായി. എല്ലാ മാസവും പോയി നാലു ദിവസം നിൽക്കുക പതിവാണ്. മാസത്തിലൊരിക്കലെങ്കിലും വീട് അടിച്ച് തുടച്ചില്ലെങ്കിൽ ഉറുമ്പും ചിതലും കൂടി പങ്കിട്ടെടുക്കുമെന്നാണ് അമ്മൂമ്മ പറയാറ്.

അവൻ ഇഡ്ഡലികൾക്കുമുകളിൽ ഓരോ കടുകുമണി അമർത്തിവച്ചു. വെണ്ടയ്ക്ക നടുവിൽ വച്ച് മൂക്കുണ്ടാക്കി. തക്കാളിക്കഷ്ണം കൊണ്ട് വായ് ഉണ്ടാക്കി. വറുത്തിട്ട ഒരു ചുവന്ന മുളക് പുരികമാക്കി. ഒറ്റപ്പുരികക്കാരനെ നോക്കിയങ്ങനെ ഇരിക്കുന്നതു കണ്ട് അതിലേ വന്ന അമ്മ കയ്യോങ്ങിക്കൊണ്ടു പറഞ്ഞു.

‘‘ചെക്കൻ പിന്നേം പുണിഞ്ചിത്തായ ആയല്ലോ!’’

പടം വരയ്ക്കുമ്പോൾ ദേഷ്യം വന്നാലും ഇഷ്ടം വന്നാലും അമ്മ അവനെ പുണിഞ്ചിത്തായ എന്നാണ് വിളിക്കുക. കാസർകോഡുള്ള ഒരു പടംവരക്കാരനാണ് പുണിഞ്ചിത്തായ എന്ന് അമ്മ പറഞ്ഞ് അവനറിയാം. കുട്ടികളാവുമ്പോ ഓരോ സമയത്ത് ഓരോരോ തോന്നലുകളാണേയ്! എന്നാണ് അമ്മൂമ്മ പറയുക. നാലുവയസ്സുള്ളപ്പോൾ അവൻ പാട്ടുകാരനായിരുന്നു. അതും തമിഴ് പാട്ടുകാരൻ. അപ്പോൾ അമ്മ അവനെ സുന്ദർരാജൻ എന്നാണ് വിളിച്ചിരുന്നത്. വലിയ തമിഴ്പാട്ടുകാരനായിരുന്നു സുന്ദർരാജൻ എന്ന് അപ്പൂപ്പൻ അവനു പറഞ്ഞുകൊടുത്തു. പിന്നെയാണ് അവൻ പടം വരയ്ക്കാൻ തുടങ്ങിയത്. രണ്ടു കുന്നുകൾക്കിടയിൽ അസ്തമിക്കുകയാണോ ഉദിക്കുകയാണോ എന്ന് തീർച്ചപ്പെടുത്താൻ പറ്റാത്ത സൂര്യനെയാണ് മിക്കവാറും വരയ്ക്കുക. അല്ലെങ്കിൽ പുഴയും അതിലേക്കു ചാഞ്ഞു കിട





വര: രാജീവ് എൻ ടി

ക്കുന്ന ഒരു മരവും അതുമല്ലെങ്കിൽ ഒരു ചെറിയ വീടും മുറ്റത്തെ മുളങ്കൂട്ടങ്ങളും. ചിലപ്പോൾ മരങ്ങൾ തിങ്ങിനിറഞ്ഞ കാട്. ഇതൊക്കെ കണ്ടിട്ടാണ് അമ്മ അവനെ പുണിഞ്ചിത്തായ എന്നു വിളിക്കാൻ തുടങ്ങിയത്.

വരച്ചുവരച്ച് മുഷിഞ്ഞപ്പോൾ അവൻ ഫുട്ബോൾ കളിക്കാരനായി. അപ്പോൾ അമ്മ അവനെ മാറഡോണ എന്നു വിളിക്കാൻ തുടങ്ങി. എനിക്ക് അതിനേക്കാൾ ഇഷ്ടം എന്ന് അവൻ പറഞ്ഞുതുടങ്ങിയതാണ്. പക്ഷേ അമ്മയുണ്ടോ സമ്മതിക്കുന്നു?

''പോടാ ചെറുക്കാ! നിനക്കെന്തറിയാം? കാൽപ്പന്തുകളിയിൽ കൈപ്രയോഗം വരെ നടത്തിയ ആളാ!''

വരച്ചുവരച്ച് മുഷിഞ്ഞപ്പോൾ അവൻ ഫുട്ബോൾ കളിക്കാരനായി. അപ്പോൾ അമ്മ അവനെ മാറഡോണ എന്നു വിളിക്കാൻ തുടങ്ങി. എനിക്ക് അതിനേക്കാൾ ഇഷ്ടം എന്ന് അവൻ പറഞ്ഞുതുടങ്ങിയതാണ്. പക്ഷേ അമ്മയുണ്ടോ സമ്മതിക്കുന്നു?
"പോടാ ചെറുക്കാ! നിനക്കെന്തറിയാം? കാൽപ്പന്തുകളിയിൽ കൈപ്രയോഗം വരെ നടത്തിയ ആളാ!"

ഒന്നും മനസ്സിലാവാതെ മിഴിച്ചുനിന്ന അവനെനോക്കി അമ്മ ചിരിക്കാൻ തുടങ്ങി. ചിരി തുടങ്ങിയാൽപ്പിന്നെ അമ്മയ്ക്ക് നിർത്താൻ പറ്റൂല്ലാന്നൊള്ളതാണ് ഒരു കുഴപ്പം. കണ്ണീന്ന് വെള്ളമങ്ങനെ ഒഴുകുകേം ചെയ്യും. അന്നേരം അമ്മേക്കാണാൻ ഒരു രസോമുണ്ടാവൂല്ല. പക്ഷേ പറഞ്ഞിട്ടെന്താ കാര്യം? ഏതായാലും കാല് വേദനിക്കാൻ തുടങ്ങിയതോടെ ഫുട്ബോൾ വേണ്ടാന്ന് അമ്മ പറഞ്ഞു. കുഴമ്പിട്ട് കാലുഴിഞ്ഞു തന്ന് അമ്മൂമ്മയും അതുതന്നെ പറഞ്ഞു. അപ്പൂപ്പൻ പിന്നെ ഈ വക കാര്യങ്ങളിലൊന്നും ഇടപെടുകയില്ല. ഭക്ഷണമൊക്കെ കഴിച്ച് ചാരുകസേരയിൽ കിടന്നുറങ്ങിക്കോളും. ഇങ്ങനേണ്ടോ ഒരൊറക്കം എന്ന് അമ്മൂമ്മ ഒച്ചയിടുമ്പോൾ ഞെട്ടികണ്ണു തുറന്ന് 'ഏയ്! ഞാനൊറങ്ങീല്ലല്ലോ!' എന്ന് ചുമ്മാ നുണ പറയും? വല്യോര് നൊണ പറഞ്ഞാപ്പിന്നെ കുട്ടികളെങ്ങനെ നേരുപറയും? എന്ന് അമ്മൂമ്മ പിന്നേം വഴക്കാളിയാവും. അമ്മൂമ്മേം ചിലപ്പോൾ നുണ പറയാറൊണ്ടെന്നുള്ളതാണ് സത്യം. അല്ലെങ്കിൽപ്പിന്നെ നാട്ടിലെ വീട് അമ്മൂമ്മെ കാണുമ്പോൾ 'എന്താ ശാരദാമ്മോ! എന്നെ മറന്നോ?' എന്ന് ചോദിക്കാറുണ്ടെന്ന് പറയോ? യാത്ര പറഞ്ഞിറങ്ങുമ്പോൾ, പിന്നേം 'എന്നെ ഒറ്റയ്ക്കാ അല്ലേ?' എന്നു ചോദിച്ച് സങ്കടപ്പെടുകയും ചെയ്യും എന്നാ അമ്മൂമ്മ പറയാറ്. 'കാശ്യപിന്റെ അച്ഛന് മാറ്റം കിട്ടിയതോണ്ടല്ലേ? അവൻ മടങ്ങി വന്നാല് ആ നിമിഷം ഞങ്ങളിങ്ങെത്തൂല്ലേ?' എന്ന് വീടിന്റെ ഉമ്മറത്തെ മരത്തൂണിന് ഒരു പുന്നാരപ്പിച്ചും കൊടുത്തിട്ടാണ് അമ്മൂമ്മ തിരികെപ്പോരുന്നത്. അതൊക്കെ കേട്ട് ഫ്ളാറ്റിന്റെ ചുവരിൽ ചെവി ചേർത്തുവച്ച് 'ഒന്നും പറയാനില്ലേ?' എന്ന് അവൻ ചോദിച്ച് തുടങ്ങിയപ്പോഴാണ് അമ്മ അവനെ റൂൾഫോ എന്നു വിളിക്കാൻ തുടങ്ങിയത്. അതാരപ്പാ എന്ന് സംശയിച്ചപ്പോൾ എങ്ങാണ്ടോ ഉള്ള ഒരു വലിയ കഥയെഴുത്തുകാരനാണെന്നും അങ്ങേരുടെ ഒരു കഥയിൽ ചുവരുകൾ സംസാരിക്കുന്നുണ്ടെന്നും അമ്മ പറഞ്ഞുതന്നു.

മേശപ്പുറത്ത് ഒരു വലിയ ഉറുമ്പും പിന്നാലെ ഒരു ചെറിയ ഉറുമ്പും പ്രത്യക്ഷപ്പെട്ടു. ഇവർ, അമ്മൂമ്മ മുമ്പൊരിക്കൽ പറഞ്ഞുതന്ന കഥയിലെ ചേട്ടനുറുമ്പും അനിയനുറുമ്പുമാണെന്ന് അവൻ ഉറപ്പിച്ചു. അവൻ ഇഡ്ഡലിയുടെ ഒരു തുണ്ടുപൊടിച്ച് മുമ്പിലിട്ടു കൊടുത്തു. ആദ്യം അവർ പേടിച്ച് പരക്കം പാഞ്ഞെങ്കിലും പിന്നെവന്ന് ഇഡ്ഡലിക്കഷണത്തിൽ പിടികൂടി. ഒരാൾ ഒരുവശത്തേക്കും മറ്റേയാൾ മറുവശത്തേക്കും വലിക്കുന്നതുകണ്ട് ഇവരെന്തു മണ്ടന്മാരാ! എന്നു പറഞ്ഞവൻ പൊട്ടിച്ചിരിച്ചു. അതുകേട്ട് അമ്മ പാഞ്ഞുവന്ന് ഒച്ചവച്ചു.

''നീ ഇതുവരേം കഴിച്ചു തീർന്നില്ല അല്ലേ? ഇന്ന് ബസ്സ് കിട്ടണോങ്കില് നീ പറക്കുംസിങ്ങാവണം.''

ഒരു ഇഡ്ഡലിപ്പാതി വായിലേക്കു തള്ളി, രണ്ടു ചവച്ച് വെള്ളം കുടിച്ചപ്പോൾ അമ്മ പിന്നേം ദേഷ്യപ്പെട്ടു.

''വെറുതെയല്ല നീയിങ്ങനെ നാരുപോലെയിരിക്കണത്? മനുഷ്യര് ഭക്ഷണം ചവച്ചരച്ച് തിന്നണ്ടേ?''

ബാക്കി ഒന്നര ഇഡ്ഡലി എങ്ങനെയോ അകത്താക്കി യൂണിഫോമും ഇട്ട് ബാഗും മുതുകത്തേറ്റിയപ്പോഴേക്ക് നേരം തെറ്റി എന്ന് അവനു ബോധ്യമായി.

പുറത്തെത്തിയപ്പോഴുണ്ട് സ്കൂൾബസ് വന്ന് ഫ്ളാറ്റിന്റെ മുന്നിലുള്ള സ്റ്റോപ്പിൽ നിൽക്കുന്നു! കുട്ടികൾ വരിവരിയായി ബസ്സിലേക്കു കയറുന്നു!

കാശ്യപ് അപ്പോൾ ഒളിമ്പിക്സിൽ ഓടി ഓട്ട്മെഡൽ മേടിച്ച പറക്കും സിങ്ങായി.

# ചെറുതെങ്കിലും അപൂർവം സുന്ദരം...

എസ് അനിത





**നമ്മുടെ വീട്ടുവളപ്പിൽ തന്നെ നട്ടുപിടിപ്പിക്കാവുന്ന ഒരുപിടി മരങ്ങൾ ഉണ്ട്. ഏതു കാലവസ്ഥയെയും അതിജീവിക്കാൻ കഴിയുന്ന നാടൻമരങ്ങൾ. മരങ്ങൾ മാത്രമല്ല, മനോഹരങ്ങളായ ചെറിയ ചെറിയ ചെടികളും ഇക്കൂട്ടത്തിലുണ്ട്. മാറിവരുന്ന കാലാവസ്ഥാവ്യതിയാനത്തിന് അനുസൃതമായ അത്തരത്തിലുള്ള ഏതാനും ചെടികളെ നമുക്ക് പരിചയപ്പെടാം.**

ആദിത്യനും ലക്ഷ്മിയും മീനുവും അമ്മുവും നഗരത്തിൽ താമസിക്കുന്ന അമ്മൂമ്മയുടെ അറുപതു വർഷം തികഞ്ഞ വീട്ടിൽ ഒത്തുകൂടുവാൻ തീരുമാനിച്ചു. രണ്ടു ദിവസത്തെ അവധി കിട്ടിയപ്പോഴാണ് മീനുവിന്റെ ഈ ഒത്തുകൂടൽപ്ലാൻ പുറത്തുവന്നത്. പക്ഷേ പാച്ചുവിന് സ്കൂളിലെ പരിസ്ഥിതിക്ലബ്ബിനു വേണ്ടി ചെയ്യേണ്ട പ്രോജക്ടിനെക്കുറിച്ചു വേവലാതിയായി. 'പൂക്കുന്ന ചെടികൾ' എന്നാണ് പ്രോജക്ടിന്റെ പേര്. നമ്മുടെ വീടിനു ചുറ്റും നടുവാൻ കഴിയുന്ന പൂക്കുന്ന ചെടികളെക്കുറിച്ച് ചിത്രങ്ങളോടുകൂടിയ ഒരു റിപ്പോർട്ട് തയ്യാറാക്കണം.

അമ്മുവും ലക്ഷ്മിയും ആദിത്യനും പാച്ചുവിന് ഉറപ്പുനൽകി. അമ്മൂമ്മയുടെ വീട്ടിനു ചുറ്റും വർഷങ്ങളായി വളർന്നുനിൽക്കുന്ന ചെടികളെ മാത്രം നിരീക്ഷിച്ച് ചിത്രങ്ങളെടുത്ത് ഒറ്റ ദിവസം കൊണ്ട് റിപ്പോർട്ട് തയ്യാറാക്കി കൊടുക്കാമെന്ന്. ഇവരുടെ ഉറപ്പിന്മേൽ ഏറ്റവും ഇളയവനായ പാച്ചു കൂട്ടത്തിൽ കൂടാൻ ഉഷാറോടെ തയ്യാറായി.

നഗരത്തിനു നടുവിലാണ് അമ്മൂമ്മയുടെ വീട്. വീടിനുചുറ്റും മനോഹരമായ പറമ്പ്. അവിടെ ധാരാളം ചെടികളും മരങ്ങളും. നല്ല തണുപ്പും ഹരിതാഭയും നിരന്തരമുള്ള ഒരു പച്ചത്തുരുത്താണ് ഈ വീട്. അധികം കിളച്ച് വൃത്തിയാക്കാത്തതുകൊണ്ടും കരിയിലകൾവീണു കിടക്കുന്നതുകൊണ്ടും പല തരം ജീവികൾ ഇവിടെ അഭയം തേടാറുണ്ട്. അമ്മു സ്കൂൾ പ്രോജക്ടിന്റെ സമയത്ത് 'നഗരത്തിലെ ജൈവവൈവിധ്യം' എന്ന പേരിൽ ഈ തൊടിയിലെ ഇരുപത്തിയഞ്ച് വിവിധയിനം മരങ്ങൾ, പത്തു ചെടികൾ, ഇരുപത് ചെറിയ ചെടികൾ എന്നിവയെക്കുറിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

അത്ഭുതകരമായ പുതിയ എന്തെങ്കിലും കാഴ്ച കാണാതെയോ മനസ്സിലാക്കാതെയോ നഗരസങ്കേതത്തിൽ നിന്നും ഈ കൂട്ടുകാർക്ക് പോകാൻ കഴിയുമായിരുന്നില്ല. കഴിഞ്ഞ പ്രാവശ്യം ദേശാടനക്കിളികളായ കാട്ടുവാലുകുലുക്കിയെയും കുറികണ്ണൻ കാട്ടുപുള്ളിനെയും മതിവരുവോളം നിരീക്ഷിക്കുവാൻ ആദിത്യനും പാച്ചുവിനും കഴിഞ്ഞു. കുരുത്തോല വാലൻ എന്ന് അമ്മൂമ്മ വിളിക്കുന്ന നാഗമോഹന്റെ തൂവെള്ള വാലിന്റെ അറ്റം മാവിൻ കൊമ്പിനിടയിൽ കുരുങ്ങുമോയെന്ന് അമ്മു ഭയന്നു. മണ്ണിൽ കുഴിയുണ്ടാക്കി മുട്ടയിടുന്ന ഓന്തിനെ വളരെയടുത്തു കാണുവാൻ മീനുവിനും ലക്ഷ്മിക്കും കഴിഞ്ഞതും ഈ നഗര ആരണ്യസങ്കേതത്തിലാണ്. മാവിന്റെ കൊമ്പിൽ വളരുന്ന ഇത്തിൾ കണ്ണിയുടെ പൂക്കൾക്കിടയിൽ 'ടിക്ക് ടിക്ക്' ശബ്ദമുണ്ടാക്കി ഇത്തിക്കണ്ണിക്കുരുവിയെ (Flowerpecker) പരിചയപ്പെട്ടതും അമ്മൂമ്മയുടെ ഈ വീട്ടുവളപ്പിൽ വച്ചാണ്. കൃത്യസമയത്ത് പറമ്പിലൂടെ കടന്നു പോകുന്ന കൃഷ്ണശലഭം എന്ന Blue Mormon ചിത്രശലഭത്തെ അമ്മൂമ്മ ഇവർക്ക് ആവേശത്തോടെ കാണിച്ചു കൊടുക്കാറുണ്ട്.


ഫോട്ടോ: Lip Kee Yap

ഇത്തിക്കണ്ണിക്കുരുവി

ഈ സന്ദർശനത്തിന്റെ ഭാഗമായി പാച്ചുവിന്റെ ചെടികളെക്കുറിച്ചുള്ള റിപ്പോർട്ടുകൂടി തയ്യാറാക്കണമെന്ന് അറിഞ്ഞതോടെ അമ്മൂമ്മയ്ക്ക് വളരെ സന്തോഷമായി. ഗേറ്റിനു തൊട്ടടുത്തായി വളർന്നുനിൽക്കുന്ന ഉയരം കൂടിയ പാരിജാതത്തിൽ നിന്നുതന്നെ പഠനം തുടങ്ങാമെന്നായി പൊതുതീരുമാനം. നീണ്ട പൂക്കളിൽ തങ്ങി കളിക്കുന്ന 6 തരം ചിത്രശലഭങ്ങളെയും അനേകം തേനീച്ചകളെയും പാച്ചു കണ്ടെത്തി. അമേരിക്കക്കാരനായ പാരിജാതം എങ്ങനെയാണ് നമ്മുടെ നാടിന്റെ സംസ്കാര


ഫോട്ടോ: വിക്കിപീഡിയ

നാഗമോഹൻ


ഫോട്ടോ: Lakshmi Narayanan K

കൃഷ്ണശലഭം

ത്തിന്റെ ഭാഗമായതെന്നതിൽ അമ്മുവും ലക്ഷ്മിയും അത്ഭുതപ്പെട്ടു. കമ്പുകൾ മുറിച്ചെടുത്ത് വളരെ വേഗത്തിൽ മുളപ്പിച്ചെടുക്കുവാൻ കഴിയുന്ന പാരിജാതം വിറകിനും ഇടതൂർന്ന ജൈവവേലികൾക്കും ഉചിതമാണ്.

പാരിജാതത്തിന്റെ തൊട്ടടുത്ത് മതിലിനോടു ചേർന്നു വളർന്നുനിൽക്കുന്ന അശോകത്തിന്റെ തടിയിൽ വിരിയുന്ന ചുവന്ന പൂക്കളുടെ ഭംഗി മീനുവിനെ വളരെ ആകർഷിച്ചു. സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന് ഇതിന്റെ പൂക്കളും തൊലിയും ഉത്തമമാണെന്ന് അമ്മൂമ്മ വിവരിച്ചു. രാവണന്റെ തോട്ടത്തിൽ സീതാദേവി വിരഹവേദനയിൽ ഇരുന്നത് അശോകത്തിന്റെ കീഴിലല്ലെന്നും ശിംശിപവൃക്ഷത്തിന്റെ ചുവട്ടിലാണെന്നും ലക്ഷ്മി കണ്ടെത്തി.

ഹൃദയത്തിന്റെ ആകൃതിയിൽ നേർത്ത പച്ചനിറത്തിലുള്ള വലിയ ഇലകളോടുകൂടിയ മന്ദാരത്തിൽ നിറയെ പൂക്കളുണ്ടായിരുന്നു. വലിയ കരിവണ്ടുകൾ പൂക്കളിൽ വന്നിരിക്കുമ്പോൾ ഈ ചെടിയുടെ ബലം കുറഞ്ഞ ശാഖകൾ വളഞ്ഞുപോകും. വെള്ള മന്ദാരത്തിനൊപ്പം ഉയരം കൂടിയ മറ്റൊരു ചെടിയിൽ ചെറിയ ഇലകളും വിരിയാത്ത മഞ്ഞ പൂക്കളുമുള്ള മഞ്ഞ



ഫോട്ടോ: . Vinayaraj

**പാരിജാതം**
(Citharexylum spinosum) Fiddlewood

അമേരിക്കയിലെ ഉഷ്ണമേഖല പ്രദേശങ്ങളിലെ അന്തേവാസിയായ ഈ ചെടി ചൂടേറിയ എല്ലാ പ്രദേശങ്ങളിലും വളരുന്നു. വിറകിനും വേലിക്കുംവേണ്ടി വളർത്താവുന്ന ഈ ചെടിയിൽ നിറയെ പൂങ്കുലകളുണ്ടാവും. ഇവയുടെ നേർത്ത സുഗന്ധം തേനീച്ചകൾ, ചിത്രശലഭങ്ങൾ എന്നിവയെ ആകർഷിക്കും.



**വാടാമുല്ല**
(Gomphrena globosa globe amaranth)

മധ്യ അമേരിക്ക, ബ്രസീൽ എന്നിവിടങ്ങളിൽ ഉത്ഭവിച്ച് ലോകത്തിന്റെ എല്ലാ ഭാഗത്തും വളർത്തപ്പെടുന്ന ചെറിയ സസ്യം. എപ്പോഴും പൂക്കുന്ന ഈ ചെടിക്ക് അന്തരീക്ഷത്തിൽ നിന്നും കാർബൺ ആഗിരണം ചെയ്യുവാൻ കഴിവുണ്ട്. ചിത്രശലഭങ്ങൾക്ക് ഏറെ പ്രിയം.



ഫോട്ടോ: J.M.Garg

**അശോകം**
(Saraca Asoca) Ashokam

ഏഷ്യയിലെ ഉഷ്ണമേഖലാ പ്രദേശങ്ങൾ പ്രത്യേകിച്ച് ശ്രീലങ്ക, പശ്ചിമഘട്ടം എന്നിവിടങ്ങളിൽ സുലഭമായി വളരുന്ന ഔഷധമൂല്യമുള്ള ചെടി (ചെറിയമരം).



**മന്ദാരം**

(Bauhinia species orchid tree)

തെക്ക് കിഴക്കൻ ഏഷ്യയുടെ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ വളരുന്ന 500 ൽ പരം വിവിധ ജാതികളിൽപ്പെട്ട പൂക്കുന്ന ചെടി. തൂവെള്ള, മഞ്ഞ, വയലറ്റ് (ദേവമന്ദാരം)എന്നീ നിറങ്ങളിൽ കാണപ്പെടുന്നു.





**നന്ത്യാർവട്ടം**

(tabernaemontana divaricata) Crape Jasmine

ഉഷ്ണമേഖലാ പ്രദേശങ്ങൾ ഇന്ത്യ, തെക്ക് കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിൽ വളരുന്ന നിത്യഹരിത സസ്യം. അടുക്കും ഒറ്റയായ ഇതളോടു കൂടിയ പുഷ്പങ്ങൾ നിറഞ്ഞ ചെടി. പരമ്പരാഗത നേത്ര ചികിത്സയിൽ പ്രധാനമാണീ ചെടിയുടെ പൂക്കൾ.

മന്ദാരവും ഇവിടെ കണ്ടു. വെള്ള മന്ദാരത്തിന്റെ ഇലകൾ കൂട്ടിതുന്നി കൂടുണ്ടാക്കുന്ന തുന്നാരൻ പക്ഷിയുടെ കഥ അമ്മയിൽ നിന്നും പാച്ചു മുമ്പേ കേട്ടിരുന്നു.

മന്ദാരത്തിന്റെ ചുവട്ടിൽ നല്ല വെയിൽ ലഭിക്കുന്ന മുറ്റത്ത് വിത്തുകൾ ശേഖരിച്ച് അമ്മൂമ്മ വളർത്തിയെടുത്ത വാടാമുല്ല എന്ന ചെറിയ ചെടിയുടെ വയലറ്റ് പൂക്കൾ പൊഴിഞ്ഞ് ഒരു പരവതാനിയുണ്ടാക്കിയിരുന്നു. ചിത്രശലഭങ്ങൾക്ക് വളരെയിഷ്ടമുള്ള ഇതിന്റെ പൂക്കൾ വർഷം മുഴുവനും അധികം ശ്രദ്ധയൊന്നും കിട്ടാതെ തന്നെ ചെടി നിറയെ ഉണ്ടാകും. ഈ ചെടിയുടെ നാട് മധ്യ അമേരിക്കയാണെന്നും അന്തരീക്ഷത്തിലെ കാർബണിന്റെ ആഗീരണം ചെയ്യുവാൻ ഈ ചെറിയ സസ്യത്തിന് കഴിയുമെന്നും അത്ഭുതത്തോടെ അമ്മൂമ്മ കുട്ടികൾക്ക് വിവരിച്ചു കൊടുത്തു.

പറമ്പിന്റെ അറ്റത്ത് മതിലിനോടു ചേർന്നു നിൽക്കുന്ന ഉയരംകൂടിയ ചെടിയുടെ പൂക്കൾ കാണണമെങ്കിൽ എന്നും രാവിലെ പുറത്ത് റോഡിൽ പോകണമെന്നും ആദിത്യൻ കണ്ടെത്തി. ഓറഞ്ച് ഞെട്ടോടുകൂടിയ നേർത്ത സുഗന്ധമുള്ള പവിഴമല്ലി ചെടിയാണിത്. കൊമ്പുകൾ മുറിച്ച് നല്ല ഈർപ്പമുള്ള മണ്ണിൽ നടുകയാണെങ്കിൽ പുതിയ നാമ്പുകൾ വേഗം മുളച്ചു വരുമെന്ന് അമ്മൂമ്മയുടെ



**പവിഴമല്ലി**

(Nyctanthes arbor-tristis coral Jasmine)

തെക്ക് കിഴക്കൻ ഏഷ്യയിൽ കണ്ടുവരുന്ന പൂക്കുന്ന സസ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ് പവിഴമല്ലി. രാത്രി പൂക്കുന്ന ഇവയുടെ താഴെ പൂക്കൾ ഉതിർന്നു കിടക്കുന്നതു കാണാം.

സുഹൃത്തായ ആന്റി പറഞ്ഞതു പ്രകാരം ആദിത്യൻ കമ്പുകൾ മുളപ്പിക്കുവാനുള്ള ശ്രമം തുടങ്ങി.

അമ്മൂമ്മയുടെ വീടിന്റെ ഏറ്റവും രസകരമായ ഭാഗം തുറന്നൊരു വരാന്തയാണ്. അവിടെയിരുന്നാൽ മുറ്റത്തു നിൽക്കുന്ന കടുംപച്ച ഇലകളുള്ള അടുക്ക് നന്ത്യാർവട്ടം കാണാം. ഇലകളുടെ പച്ചനിറവും പൂക്കളുടെ തൂവെള്ളയും ചേരുമ്പോൾ നല്ല ഭംഗിയാണ്. ഒറ്റയിതളോടുകൂടിയ നന്ത്യാർവട്ടവും അമ്മൂമ്മയുടെ തോട്ടത്തിലുണ്ട്. അമ്മൂമ്മയ്ക്ക് ഇടയ്ക്കിടയ്ക്ക് വരാറുള്ള കണ്ണുദീനത്തിന് ഇതിന്റെ പൂക്കൾ വെള്ളത്തിലിട്ട് കണ്ണു കഴുകുന്നത് നല്ലതാണത്രെ!

ഗേറ്റിനോടു ചേർന്ന് നിറയെ സൂര്യപ്രകാശം കിട്ടുന്നയിടത്ത് കടുത്ത നിത്യഹരിത ഇലചാർത്തോടുകൂടി വളർന്നുനിൽക്കുന്ന ഉറച്ച തടിയോടുകൂടിയ ഒരു ചെടി കാണാം. ഇതിന്റെ വെളുത്ത പൂക്കളുടെ സുഗന്ധം അവിടമാകെ പരക്കാറുണ്ട്. ഗന്ധരാജൻ എന്ന പേര് ഈ ചെടിക്ക് ചേരുമെങ്കിലും നിർമലമായ ഒരു സ്ത്രൈണതയിതിനുണ്ട്. നട്ടുപിടിപ്പിച്ചെടുക്കുവാൻ വലിയ പ്രയാസമായതുകൊണ്ട് അമ്മൂമ്മ ഈ ചെടിയെ പരിപാലിക്കുന്നതിൽ പ്രത്യേക ശ്രദ്ധ കാണിക്കാറുണ്ട്.

ഗന്ധരാജന്റെയടുത്ത് തന്നെ തോട്ടത്തിൽ പ്രഥമസ്ഥാനം ലഭിച്ചുകൊണ്ട് നിൽക്കുന്ന ചുവന്ന ചെമ്പരത്തിയുണ്ട്. ആഗോളതലത്തിൽ പടർന്നു വളരുന്ന ചെമ്പരത്തിയുടെ വിവിധ ആകൃതികളെക്കുറിച്ചു വിവരിക്കുവാൻ അമ്മൂമ്മയ്ക്ക് ഏറെയിഷ്ടമാണ്. മുളക് ചെമ്പരത്തി, അടുക്ക് മഞ്ഞയും വെള്ളയും പൂക്കളുള്ളവ, വയലറ്റ് പൂക്കളുള്ളവ ഇങ്ങനെപോകുന്നു അത്.



ഫോട്ടോ: KENPEI

**ഗന്ധരാജൻ**
(gardenia jasminoides cape jasmine)

ഏഷ്യയിൽ വളരുന്ന സുഗന്ധം നിറഞ്ഞ വെളുത്ത പൂക്കൾ വിരിയുന്ന നിത്യഹരിത ചെടി.

വീടിന്റെ അടുക്കളഭാഗത്തിന് പുറത്തുള്ള പറമ്പിൽ വളരുന്ന മഞ്ഞ രാജമല്ലി ചെടിയുടെ പൂക്കളും പച്ച ഇലകളും ചേർന്നുകൊണ്ട് സൃഷ്ടിക്കുന്ന വർണാഭ ഊണുമുറിയിലിരുന്ന് കാണാവുന്നതാണ്. പൂക്കാലം കഴിഞ്ഞ് നിറയെ വിത്തുകൾ വരുന്നതോടെ പച്ചതത്തകളുടെ ദേശീയസമ്മേളനം ഈ ചെടിയിൽ സംഘടിപ്പിക്കപ്പെടുമെന്ന് തമാശക്കാരിയായ അമ്മു പറയാറുണ്ട്. അമേരിക്കയിലെ ഉഷ്ണമേഖലാ പ്രദേശങ്ങളിലെ അന്തേവാസിയായ രാജമല്ലി ചെടിയുടെ ചുവന്ന പൂക്കളോടുകൂടിയ ഇനവും അടുക്കളമുറ്റത്തുണ്ട്. വിത്തു



**ചെമ്പരത്തി**
(hibiscus sp shoe flower)

ചൂടേറിയ ഉഷ്ണമേഖല പ്രദേശങ്ങളിൽ ഉത്ഭവിച്ച് പല രാജ്യങ്ങളിലെയും ദേശീയ പുഷ്പമായി മാറിയ ചെടി. പക്ഷികൾ, പൂമ്പാറ്റകൾ, തേനീച്ചകൾ എന്നിവയ്ക്ക് പ്രിയം.

## കൃഷ്ണകിരീടം
(Clerodendrum paniculatum red pagoda tree)

ലങ്കയിൽ നിന്നും ഉത്ഭവിച്ച് ഉഷ്ണമേഖലാ പ്രദേശങ്ങളിലെ തോട്ടങ്ങളിൽ പടർന്നു ഭംഗിയേറിയ പൂക്കളുള്ള ചെടി. ചിത്രശലഭ ഉദ്യാനത്തിന്റെ അവിഭാജ്യഘടകമാണീ പൂക്കൾ നിറഞ്ഞ ചെടി.



ഫോട്ടോ: Shivsharan Trasi



## രാജമല്ലി
(Caesalpinia pulcherrima peacock flower)

അമേരിക്കയിലെ ഉഷ്ണമേഖലാ പ്രദേശങ്ങളിലെ അന്തേവാസിയെങ്കിലും ഇന്ന് ലോകമെമ്പാടും പൂവിനുവേണ്ടി വളർത്തപ്പെടുന്നു. മഞ്ഞ, ചുവപ്പ് എന്നീ നിറങ്ങളിലുള്ള ആകർഷകമായ പൂക്കളോടുകൂടിയ ചെടി.

കൾ മണ്ണിൽ വീണാൽ ഉടനെ തൈകൾ മുളയ്ക്കുന്ന പ്രകൃതമാണീ ചെടിയുടേത്.

ശ്രീലങ്കൻ സ്വദേശിയാണ് കൃഷ്ണകിരീടം. ഇതിന്റെ ചുവന്ന പൂക്കൾ പക്ഷികളെയും ചിത്രശലഭങ്ങളെയും ആകർഷിക്കുന്നു. ഒരു കിരീടം പോലെയാണ് ഇതു വളർന്നുനിൽക്കുന്നത്.

വേരുകളിൽ നിന്നും തൈകൾ മുളയ്ക്കുന്ന ഇവ പതുക്കെ പതുക്കെ 'നടന്ന്' കൂടുതൽ സ്ഥലത്തേക്കു പടരാറുണ്ട്.

പൂക്കുന്ന പത്തു ചെടികളുടെ വിശദമായ കാഴ്ചകളും വിവരണങ്ങളും ലഭിച്ചതോടെ പാച്ചുവിന് സന്തോഷമായി. ഗന്ധരാജന്റെ പൂക്കളുടെ ചിത്രം നേരിട്ട് കിട്ടാത്തതു കാരണം കുറച്ചൊരു വിഷമം അവന്റെ മനസ്സിലുണ്ടായിരുന്നു. ആദിത്യനും അമ്മുവും ഈ ചെടികളുടെ പുതിയ തൈകളുണ്ടാക്കി കൂടുതൽ സ്ഥലത്തേക്ക് എത്തിക്കുന്നതിനെക്കുറിച്ചുള്ള ആലോചനയിലാണ്.

ലക്ഷ്മിയും മീനുവും ഈ പൂക്കളെയും കായ്കളെയും തേടിവരുന്ന പക്ഷികളെയും ഷഡ്പദങ്ങളെയും പറ്റി പഠിക്കുവാൻ തീരുമാനിച്ചു. അമ്മൂമ്മയാകട്ടെ തന്റെയീ നാഗരികസങ്കേതം ഒരു ജൈവവൈവിധ്യ പാർക്കായി പ്രഖ്യാപിക്കുമോ എന്ന് സന്തോഷത്തോടെ ചോദിക്കുന്നു.

മാറിവരുന്ന കാലാവസ്ഥയും വ്യതിയാനങ്ങളും സൃഷ്ടിക്കുന്ന കടുത്ത കാറ്റിന്റെയും മഴയുടെയും വരൾച്ചയുടെയും വെള്ളപ്പൊക്കത്തിന്റെയും ആഘാതം താങ്ങുവാൻ കഴിയാതെ വരികയാണിപ്പോൾ. പല മരങ്ങളും കടപുഴകി വീഴുകയും അപകടം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം മാറ്റങ്ങളെ താങ്ങുവാൻ കെൽപ്പുള്ള, ഉഷ്ണമേഖലാ അന്തരീക്ഷത്തിന്റെ തീവ്രത ഉൾക്കൊള്ളുവാൻ കഴിവുള്ള നാടൻമരങ്ങൾ കൂടുതൽ നടുവാൻ നാം ശ്രദ്ധിക്കണം. അതുപോലെ തന്നെ ചെറിയ ചെടികൾ, ചെറിയ മരങ്ങൾ എന്നിവയുടെ ശേഖരവും നമുക്ക് ഉണ്ടാക്കേണ്ടിയിരിക്കുന്നു. നമ്മുടെ നിരീക്ഷണങ്ങളും ശാസ്ത്രീയമായ അറിവും കോർത്തിണക്കിക്കൊണ്ട് കാലാവസ്ഥാവ്യതിയാനത്തിന് ഉചിതമായ ഹരിതവൽക്കരണത്തിനു ചേരുന്ന സസ്യങ്ങൾ നമുക്ക് കണ്ടെത്താം. ചെറിയ ചെടികളുടെ ഒരു ചെറിയ സൂചികയാണ് ഈ ഫീച്ചറിലൂടെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളത്. കൂടുതൽ ചേർക്കുമല്ലോ.

# അഹിംസ

സുഗതകുമാരി

അഹിംസ പാലിക്കുവിൻ,
ബാപ്പുജി പഠിപ്പിച്ചു

മനസ്സാൽ പ്രവൃത്തിയാൽ,
വാക്കിനാലെല്ലായ്പ്പോഴും.

ഒരു ജീവിയെപ്പോലും
നോവിക്കാതിരിക്കുവാൻ

കഴിവുണ്ടായീടട്ടേ.
മഹത്ത്വമുണ്ടാവട്ടേ.

അഹിംസ പ്രവൃത്തിയാൽ
തന്നെയല്ലല്ലോ, വാക്കാൽ


മനസ്സാലൊരാളെയും
ദ്രോഹിക്കാതിരിപ്പതാം

അങ്ങുമേ തീരുന്നീല,
സർവവും സ്നേഹത്തിനാൽ

നിങ്ങൾതൻ ഹൃദന്തത്തി-
ലണച്ചു പിടിപ്പതാം.

നല്ലവാക്കിനാൽ, സ്നേഹ
പൂർണമാം കർമ്മത്തിനാ-

ലല്ലൽ മായ്പ്പതാം- അതാം
ധന്യമാം ജന്മവ്രതം.



വര: ബൈജുരാജൻ

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# വിഭജനവഴികളിലെ എഴുത്തുകൾ

വിനു എ

ഇന്ത്യ സ്വതന്ത്രയായപ്പോൾ മറ്റൊരു കാര്യം കൂടി അതിനൊപ്പം സംഭവിച്ചിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പുണ്ടായിരുന്ന ചില പ്രദേശങ്ങൾ സ്വാതന്ത്ര്യത്തോടൊപ്പം ഇന്ത്യയിൽ നിന്നും വിഭജിക്കപ്പെട്ടു. പുതിയ രാഷ്ട്രമായി ആ പ്രദേശങ്ങൾ മാറി. പാക്കിസ്ഥാൻ, ഒരേ മനസ്സോടെ, ഒരേ ജീവിത സൗകര്യങ്ങളോടെ കഴിഞ്ഞവർ ഒരുനാൾ ഒരു അതിർത്തി രേഖയ്ക്ക് രണ്ടുവശങ്ങളിലായി മാറ്റി നിർത്തപ്പെട്ടു. കൊള്ളയും കൊലയും പടർന്ന ആ കാലത്തിന്റെ ഓർമകൾ പല സാഹിത്യകൃതികളിലും വിഷയമാക്കപ്പെട്ടു. ആ നാളുകളുടെ ഓർമകൾ സജീവമാക്കപ്പെട്ട സിന്ദഗിനാമ (ജീവിതത്തിന്റെ ആഖ്യാനം) 1979 ലാണ് പുറത്തിറങ്ങിയത്.

വിഭജനത്തിന്റെ കാലത്തും അതിനുമുമ്പും ശേഷവും മാനവികമൂല്യങ്ങളിലുണ്ടായ മാറ്റങ്ങളെ അവതരിപ്പിക്കുന്ന നോവലാണ് സിന്ദഗിനാമ. ഒരു അതിർത്തിയിലൂടെ രാജ്യങ്ങളെ വേർതിരിച്ചപ്പോൾ മനസ്സുകളിലേക്കു കൂടിയാണ് ആ മതിൽ വളർന്നുവന്നത്. സമ്പന്നന്റെയും പാവപ്പെട്ടവന്റെയും വേദനകൾ. സ്ത്രീപുരുഷബന്ധങ്ങൾ തുടങ്ങി പല കാര്യങ്ങളിലേക്കും അതു വ്യാപിച്ചിരുന്നു. ജീവിതത്തിന്റെ ആവേദനകളെയാണ് നോവൽ വരച്ചിട്ടത്. നോവലിസ്റ്റിന് പേര് കൃഷ്ണ സോബ്തി.



photo: Mukul Dube

കൃഷ്ണ സോബ്തി

53-ാമത് ജ്ഞാനപീഠപുരസ്കാരം ലഭിച്ചിരിക്കുന്നത് എഴുത്തിൽ വിസ്മയങ്ങൾ തീർത്ത കൃഷ്ണ സോബ്തിക്കാണ്.

1925 ഫെബ്രുവരി 18 ന് ഇപ്പോൾ പാക്കിസ്ഥാനിലുൾപ്പെടുന്ന ഗുജറാത് നഗരത്തിലായിരുന്നു ജനനം. ഡൽഹിയിലും ഷിംലയിലുമായി പഠനം. ലാഹോറിലെ ഫതെചന്ദ് കോളജിൽ ഉപരിപഠനത്തിനായി ചേർന്നുവെങ്കിലും വിഭജനത്തെ തുടർന്ന് ഇന്ത്യയിലേക്കു തിരിച്ചുവന്നു. രാജസ്ഥാനിലെ സിറോഹി മഹാരാജാ തേജ്സിങ്ങിന്റെ ഗവണസായും ഡൽഹി ഡിപ്പാർട്ടുമെന്റ് ഒഫ് അഡൽട്ട് എഡ്യുക്കേഷനിൽ എഡിറ്ററായും ജോലി ചെയ്തിട്ടുണ്ട്. സോബ്തിയുടെ കുടുംബാംഗങ്ങളിൽ ഭൂപ്രഭുക്കളും സർക്കാർ ജോലിക്കാരും ഉണ്ടായിരുന്നു.

## എഴുത്തിന്റെ വഴി

1950 കളിലാണ് സോബ്തി എഴുതിത്തുടങ്ങിയത്. ചെറുകഥകളിലായിരുന്നു തുടക്കം. ആദ്യത്തെ നോവൽ ദാർ സെബിച്ചൂരി ഏറെ ശ്രദ്ധിക്കപ്പെട്ടു. തുടർന്നുവന്ന മിത്രോ മർജാനി, യാരോൻ കെ യാർ, തിൻ പഹർ എന്നീ നോവലുകൾ ഹിന്ദി കഥാസാഹിത്യത്തിൽ ഒച്ചപ്പാടുകൾ തന്നെ ഉണ്ടാക്കി. കലഹങ്ങളിൽ നിന്നും സംവാ

ദങ്ങളിൽ നിന്നും അകലം പാലിച്ചു തന്റെ രചനാവഴികളിലൂടെ സഞ്ചരിക്കുകയായിരുന്നു അവർ ചെയ്തത്. സോബ്തിയുടെ മികച്ച കൃതികൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന സുരജ്മുഖി അന്ധേരെ കെ (ഇരുട്ടിലെ സൂര്യകാന്തിപ്പൂക്കൾ), ഹം ഹഷ്മത്, സിന്ദഗിനാമ എന്നീ നോവലുകൾ ഈ കാലത്താണ് എഴുതുന്നത്.

വിഭജനം തീർത്ത മുറിവുകൾ അവരുടെ രചനകളിലെല്ലാം തന്നെ കാണാം. 1900 നും 1916 നുമിടയിൽ പഞ്ചാബിൽ ബ്രിട്ടീഷ് ഭരണത്തിന്റെ കഥകൾ പറയുന്ന നോവലാണ് സിന്ദ രൂഖ്, ചെനാബ്, ഝലം നദികൾക്ക് ഇടയിലെ ഗ്രാമത്തിലെ സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും ആത്മവിശ്വാസത്തിന്റെയുമൊക്കെ വർണങ്ങളുള്ള കാഴ്ചകളാണ് നോവലിൽ കാണാനാവുക. ഒരു സാമൂഹികവിഷയം എന്ന നിലയിലാണ് ഈ നോവലിലെ കഥ നീങ്ങുന്നത്. പ്രദേശത്തിന്റെ കഥയ്ക്കുള്ളിൽ ഒതുങ്ങുമ്പോഴും അധികാരവും അത് വിതയ്ക്കുന്ന ഭീകരതയുടെ കാഴ്ചകളുമൊക്കെ സജീവമായി കടന്നുവരുന്നുണ്ട്.

## സർഗാത്മകതയുടെ തിളക്കം

ഓരോ രചന കഴിയുമ്പോഴും പുതുമ തേടുന്ന എഴുത്താണ് കൃഷ്ണ സോബ്തിയുടേത്. ഏറെ മാറ്റങ്ങളോടെ എഴുതിയ നോവലാണ് എ ലഡ്കി. രണ്ടു തലമുറകൾ തമ്മിലുള്ള സംഘർഷങ്ങളാണ് ഇതിൽ പറയുന്നത്. ആധുനികതയുടെയും പാരമ്പര്യത്തിന്റെയും അന്തർസംഘർഷങ്ങളിലൂടെയാണ് ഈ നോവൽ സഞ്ചരിക്കുന്നത്.

**ജീവിതത്തിലെന്നും പോരാട്ടത്തിന്റെ വഴികളിലായിരുന്നു അവർ. എഴുത്തിൽ മാത്രമല്ല ടെലിവിഷനിലും തീയേറ്ററിലും സ്ക്രീനിലുമൊക്കെ സോബ്തിയുടെ വരികളുടെ അടയാളങ്ങളുണ്ട്.എഴുത്തുകാർക്കെതിരെ വ്യാപകമായ പ്രതിഷേധങ്ങളും അക്രമങ്ങളും ഒരു കൂട്ടർ അഴിച്ചുവിട്ടപ്പോൾ അതിനെതിരെ ശക്തമായ പ്രതിഷേധവുമായി സോബ്തിയും മുന്നിലുണ്ടായിരുന്നു. അക്രമങ്ങളിൽ പ്രതിഷേധിച്ച് തനിക്കു ലഭിച്ച അംഗീകാരങ്ങൾ അവർ സർക്കാറിന് തിരികെ നൽകുകയുണ്ടായി.**

മരണത്തിനോട് മുഖാമുഖമായി നിൽക്കുന്ന അമ്മ, മകളുടെ ജീവിതത്തെയും തന്റെ തന്നെ ജീവിതത്തെയും നോക്കിക്കാണുകയാണ്. കർക്കശമായ ആസൂത്രണങ്ങളുടെയും നിർബന്ധങ്ങളുടെയും സ്ഥാനത്ത് പുതിയ ചർച്ചകൾ കയറിവരുന്നു.

ഭാഷാപരമായി ഏറെ ശ്രദ്ധിക്കപ്പെട്ട നോവലാണ് ദിൽ ഒ ദാനിഷ്. ഈ നോവൽ വായനക്കാരിൽ വലിയ സ്വാധീനം ഉണ്ടാക്കി. സംഭവങ്ങൾ, സംഭവങ്ങൾക്ക് ചേരുന്ന അവതരണം, കഥാപാത്രങ്ങൾ, വിവരണം, പശ്ചാത്തലം തുടങ്ങി നോവലിനെ ആകർഷണീയമാക്കുന്നതിൽ നോവലിസ്റ്റ് വളരെയധികം ശ്രദ്ധിച്ചിട്ടുണ്ട്. ആനുകാലിക ഹിന്ദി സാഹിത്യത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാനും ഈ നോവലിനായി. സാഹിത്യചരിത്രത്തിൽ നിന്നും പേര് മാറ്റിവയ്ക്കാനാവാത്തവിധം വിശാലമായ എഴുത്തിന്റെ തലമാണ് സോബ്തി കാഴ്ച വച്ചത്.

## അനുഭവം

ജീവിതത്തിലെ അനുഭവങ്ങൾ തന്നെയായിരുന്നു സോബ്തിയുടെ എഴുത്തിന്റെ കരുത്ത്. ജീവിതത്തിൽ വലിയ ദുരിതങ്ങൾ അനുഭവിക്കേണ്ടി വന്നില്ലെങ്കിലും കണ്ട ദുരിത ജീവിതങ്ങളെ അതിന്റെ സത്യമായ കാഴ്ചകളോടെ സമീപിക്കുകയാണ് സോബ്തി ചെയ്തത്. അവതരണത്തിൽ ആ കാലത്തിന്റെ നിറം പകർന്നപ്പോൾ അവരുടെ പ്രതീക്ഷകൾ സ്വപ്നങ്ങളൊക്കെയും അതിൽ നിറച്ചു. വേദനയും ദയയും ഉയർച്ചയും താഴ്ചയുമൊക്കെ അതിൽ നിറഞ്ഞു. കവിതപോലെ സുന്ദരമായ ഭാഷയിൽ അതിനെ നിറച്ചപ്പോൾ വായനയ്ക്ക് അവ മധുരമായി. അപ്പോഴും അവർ ഉയർത്തിപ്പിടിച്ച പോരാട്ടത്തിന്റെ ശക്തി ചോർന്നുപോകുന്നില്ല.

ജീവിതത്തിലെന്നും പോരാട്ടത്തിന്റെ വഴികളിലായിരുന്നു അവർ. എഴുത്തിൽ മാത്രമല്ല ടെലിവിഷനിലും തീയേറ്ററിലും സ്ക്രീനിലുമൊക്കെ സോബ്തിയുടെ വരികളുടെ അടയാളങ്ങളുണ്ട്. എഴുത്തുകാർക്കെതിരെ വ്യാപകമായ പ്രതിഷേധങ്ങളും അക്രമങ്ങളും ഒരു കൂട്ടർ അഴിച്ചുവിട്ടപ്പോൾ അതിനെതിരെ ശക്തമായ പ്രതിഷേധവുമായി സോബ്തിയും മുന്നിലുണ്ടായിരുന്നു. അക്രമങ്ങളിൽ പ്രതിഷേധിച്ച് തനിക്കു ലഭിച്ച അംഗീകാരങ്ങൾ അവർ സർക്കാറിന് തിരികെ നൽകുകയുണ്ടായി.

ഹിന്ദി, ഉറുദു, പഞ്ചാബി സംസ്കാരങ്ങളാണ് അവരുടെ എഴുത്തുകളിൽ നിറയുന്നത്. ഹിന്ദി സാഹിത്യത്തിൽ വലിയ സംഭാവന നൽകിയ കൃതികളുടെ രചയിതാവാണ് കൃഷ്ണ സോബ്തി

യെന്ന് പുരസ്കാരസമിതി വിലയിരുത്തുന്നു. മനുഷ്യരുടെ ജീവിതപ്രശ്നങ്ങളെ കൃതികളിൽ ആവിഷ്കരിക്കുവാൻ അവർക്കു സാധിച്ചു. വിഭജനകാലത്തിന്റെ ഓർമകളും വികസനത്തിനൊപ്പം മാറിയ ഇന്ത്യൻ ജീവിതവും ആവിഷ്കരിക്കുന്നതാണ് സോബ്തിയുടെ രചനകളേറെയും.

ഹിന്ദി സാഹിത്യത്തിൽ വലിയ സംഭാവന നൽകിയ കൃതികളുടെ രചയിതാവാണ് കൃഷ്ണ സോബ്തിയെന്ന് പുരസ്കാര സമിതി വിലയിരുത്തുന്നു. മനുഷ്യരുടെ ജീവിതപ്രശ്നങ്ങളെ കൃതികളിൽ ആവിഷ്കരിക്കുവാൻ അവർക്കു സാധിച്ചു. വിഭജനകാലത്തിന്റെ ഓർമകളും വികസനത്തിനൊപ്പം മാറിയ ഇന്ത്യൻ ജീവിതവും ആവിഷ്കരിക്കുന്നതാണ് സോബ്തിയുടെ രചനകളേറെയും.

ദർവാരി, മിത്രമസാനി, മനൻ കി മാൻ, പഹദ്, ഗുജറാത്ത് പാക്കിസ്ഥാൻ സേ ഗുജറാത്ത് ഹിന്ദുസ്ഥാൻ, ദിൽ ഒ ദാനിഷ്, എ ലഡ്കി തുടങ്ങിയവയാണ് സോബ്തിയുടെ മറ്റുപ്രധാന കൃതികൾ. ഇംഗ്ലീഷ്, റഷ്യൻ, സ്വീഡിഷ് ഭാഷകളിലേക്കും അവരുടെ കൃതികൾ വിവർത്തനം ചെയ്തിട്ടുണ്ട്. സിന്ദഗിനാമയ്ക്കു സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. ഹിന്ദി അക്കാദമി അവാർഡുകൾ, മൈഥിലി ശരൺ ഗുപ്ത സമ്മാൻ, കഥാചൂഡാമണി, ശിരോമണി പുരസ്കാരം, സാഹിത്യ അക്കാദമി ഫെല്ലോഷിപ്പുകൾ തുടങ്ങി അനേകം അംഗീകാരങ്ങളും ലഭിച്ചു.

## ജ്ഞാനപീഠ പുരസ്കാരം

ഇന്ത്യയിലെ ഉന്നതമായ സാഹിത്യപുരസ്കാരമാണ് ജ്ഞാനപീഠപുരസ്കാരം. ജ്ഞാനപീഠം ട്രസ്റ്റാണ് ഈ പുരസ്കാരം നൽകുന്നത്. വാഗ്ദേവിയുടെ വെങ്കല ശിൽപം, പ്രശസ്തിപത്രം, പതിനൊന്ന് ലക്ഷം രൂപ എന്നിവ അടങ്ങുന്നതാണ് പുരസ്കാരം.

സാഹുജയിൻ കുടുംബാംഗമായ ശാന്തിപ്രസാദ് ജയിനും ഭാര്യ രമാജയിനും ചേർന്ന് സംസ്കൃതം, പാലി, പ്രാകൃതഭാഷകളിലുള്ള അപ്രകാശിത രചനകൾ പ്രസിദ്ധീകരിക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ചതാണ് ഭാരതീയ ജ്ഞാനപീഠം. 1965 ൽ പുരസ്കാരം നൽകിത്തുടങ്ങി. ആദ്യത്തെ പുരസ്കാരം ലഭിച്ചത് ജി ശങ്കരക്കുറിപ്പിനായിരുന്നു.

ഹിന്ദിയിൽ നിന്നും ജ്ഞാനപീഠം പുരസ്കാരം നേടുന്ന പതിനൊന്നാമത്തെ വ്യക്തിയാണ് കൃഷ്ണ സോബ്തി. കന്നഡ(8), ബംഗാളി(6), മലയാളം(5), ഗുജറാത്തി, മറാത്തി, ഒഡിയ, ഉറുദു (4 വീതം), ആസാമീസ്, പഞ്ചാബ്, തമിഴ്, തെലുഗു (2 തവണവീതം), കാശ്മീരി, കൊങ്ങിണി, സംസ്കൃതം (ഓരോ തവണ) എന്നിങ്ങനെയാണ് ഇതുവരെ ജ്ഞാനപീഠം പുരസ്കാരം ലഭിച്ചിട്ടുള്ളത്.

## പുരസ്കാരം നേടിയ ഹിന്ദി എഴുത്തുകാർ

സുമിത്രാനന്ദൻ പന്ത് (1968), ആർ എസ് ദിനകർ (1972), സച്ചിദാനന്ദ ഹീരാനന്ദ വാത്സ്യായൻ (1978), മഹാദേവി വർമ (1982), നരേഷ് മേത്ത (1992), നിർമൽ വർമ (1990), കൻവാർ നാരായൺ (2005), അമർ കാന്ത് (2009), ശ്രിലാൽ ശുക്ല (2009), കേദാർനാഥ് സിംഗ് (2013), കൃഷ്ണ സോബ്തി (2017)

## മലയാളികൾ

ജി ശങ്കരക്കുറുപ്പ് (1965), എസ് കെ പൊറ്റക്കാട് (1980), തകഴി ശിവശങ്കരപ്പിള്ള (1984), എം ടി വാസുദേവൻനായർ (1995), ഒ എൻ വി കുറുപ്പ് (2007)

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34


കവിത

# താങ്ങ്

മനോജ് മണിയൂർ

കണ്ണു കാണുന്നില്ല
കാതുകേൾക്കുന്നില്ല
അപ്പൂപ്പനൊരു കൈത്താങ്ങുവേണം.

ഇടതുകൈ
താങ്ങുവാനച്ഛനുണ്ട്
വലതുകൈ
താങ്ങുവാനമ്മയുണ്ട്



അച്ഛനുമമ്മയു-
മില്ലാത്തനേരത്ത്
താങ്ങുവാൻ
ഊന്നു വടിയുമുണ്ട്.

അപ്പു നടക്കാൻ
പഠിച്ചുകഴിയുമ്പോൾ
താങ്ങിനായ് വേറാരും വേണ്ടയല്ലോ
താങ്ങായും തണലായും
ഊന്നുവടിയായും
പുന്നാരക്കുട്ടനുണ്ടാവുമല്ലോ.



വര: ആശ ആർ






# ബ്ലാക്ക്ബോർഡ്സ്: യുദ്ധവും ദാരിദ്ര്യവും പഠനം മുടക്കിയ ഒരു സമൂഹത്തിന്റെ കഥ

**സഫിയ ഒ സി**

2000 ൽ സമീറ മഖ്ബൽബഫ് എന്ന ഇരുപതുകാരി സംവിധാനംചെയ്ത സിനിമയാണ് ബ്ലാക്ക്ബോർഡ്സ്. മൂന്നു പ്രധാന കഥാപാത്രങ്ങൾ ഒഴിച്ചു സാധാരണക്കാരായ മനുഷ്യരാണ് ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളത്.

പഠിപ്പിക്കാൻ കുട്ടികളെ അന്വേഷിച്ചു ഗ്രാമങ്ങളായ ഗ്രാമങ്ങൾതോറും അലഞ്ഞുനടക്കുന്ന വീടുവീടാന്തരം കയറി ഇറങ്ങുന്ന, അധ്യാപകരെ നിങ്ങൾക്കു സങ്കൽപ്പിക്കാൻ പറ്റുമോ? എന്നാൽ അത്തരം അധ്യാപകരും ലോകത്തുണ്ട്. ഇറാൻ, ഇറാഖ്, തുർക്കി, സിറിയ അതിർത്തിയിലെ ഖുർദിസ്ഥാൻ മേഖലയിലെ മലമ്പ്രദേശത്തു കൂടി കടവാതിലുകളെ പോലെ ബ്ലാക്ക്ബോർഡുകൾ പിറകിൽ ചുമന്നു നീങ്ങുന്ന ഒരു സംഘം തൊഴിൽരഹിതരായ അധ്യാപകരുടെ ദൃശ്യത്തോടെയാണ് ബ്ലാക്ക്ബോർഡ്സ് എന്ന ഇറാനിയൻ ചിത്രം ആരംഭിക്കുന്നത്.

പച്ചപ്പിന്റെ ഒരു തരിപോലും കാണാനില്ലാത്ത മലമടക്കുകളിലൂടെ പോകുന്ന അധ്യാപകർ പെട്ടെന്ന് യുദ്ധവിമാനത്തിന്റെ ഇരമ്പൽ കേൾക്കുന്നു. ബ്ലാക്ക് ബോർഡ് മറച്ചുപിടിച്ച് അതിനു കീഴെ കമിഴ്ന്നു കിടന്നുകൊണ്ടാണ് തങ്ങളുടെ ജീവൻ അവർ രക്ഷിക്കുന്നത്.

അതിനു ശേഷം ബ്ലാക്ക് ബോർഡിൽ മണ്ണു തേച്ചുപിടിപ്പിച്ച് ചെമ്മണ്ണുനിറമാക്കി യുദ്ധവിമാനങ്ങളുടെ കണ്ണിൽപ്പെടാതെ നടക്കുന്ന കാഴ്ച, യുദ്ധം എന്ന ഭീകര യാഥാർഥ്യത്തിന്റെ മുഖം വെളിവാക്കുന്നതാണ്.

കൂട്ടത്തിലെ സെയ്ദ്, റിബോയർ എന്നീ രണ്ട് അധ്യാപകർ തങ്ങളുടെ യാത്രയിൽ കണ്ടുമുട്ടുന്നവരിലൂടെയാണ് ചലച്ചിത്രത്തിന്റെ കഥാഗതി മുന്നോട്ടു നീങ്ങുന്നത്. മലമടക്കുകളിലൂടെ കള്ളക്കടത്ത് സാധനങ്ങൾ ചുമന്നു കടത്തുന്ന 'കഴുതകൾ' എന്നുവിളിക്കപ്പെടുന്ന ഒരു സംഘം കുട്ടികളുടെ അടുത്താണ് റിബോയർ എത്തിപ്പെടുന്നത്. സെയ്ദാകട്ടെ തങ്ങളുടെ മാതൃഭൂമി തേടിപോകുന്ന ഒരു സം

ഘം ഖുർദിഷ് വിഭാഗക്കാരായ അഭയാർഥികളുടെ അടുത്തും. ആദ്യത്തെ ആള് കുട്ടിസംഘത്തെ പഠിക്കാൻ ക്ഷണിക്കുമ്പോൾ മറ്റേ ആള് യാത്രാസംഘത്തിലെ യുവ വിധവയായ ഹാലാലയെ വിവാഹം കഴിച്ചുകൊണ്ട് യാത്രികരുടെ ഒപ്പം കൂടുകയാണ്

അധ്യാപകൻ നിരന്തരം ആവശ്യപ്പെട്ടിട്ടും കുട്ടിസംഘത്തിലെ ഒരു പയ്യൻ മാത്രമാണ് പഠിക്കാനായി മുന്നോട്ടു വരുന്നത്. യാത്രയ്ക്കിടെ സ്വന്തം പേര് എഴുതാൻ അവൻ പഠിക്കുന്നു. ഇതിനിടയിൽ അതിർത്തിരക്ഷാസൈന്യത്തിന്റെ പിടിയിൽപ്പെടാതിരിക്കാൻ കുട്ടികൾ ഓടുകയും ചെമ്മരിയാട്ടിൻക്കൂട്ടത്തിന്റെ ഇടയിലൂടെ ഒളിച്ചു കടക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ഇതിനിടയിൽ മലഞ്ചെരുവിലെ ഇടുങ്ങിയ വഴിയിലൂടെ ഭാരമേറിയ സാധനങ്ങളുമായി നടക്കുമ്പോൾ ഒരു പയ്യൻ കൊക്കയിലേക്കു മറിഞ്ഞു വീഴുന്നു. അവനെ രക്ഷിച്ചു മുകളിൽ കൊണ്ടുവന്നതിനു ശേഷം തന്റെ ബ്ലാക്ക്ബോർഡിന്റെ പലകയുടെ ഒരു ഭാഗം മുറിച്ചെടുത്ത് പയ്യന്റെ കാലിൽ വച്ചുകെട്ടിക്കൊടുക്കുന്നുണ്ട് അധ്യാപകൻ. അതിർത്തി കടക്കാൻ ശ്രമിക്കുന്നതിനിടെ ഈ കുട്ടികളിൽ ചിലർ വെടിയേറ്റു മരിക്കുന്നത് ഞെട്ടലോടുകൂടി മാത്രമേ കണ്ടിരിക്കാൻ സാധിക്കുകയുള്ളൂ.

വിദ്യാഭ്യാസം എന്നത് വിദൂരസ്വപ്നം മാത്രമായ കുട്ടികളെയാണ് ബ്ലാക്ക്ബോർഡ് കാണിച്ചുതരുന്നത്. പഠിപ്പിക്കാമെന്നും പഠിച്ചാൽ കഥാപുസ്തകങ്ങൾ വായിക്കാൻ സാധിക്കുമെന്നും കണക്കുകൂട്ടാൻ പറ്റുമെന്നുമൊക്കെ അധ്യാപകൻ വിശദീകരിക്കുമ്പോൾ അവർ നിസംഗരായി നോക്കിനിൽക്കുകയാണ്. വഴിമുടക്കി നിൽക്കുന്ന അധ്യാപകനോട് തങ്ങൾ ഭാരമെടുത്തു നിൽക്കുന്നത് കാണുന്നില്ലേ മാറി നിൽക്കൂ എന്നാണ് കുട്ടികൾ ആവശ്യപ്പെടുന്നത്. വിശപ്പാണ് അവരുടെ വിഷയം,വിദ്യാഭ്യാസമല്ല.

രണ്ടാമത്തെ അധ്യാപകൻ തന്റെ ബ്ലാക്ക് ബോർഡ് സ്ത്രീധനമായി നൽകി കല്യാണം കഴിച്ച പെൺകുട്ടിയെ 'ഐ ലവ് യൂ' എന്നുപറയാൻ പഠിപ്പിക്കാൻ വൃഥാ ശ്രമിക്കുകയാണ്. എന്നാൽ അവൾ അതിനു തയ്യാറാവുന്നില്ല. അവളുടെ ഏക ശ്രദ്ധ തന്റെ കുഞ്ഞിനെ പരിപാലിക്കുക എന്നതുമാത്രമാണ്. ഒടുവിൽ സംഘം തങ്ങളുടെ മാതൃഭൂമിയുടെ അതിർത്തിയിൽ എത്തുന്നു. എന്നാൽ അവരോടൊപ്പം അതിർത്തി കടക്കാൻ അധ്യാപകനു സാധിക്കില്ല. ഒടുവിൽ അതിർത്തിയിൽവച്ച് ഒരു വൃദ്ധന്റെ നിർദേശപ്രകാരം പെൺകുട്ടിയെ അയാൾ തലാഖ് ചൊല്ലുന്നു. നഷ്ടപരിഹാരമായി ആ ബ്ലാക്ക് ബോർഡ് അവൾക്കു നൽകുകയും ചെയ്യുന്നു.

ഒരു നാടോടിക്കഥപോലെ ലളിതമാണ് കഥപറച്ചിൽ എങ്കിലും യുദ്ധവും ദാരിദ്ര്യവും അഭയാർഥി പ്രശ്നവും തൊഴിലില്ലായ്മയും ഒക്കെ പരുക്കൻ യാഥാർഥ്യമായി സിനിമയിലൂടെ കടന്നുപോകുന്നു. പഠനോപകരണമായ ബ്ലാക്ക്ബോർഡ് ചിത്രത്തിൽ അപകടത്തിൽപ്പെട്ട ബാലന്റെ ഒടിഞ്ഞകാല് സംരക്ഷിക്കാനുള്ള പലകക്കഷ്ണവും വെടിവയ്പ്പിൽ നിന്നും രക്ഷപ്പെടാനുള്ള മറയും കുഞ്ഞിന്റെ തുണി അലക്കി ഉണക്കാനുള്ള ഇടവും തളർന്നുവീണ ആളെ ചുമന്നു കൊണ്ടുപോകാനുള്ള സ്ട്രെച്ചറും ഒക്കെ ആയി മാറുന്നത് ഒരേസമയം രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യും.

സംവിധായകയോടൊപ്പം പിതാവ് മൊഹസീൻ





സമീറ മഖ്മൽബഫ്



മഖ്മൽബഫ് ആണ് സിനിമയ്ക്കു തിരക്കഥ ഒരുക്കിയിരിക്കുന്നത്. ഖുർദിഷ് ഭാഷയിലുള്ള ചിത്രം ലോകപ്രശസ്ത ചലച്ചിത്രമേളയായ കാൻ ഫിലിം ഫെസ്റ്റിവലിൽ 2004 ൽ ജൂറി പുരസ്കാരം നേടിയിട്ടുണ്ട്. 85 മിനിട്ടാണ് സിനിമയുടെ ദൈർഘ്യം. പ്രശസ്ത ഇറാനിയൻ സംവിധായകൻ കൂടിയായ ബഹ്മാന് ഗൊബാദിയാണ് റെബോയർ എന്ന അധ്യാപകനെ അവതരിപ്പിക്കുന്നത്.

ഇറാൻ-ഇറാഖ് യുദ്ധകാലത്ത് സദാം ഹുസൈൻ ഖുർദിഷ് മേഖലയായ ഹലബജാൻ എന്ന സ്ഥലത്തു നടത്തിയ രാസബോംബിങ്ങാണ് ചിത്രത്തിന്റെ ചരിത്രപശ്ചാത്തലം. യുദ്ധവും ആഭ്യന്തര സംഘർഷങ്ങളും അശാന്തമാക്കിയ ഒരു നാടിന്റെ അസ്വസ്ഥജനകമായ കാഴ്ചകളാണ് ബ്ലാക്ക് ബോർഡ്സ് എന്ന ചിത്രം. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിലും ഊന്നുണ്ട് ചിത്രം. പക്ഷേ അതിനു തടസ്സം നിൽക്കുന്ന ഘടകങ്ങൾ നിരവധിയുണ്ട് ആ രാജ്യങ്ങളിൽ. കുട്ടികൾ തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രങ്ങളിൽ ഒന്നാണ് ബ്ലാക്ക് ബോർഡ്സ്.

## സംവിധായികയെ കുറിച്ച്

ഒരു ചലച്ചിത്ര കുടുംബത്തിൽ ജനിച്ച സമീറ മഖ്മൽബഫ് ഒരു മാസം പ്രായമുള്ളപ്പോൾ സിനിമയിൽ മുഖം കാണിച്ചു. അച്ഛൻ മൊഹസിൻ മഖ്മൽബഫ് സംവിധാനം ചെയ്ത 'ദി സൈക്ലിസ്റ്റ്'എന്ന സിനിമയിൽ മുഖ്യ കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ട് അഭിനേത്രി എന്ന നിലയിൽ ശ്രദ്ധനേടി. പതിനാലാംവയസ്സിൽ സ്കൂൾപഠനം നിർത്തി മക്മൽബഫ് ഫിലിം ഹൗസ് എന്ന അച്ഛന്റെ ഫിലിം കമ്പനിയിൽ സിനിമ പഠിക്കാൻ ചേർന്ന സമീറ മഖ്മൽബഫ് തന്റെ പതിനേഴാം വയസിലാണ് ആദ്യ ചിത്രമായ 'ദി ആപ്പിൾ' സംവിധാനം ചെയ്യുന്നത്. ചിത്രം കാൻ ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കുകയുണ്ടായി.

ബ്ലാക്ക് ബോർഡ്സിനുശേഷം സംവിധാനം ചെയ്ത 'അറ്റ് ഫൈവ് ഇൻ ദി ആഫ്റ്റർനൂൺ' എന്ന ചിത്രവും സമീറയ്ക്ക് നിരവധി പുരസ്കാരങ്ങൾ നേടിക്കൊടുത്തു. ടൂ ലെഗ്ഡ് ഹോഴ്സാണ് അവസാനമായി സംവിധാനം ചെയ്ത ചിത്രം.

ലോകസിനിമയിൽ ഇറാനിയൻ സിനിമകൾ ഏറെ പ്രേക്ഷകപ്രീതി കൈവരിച്ച കാലത്താണ് സമീറ സംവിധാനരംഗത്തേക്കു കടക്കുന്നത്. സ്ത്രീകൾക്ക് ഏറെ നിയന്ത്രണങ്ങളുള്ള ഒരു രാജ്യത്താണ് സിനിമ പോലുള്ള ഏറെ വിഷമം പിടിച്ച കലാമേഖലയിൽ കടന്നുവരികയും ലോകം അറിയപ്പെടുന്ന സംവിധായികയായി സമീറ മഖ്മൽബഫ് മാറുകയും ചെയ്തത്. ലോകം ആദരിക്കുന്ന സംവിധായകനായ പിതാവ് മൊഹസീൻ മഖ്മൽബഫിന്റെ സ്വാധീനം തീർച്ചയായും സമീറയ്ക്കുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. സഹോദരങ്ങളായ മെയ്സാം, ഹാന എന്നിവരും അമ്മ മെർസിയെ മെഷ്കിനിയും സിനിമാസംവിധായകരാണ്. തങ്ങളുടെ സിനിമകളിൽ പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന മഖ്മൽബഫ് കുടുംബം സിനിമാലോകത്ത് ഒരത്ഭുതം തന്നെയാണ്.

കവിത

# മഴവില്ല്

ഹരിദാസ് സാരംഗി

വാനിലുദിക്കും മഴവില്ലേ
ആരിതു തന്നീ കുപ്പായം
ഏഴുനിറത്തിൽ തൊങ്ങലുമായ്
ശോഭയെഴുന്നൊരു കുപ്പായം
അച്ഛൻ വാങ്ങിതന്നെന്നോ
അമ്മ നിനക്കായ് തയ്പ്പിച്ചോ
എന്തൊരു രസമീ കുപ്പായം
എങ്ങനെ മങ്ങീ നിറമെല്ലാം.



# പടംവരക്കാരൻ

## എം ആർ രേണുകുമാർ

### 1

അല്ലേലും എനിക്കങ്ങനയാ. അടുത്തദിവസം എന്തേലും കാര്യമായി ചെയ്യാനുണ്ടേ ഉറക്കം വരില്ല. തിരിഞ്ഞും മറിഞ്ഞും കിടക്കും. അടുക്കളയിൽപ്പോയി വെറുതെ വെള്ളംകുടിക്കും. പുറത്തിറങ്ങി മൂത്രമൊഴിക്കും. ഉറങ്ങിക്കിടക്കുന്ന അമ്മയെ തട്ടിയുണർത്തി നേരംവെളുക്കാറായോന്ന് തിരക്കും. ''നിനക്കെന്തിന്റെ കേടാ കുഞ്ഞൂ... പാതിരാത്രി നരത്ത്'' അമ്മ ചവിട്ടിപ്പുതച്ച് തിരിഞ്ഞുകിടക്കും. ''എനിക്കുറക്കം വരണില്ലമ്മേ..'' ഞാൻ പിന്നെയും അമ്മയെ കിരണ്ടും. ''നീ വെറുതെ കണ്ണടച്ചു കിടന്നോ, കുറച്ചുകഴിയുമ്പോ ഉറക്കം വന്നോളും.'' തികട്ടിവരുന്ന ദേഷ്യം അടക്കിപ്പിടിച്ചാ അമ്മ അങ്ങനെ പറയുന്നതെന്ന് എനിക്കറിയാം. ഞാനമ്മയ്ക്ക് പുറംതിരിഞ്ഞ് പുതപ്പുവലിച്ചിട്ട് മുഖംമൂടി കിടന്നു. പിന്നെ കണ്ണുകളുടെ ഭാഗത്തെ പുതപ്പ് അൽപ്പം നീക്കി നിലാവ് ചുവരിൽ വീഴ്ത്തുന്ന നിഴലുകളുടെ ഇളക്കം നോക്കി കിടന്നു. പിന്നെ ഓരോന്നായി ആലോചിച്ചു തുടങ്ങി. ഈ ആലോചനകൾക്കിടയിൽ എപ്പോഴെങ്കിലും ഒന്നുറങ്ങിയാൽ മതിയായിരുന്നു.

നാളെമുതൽ സ്കൂൾ യുവജനോത്സവം തുടങ്ങുകയാണ്. ഇത്തവണയും പടംവരമത്സര





വര: അരുണ ആലഞ്ചേരി

ത്തിന് ഞാൻ പേരുകൊടുത്തിട്ടുണ്ട്. ഇത്തവണ ഞാൻ എട്ടാം ക്ലാസിലായതിനാൽ ഹൈസ്കൂൾ വിഭാഗത്തിലാണ് മത്സരിക്കേണ്ടത്. എൽ പി ലും യു പി ലും ഒക്കെ വച്ച് സമ്മാനങ്ങൾ കിട്ടിയിട്ടുണ്ടെങ്കിലും അതൊന്നും ഹൈസ്കൂൾതലത്തിൽ വിലപ്പോവില്ല. ഒൻപതിലെയും പത്തിലെയും ചേട്ടൻമാരും ചേച്ചിമാരുമായാണ് മത്സരം. എനിക്കൊന്നും പച്ച തൊടാൻ പറ്റുമെന്നു തോന്നുന്നില്ല. എന്നാലും പങ്കെടുക്കണം. വാശിയോടെ മത്സരിക്കണം. ആ തീരുമാനത്തിൽനിന്ന് പുറകോട്ടില്ല. അതുകൊണ്ടാണല്ലോ കഴിഞ്ഞദിവസം പേരുകൊടുക്കാനുള്ള അവസാനദിവസം ഞാൻ ഓടിക്കിതച്ച് ജോൺസാറിന്റെ അടുത്തു ചെന്നത്.

''എന്താടാ പാഞ്ഞുവന്നു നിന്ന് കിതയ്ക്കുന്നേ...?''

സാറ് ചോദിച്ചു.

''ഞാനുമുണ്ട് സാറേ പടംവരയ്ക്ക്.'' ഞാൻ പറഞ്ഞൊപ്പിച്ചു.

''അതിനെന്താ നീയും ചേർന്നോ... നീയൊരുമാതിരി വരയ്ക്കുന്നവനല്ലേ.''

പേര് എഴുതി ചേർക്കുന്നതിനിടയിൽ തലയുയർത്താതെ സാറുപറഞ്ഞു. ഞാൻ തലയാട്ടി സമ്മതിച്ചു.

''നീയെന്താ പേരുതരാൻ വൈകിയേ?'' സാറ് തലയുയർത്തി ചോദിച്ചു.

''പേടികൊണ്ടാ സാറേ... പിന്നെ ഇന്നലെയാ അച്ചൻ പുതിയ കളറുവാങ്ങിക്കാൻ പൈസ തന്നേ..'' സാറിന്റെ മേശപ്പുറത്തൂന്നും ഉരുണ്ടുതാഴെവീണു പൊട്ടിയ ചോക്കിന്റെ മുറികൾ എടുത്തുകൊണ്ട് ഞാൻ പറഞ്ഞു.

''അതു പൊട്ടിയോടാ?'' ചോക്ക് താഴെ വീണുപൊട്ടുന്നത് കണ്ടിട്ടും സാറ് ചോദിച്ചു.

''പൊട്ടി സാറേ... ദേ രണ്ടുപീസായി.'' ഞാൻ ചോക്കിന്റെ മുറികൾ മേശപ്പുറത്തിരുന്ന ഡസ്റ്ററിന്റെ അടുത്തുവച്ചുകൊണ്ട് പറഞ്ഞു.

''നീ ധൈര്യായിട്ട് വരയ്ക്കാൻ കൂടെടാ.... എന്തിനാ പേടിക്കുന്നേ?''

തോളിൽത്തട്ടി പറഞ്ഞുകൊണ്ട് ജോൺസാർ ഡസ്റ്ററും ചോക്കുമുറികളും ചൂരലുമെടുത്തുകൊണ്ട് ടീച്ചേഴ്സ് റൂമിൽ നിന്നും ക്ലാസുമുറിയിലേക്കു നടന്നു.

ജോൺസാറ് അങ്ങനെ പ്രോത്സാഹിപ്പിച്ചതുകൊണ്ടാ പടംവരയ്ക്കു കൂടാൻ എനിക്കു ധൈര്യമുണ്ടായത്. അല്ലെങ്കി ചിലപ്പോൾ ഞാൻ പിൻമാറിയേനെ. ചെറിയ ക്ലാസുകളിൽ ഞങ്ങളെ പടംവര പഠിപ്പിച്ചിരുന്നത് ജോൺസാറായിരുന്നു. അഞ്ചാം ക്ലാസുവരെയെ പടംവരക്ലാസുകൾ ഉണ്ടായിരുന്നുള്ളൂ. ചെമ്പരത്തിപ്പൂവ്, കശുമാങ്ങ, നിലവിളക്ക്, കിളിച്ചുണ്ടൻമാങ്ങ, റോസാപ്പൂ, ബസ്, കാറ് തുടങ്ങിയവ ഒക്കെ വരയ്ക്കാൻ ഞങ്ങളെ പഠിപ്പിച്ചത് ജോൺസാറായിരുന്നു. പെൻസിൽ അമർത്തിയും അമർത്താതെയും ഉപയോഗിച്ച് പടങ്ങൾക്ക് ലൈറ്റും ഷെയ്ഡും കൊടുക്കാനും ജോൺസാറാണ് പഠിപ്പിച്ചത്. ഇടവേളകളിലും മറ്റ് അധ്യാപകരില്ലാത്ത നേരത്തും ക്ലാസിൽ വന്ന് പല നാടുകളിലെ നാടോടിക്കഥകളും മറ്റും പറഞ്ഞുതന്നിരുന്ന ജോൺസാർ ഒരു സംഭവം തന്നെയായിരുന്നു.

## 2

പടംവരയെക്കുറിച്ച് ഓർത്തുകിടന്ന ഞാനിപ്പോൾ ജോൺസാറിൽ എത്തിനിൽക്കുകയാണ്. എനിക്കിതുവരെയായിട്ടും ഉറക്കം വരുന്നില്ല. ഇനി നാളെ നേരം വെളുത്ത് സ്കൂളിൽ ചെന്ന് ആ മത്സരത്തിൽ ഒരു പടംവരച്ചു തീർത്താലേ എനിക്കു സമാധാനമാകൂ. ഞാൻ തലയണക്കുള്ളിലേക്ക് മുഖം ഒന്നുകൂടി പൂഴ്ത്തിവച്ച് ഉറങ്ങാൻ ശ്രമിച്ചു. അപ്പോഴാണ് അടുത്ത ചിന്ത ഉടലെടുത്തത്.

ഏതുതരം ചിത്രമായിരിക്കും വരയ്ക്കേണ്ടിവരിക. ഇതുവരെയുള്ള മത്സരങ്ങളിൽ ഇഷ്ടമുള്ളതെന്തും വരയ്ക്കാമായിരുന്നു. ഇനിയതു പറ്റില്ല. ഒരു വിഷയം തരും. അതുവേണം വരയ്ക്കാൻ. ദൈവമേ എന്തു വിഷയമായിരിക്കും തരിക. വിഷയം തരുന്നോർക്ക് എന്തേലും തന്നാൽ മതിയല്ലോ. വരയ്ക്കുന്നവരുടെ കാര്യമാ കഷ്ടത്തിലാവുക. വരാൻ സാധ്യതയുള്ള വിഷയങ്ങളൊക്കെ ഹേമേച്ചി പറഞ്ഞുതന്നിട്ടുണ്ട്. വല്യച്ചന്റെ മോളാ ഹേമേച്ചി. ടൗണിലെ കോളജിലാണ് പഠിക്കുന്നത്. റെക്കോഡുബുക്കിൽ ഇലകളും പൂക്കളുമൊക്കെ പെൻസിലുകൊണ്ട് ചേച്ചി വരയ്ക്കുന്നതൊന്നു കാണണം. ഫോട്ടോയെടുത്തപോലുണ്ടാവും. അതിന്റെ കുറച്ച് ഗമ്മേം ഉണ്ട് ചേച്ചിക്ക്. എന്നാലും വാട്ടർകളൊറൊക്കെ ചെയ്യാൻ എന്നെ കുറച്ചൊക്കെ

വിഷയം തരുന്നോർക്ക് എന്തേലും തന്നാൽമതിയല്ലോ. വരയ്ക്കുന്നവരുടെ കാര്യമാ കഷ്ടത്തിലാവുക. വരാൻ സാധ്യതയുള്ള വിഷയങ്ങളൊക്കെ ഹേമേച്ചി പറഞ്ഞുതന്നിട്ടുണ്ട്. വല്യച്ചന്റെമോളാ ഹേമേച്ചി. ടൗണിലെ കോളജിലാണ് പഠിക്കുന്നത്. റെക്കോഡുബുക്കിൽ ഇലകളും പൂക്കളുമൊക്കെ പെൻസിലുകൊണ്ട് ചേച്ചി വരയ്ക്കുന്നതൊന്നു കാണണം.

പഠിപ്പിച്ചുതന്നത് ഹേമേച്ചിയായിരുന്നു. ഗ്രാമീണച്ചന്ത, ബോട്ടുജെട്ടി, വള്ളംകളി, ഉത്സവപ്പറമ്പ്, റോഡപകടം അങ്ങനെ ഏതെങ്കിലും വിഷയമായിരിക്കും വരിക എന്നാണ് ചേച്ചി പറയുന്നത്.

കൈവശമുണ്ടായിരുന്ന കളറൊക്കെ എടുത്തുപയോഗിച്ച് പരിശീലനം നടത്തിയാണ് മത്സരമടുത്തപ്പോൾ എല്ലാം തീർന്നുപോയത്. വാട്ടർ കളർ കട്ടകൾ തീർന്നപ്പോൾ കളർപെൻസിലുകളും ക്രയോണുകളും കൊണ്ടായി വര. അതും തീർന്നപ്പോൾ ചോക്കുമുറികളും കരിക്കട്ടയും ഉപയോഗിച്ചു. ഒടുക്കമെല്ലാം തീർന്നു എന്നുപറഞ്ഞാൽ മതിയല്ലോ. എന്നിട്ടും പരിശീലനം മതിയാക്കിയില്ല. കിട്ടിയ നേരത്തൊക്കെ പഴയ നോട്ടുബുക്കിന്റെ ഒഴിഞ്ഞതാളുകളിൽ പെൻസിലുകൊണ്ട് സ്കെച്ചുകൾ ചെയ്തു. ഇങ്ങനെ ഭ്രാന്തുപിടിച്ചു കളറുകൾ വരച്ചു തീർത്തതുകൊണ്ടാണ് എനിക്കു പിന്നേം കളറു വാങ്ങിച്ചുതരാൻ പറഞ്ഞ് അമ്മയുടെ പുറകെ നടക്കേണ്ടി വന്നത്. ഒരു കാര്യം വാങ്ങിക്കണമെങ്കിൽ ആദ്യം അമ്മയെ സോപ്പിടണം. അമ്മ വഴി വേണം അച്ചന്റെയടുത്ത് കാര്യമെത്തിക്കാൻ. അച്ചന്റെ മൂഡനുസരിച്ച് അമ്മ കാര്യം അവതരിപ്പിച്ചോളും. കാര്യങ്ങൾ അമ്മയെ ബോധ്യപ്പെടുത്താനാണ് പാട്. ഒരു നൂറുകൂട്ടം ചോദ്യങ്ങളാ. അമ്മക്കടമ്പ കടന്നു കിട്ടിയാൽ പിന്നെ എളുപ്പമാണ്. കാര്യം കേട്ടപാതി കേൾക്കാത്തപാതി അച്ചൻ എതിർത്തുപറയുമെന്നേയുള്ളൂ. കുറെ കഷ്ടപ്പാടുകളും പ്രാരാബ്ധങ്ങളുമൊക്കെ എണ്ണിപ്പറഞ്ഞിട്ട് പുറത്തേക്കിറങ്ങാൻ നേരം മടീന്ന് കാശെടുത്ത് കൊടുത്തിട്ട് അച്ചൻ പറയും.

"ഇത്രേയുള്ളൂ... ഇതവന് കൊടുത്തേര്.... ഒന്നേയുള്ളല്ലോ ആണായും പെണ്ണായും."

അത്തരം സമയത്തൊക്കെ അച്ചന്റെ കണ്ണുകൾ അമ്മയുടെ നേരെ നീളാറില്ല. മുറ്റത്തിന്റെ അതിരിൽ നിൽക്കുന്ന മരങ്ങളുടെ നെറുകയിലേക്ക് നോട്ടം ഉയർന്നുപോകും. തോളിലെ തോർത്ത് ഒന്നുകൂടെ കുടഞ്ഞ് തോളിലിട്ടോണ്ട് അച്ചൻ നടന്നു മറയുമ്പോൾ അമ്മ കണ്ണുതുടയ്ക്കുന്നതു കാണാം. അപ്പോഴെനിക്കും സങ്കടം വരും. പക്ഷേ അത് അധികനേരം നീണ്ടു നിൽക്കാറില്ല.

## 3

പുതിയ വാട്ടർകളർ കട്ടകളുടെ ബോക്സുവാങ്ങിയതിന്റെ പിന്നിലെ കഥയാണ് പറഞ്ഞു വരുന്നത്. കഥകളിവിടം കൊണ്ടു തീരുന്നില്ല. പൈസയുടെ കാര്യം ശരിയായി ഇനി കളറുവാങ്ങേണ്ടെ. അതിനിപ്പോ ഹേമേച്ചിയുടെ സഹായമില്ലാതെ പറ്റില്ല. നേരെ ഹേമേച്ചീടെ വീട്ടിലേക്കോടി. മുട്ടൊപ്പം വെള്ളമുള്ള ഒരു ചെറിയ തോട് നീന്തിക്കടക്കണം വല്യച്ചന്റെ വീട്ടിലെത്താൻ. ഇപ്പോ വേനക്കാലമായതുകൊണ്ടാണ് നീന്തിക്കേറാൻ പറ്റുന്നത്. അല്ലെങ്കിൽ കുത്തൊഴുക്കാണ്. കാലുതെറ്റിയാൽ മിനിട്ടുവച്ച് വേമ്പനാട്ടുകായലിൽ ചെന്നുചേരും നമ്മൾ... ഹ ഹ ഹ.

"ഹേമേച്ചിയേ.... പൂയ്..." ഞാൻ വല്യച്ചന്റെ വീട്ടിലേക്ക് ഓടിക്കയറി

"കാലുതൊടച്ചിട്ട് കേറടാ... പെരയ്ക്കകത്ത്" ചാരുകസേരയിൽ എന്തോ വായിച്ചിരുന്ന വല്യച്ചൻ ശബ്ദമുയർത്തി.

"എന്താടാ കുഞ്ഞൂ..." സാരമില്ല നീ കേറിപ്പോര് എന്നൊരാംഗ്യം കാട്ടി ഹേമേച്ചിയെന്നെ അകത്തേക്കു വിളിച്ചു. ചാക്കിന്റെ ചവിട്ടിയിൽ കാലുകൾ ചവിട്ടിത്തുടച്ചിട്ട് ഞാൻ അകത്തേക്ക് ഓടിക്കയറി.

"അതേയ്... കോളജിൽ പോയിട്ടു വരുമ്പം... എനിക്കൊരു വാട്ടർകളറു ബോക്സ് വാങ്ങിച്ചോണ്ടുവരണം" ഞാൻ കൈയിലിരുന്ന അഞ്ചു രൂപയുടെ രണ്ടു നോട്ടുകൾ ഹേമേച്ചിയുടെ നേരെ നീട്ടി. മുടി വകഞ്ഞുചീകുന്നതിനിടയിലും പൗഡറിട്ട് പൊട്ടു കുത്തുന്നതിനിടയിലും ഹേമേച്ചി ഓരോന്നു ചോദിച്ചോണ്ടിരുന്നു. ഞാൻ ചേച്ചീടെ പുറകെ വാലുപോലെ നടന്നോണ്ടുമിരുന്നു. ചേച്ചി കാശുവാങ്ങി നിവർത്തി നോക്കി പേഴ്സിൽവച്ചു.

"അതേയ്... ചേച്ചീ..." ഞാൻ ചേച്ചീടെ കൈയിൽ പിടിച്ചു.

"എനിക്കു നേരം പോയി കുഞ്ഞൂ... എന്താന്നുവച്ചാ പറ."

എന്റെ കൈവിടുവിച്ചോണ്ട് ചേച്ചി ബാഗെടുത്ത് തോളിൽ തൂക്കി.

"വാട്ടർ കളറിന്റെ ട്യൂബ് വാങ്ങാൻ പറ്റുവോ." ഞാൻ ചേച്ചീടെ പുറകെ നടന്നു

ഭ്രാന്തുപിടിച്ചു കളറുകൾ വരച്ചു തീർത്തതുകൊണ്ടാണ് എനിക്കു പിന്നേം കളറു വാങ്ങിച്ചുതരാൻ പറഞ്ഞ് അമ്മയുടെ പുറകെ നടക്കേണ്ടി വന്നത്. ഒരു കാര്യം വാങ്ങിക്കണമെങ്കിൽ ആദ്യം അമ്മയെ സോപ്പിടണം. അമ്മ വഴി വേണം അച്ചന്റെയടുത്ത് കാര്യമെത്തിക്കാൻ. അച്ചന്റെ മൂഡനുസരിച്ച് അമ്മ കാര്യം അവതരിപ്പിച്ചോളും. കാര്യങ്ങൾ അമ്മയെബോധ്യപ്പെടുത്താനാണ് പാട്. ഒരു നൂറുകൂട്ടം ചോദ്യങ്ങളാ.

കൊണ്ടു ചോദിച്ചു.

"പോടാ ചെക്കാ... ഈ പൈസയ്ക്ക് അതൊന്നും കിട്ടൂല്ല."

ചേച്ചി കളിയാക്കി ചിരിച്ചെങ്കിലും എന്റെ കവിളിൽ പിടിച്ച് ഒന്നിളക്കി.

"കിട്ടില്ലേ... അതിനെത്രയാകും" ഞാൻ വിട്ടില്ല

"എനിക്കറിയില്ല. എന്തായാലും ഇതുകൊണ്ട് തികയില്ല."

ചേച്ചി നടയിൽ കമിഴ്ന്നു കിടന്നിരുന്ന ചെരുപ്പുകൾ കാലുകൊണ്ടുതന്നെ ശരിയാക്കിയിട്ടു.

"നീയിപ്പോ കുട്ടിയല്ലേ... ഇപ്പോ കട്ടയുപയോഗിച്ചൊക്കെ വരച്ചാമതി. ട്യൂബൊക്കെ നമുക്ക് വിഷൂന് കൈനീട്ടം കിട്ടുമ്പോ വാങ്ങാം. അല്ലെങ്കിവേണ്ട ചേച്ചിക്ക് സ്റ്റൈപന്റ് കിട്ടുമ്പോ വാങ്ങിച്ചു തരാട്ടോ." എന്നെ ആശ്വസിപ്പിച്ചുകൊണ്ട് ഹേമേച്ചി പറഞ്ഞു. ഞാൻ ചിരിച്ചു. ചേച്ചിയുടെ കണ്ണുകളിൽ വാത്സല്യത്തിന്റെ ഒരു തിര തലപൊക്കിയെങ്കിലും പെട്ടെന്ന് എന്റെ നേരെ കുറുമ്പുകാട്ടി പറഞ്ഞു.

"അയ്യോ... ഈ ചെക്കൻ കാരണം എന്റെ നേരം പോയി.. എട്ടരേടെ ബസിപ്പോ പോയിക്കാണും... അമ്മേ ഞാനിറങ്ങുന്നേ..." വിളിച്ചുപറഞ്ഞുകൊണ്ട് പാവാടതെല്ലുയർത്തി ഹേമേച്ചി രണ്ടുചാട്ടത്തിന് തോടു നീന്തിക്കടന്നു.

"ഞാനും വരുവാ.... ഹേമേച്ചീ അക്കരയ്ക്ക്" ഞാനും പുറകെകൂടി.

"നീ പതുക്കെ വന്നേര്" ശബ്ദംമാത്രേ ഞാൻ കേട്ടുള്ളൂ. പിന്നാലെ ചെന്നിട്ട് ഹേമേച്ചീടെ പൊടിപോലും കാണാൻ കഴിഞ്ഞില്ല.

## 4

അങ്ങനെയാണ് എനിക്ക് നാളെ പടം വരയ്ക്കാനുള്ള കളറ് കിട്ടിയത്. വൈകുന്നേരം ഹേമേച്ചി മറക്കാതെ കളറുമായി വന്നു. രണ്ട് ബ്രഷുകളാണ് എനിക്കുള്ളത്. ഒരു രണ്ടാം നമ്പരും നാലാം നമ്പരും.രണ്ടും ഹേമേച്ചി തന്നതാ. ഹേമേച്ചി സ്കൂളിലൊക്കെ പഠിക്കുമ്പോ ഭയങ്കര വരക്കാരിയായിരുന്നു. ഇപ്പഴെന്താണോ വലിയ ഇൻട്രസ്റ്റില്ല. കോളജിലൊക്കെ ഒത്തിരി പഠിക്കാനുണ്ട് എന്നാണ് പറയുന്നെ. പ്രത്യേകിച്ചും സെക്കൻഡ് ഗ്രൂപ്പല്ലേ. അതുകൊണ്ട് വരയും എഴുത്തുമൊക്കെ വല്യച്ചൻ കർശനമായി നിയന്ത്രിച്ചിരിക്കുവാ. വല്യച്ചനെ എല്ലാർക്കും പേടിയാ. ചാരുകസേരയിൽ നിന്ന് അങ്ങനെ എഴുന്നേൽക്കാറില്ലെങ്കിലും വല്യച്ചനറിയാതെ ആ വീട്ടിൽ ഒരീച്ചപോലും പറക്കില്ല. കുഞ്ഞായിരിക്കുമ്പോൾ മുതൽ എപ്പോഴും ഹേമേച്ചീടെ കൂടെയായിരുന്നു. പടം വരയോടും കവിതയോടും ഒക്കെയുള്ള ഇഷ്ടം ഹേമേച്ചി വഴി കിട്ടിയതാണ്. കഴിഞ്ഞ തലമുറയിലെ ഏതോ ഒരു വല്യപ്പൻ വലിയ കലാകാരനായിരുന്നത്രേ... അദ്ദേഹത്തിന്റെ കലാവാസന കുടുംബത്ത് നമുക്കു മാത്രമേ കിട്ടീട്ടുള്ളെന്ന് ഹേമേച്ചി എന്നോട് സ്വകാര്യമായി പറഞ്ഞ് എപ്പോഴും ചിരിക്കുമായിരുന്നു. അതോർത്തപ്പോൾ തന്നെ എനിക്കുള്ളിൽ ചിരിപൊട്ടിപ്പോയി. ഞാനറിയാതെ ചിരിച്ചുപോയി.

"എന്തടാ ചെക്കാ... ഉറക്കത്തിക്കെടന്ന് ചിരിക്കുന്നേ?" അമ്മ തിരിഞ്ഞുവന്ന് എന്നെ ചേർത്തുകിടത്തിക്കൊണ്ടു

"നീയിപ്പോ കുട്ടിയല്ലേ...ഇപ്പോ കട്ടയുപയോഗിച്ചൊക്കെ വരച്ചാമതി. ട്യൂബൊക്കെ നമുക്ക് വിഷൂന് കൈനീട്ടം കിട്ടുമ്പോ വാങ്ങാം. അല്ലെങ്കിവേണ്ട ചേച്ചിക്ക് സ്റ്റൈപന്റ് കിട്ടുമ്പോ വാങ്ങിച്ചു തരാട്ടോ." എന്നെ ആശ്വസിപ്പിച്ചുകൊണ്ട് ഹേമേച്ചി പറഞ്ഞു. ഞാൻ ചിരിച്ചു. ചേച്ചിയുടെ കണ്ണുകളിൽ വാത്സല്യത്തിന്റെ ഒരു തിര തലപൊക്കിയെങ്കിലും പെട്ടെന്ന് എന്റെ നേരെ കുറുമ്പുകാട്ടി പറഞ്ഞു.

ചോദിച്ചു. ഞാനുറക്കം നടിച്ചുകിടന്നു.

"ചെറുക്കനേതാണ്ടൊക്കെ സ്വപ്നം കണ്ടു ചിരിക്കുവാന്നാ തോന്നണേ... ഇവന് ഒറക്കമൊന്നമില്ലേ. നാളെ സ്കൂളിൽ പടംവരയുണ്ടെന്നും പറഞ്ഞ് ഇങ്ങനുണ്ടോ..." അമ്മ ഓരോന്നു പറഞ്ഞ് ഉറക്കത്തിലേക്ക് കുഴഞ്ഞു പോകുന്നത് ഞാനറിഞ്ഞു. എനിക്ക് നന്നായി ചിരിവരുന്നുണ്ടായിരുന്നു. കണ്ണുകളിൽ നല്ല പുളിപ്പുണ്ട്. ഉറങ്ങാത്തതിനാലാവും. നേരം ഏതാണ്ട് വെളുക്കാറായെന്നു തോന്നുന്നു. ഇതിനിടെ എപ്പോഴെങ്കിലും ഞാനൽപ്പം ഉറങ്ങിയിട്ടുണ്ടെങ്കിലായി. നിലാവ് ചുവരിൽ വരച്ചുകൊണ്ടിരുന്ന ഹേമേച്ചി എവിടേലും ഒരു മിനിട്ട് സ്വപ്നം കണ്ടിരുന്നാ വല്യച്ചൻ അപ്പംപറയും.

"സ്വപ്നോം കണ്ടോണ്ടിരിക്കാതെ വല്ലോം എടുത്തു വച്ച് വായിച്ചു പഠിക്കു പെണ്ണേ.." ഈ അച്ചന്റെയൊരു കാര്യം എന്നൊരാംഗ്യം മുഖത്തു കാണിച്ചുകൊണ്ട് അപ്പോൾ ഹേമേച്ചി അകത്തേക്കു ചവിട്ടിത്തുള്ളി പോകുന്നത് കാണാൻ നല്ല രസാ.

അയ്യോ വരയെക്കുറിച്ചും കളറിനെക്കുറിച്ചുമൊക്കെ പറഞ്ഞ് നമ്മൾ ഹേമേച്ചിയിലെത്തിയല്ലേ. അതുസാരമില്ല ഹേമേച്ചിയെക്കുറിച്ച് പറയാതെനിക്ക് പടംവരയെക്കുറിച്ച് പറയാനാവില്ല. ഞാൻ തീരെ





നിഴലുകളുടെ പൊടിപോലും ഇപ്പോൾ കാണാനില്ല. രാത്രിയുടെ കറുപ്പിന് കുറച്ചുകൂടി കട്ടികുറഞ്ഞു. നേരം വെളുക്കാൻ ഇനി അധികസമയമില്ലെന്ന് തോന്നുന്നു. നല്ല ക്ഷീണം തോന്നുന്നു. ഉറക്കത്തിലേക്ക് കാലുകൾ ചെറുതായി തെന്നുന്നതുപോലെ തോന്നുന്നുണ്ട്.

## 5

കാലുകൾ നനവുള്ള ചെളിയിൽ തൊടുമ്പോലെ ഒരു തോന്നൽ. ഞാൻ കാലുകളെ ഒന്നുകൂടെ അമർത്തി നോക്കി. കാലുകൾ എവിടെയോ പുതഞ്ഞുപോകുന്നു. ഞാൻ കാലുകളെ പൊതിയുന്ന ചെളിയിലേക്കു നോക്കി. എന്റമ്മേ... ഇത് ചെളിയല്ലല്ലോ... ഈ ചെളിക്കെന്താ മഞ്ഞനിറം. അതാ അപ്പുറത്ത് ചെളിക്ക് നീലനിറം, ഞാനങ്ങോട്ട് ചാടിയോടി. ഇതെന്താ നിറങ്ങളുടെ കണ്ടമോ... നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന നിറങ്ങൾ... നിറങ്ങൾ മാത്രം. അവിടെ മുട്ടോളം ആഴത്തിൽ നിറങ്ങളിൽ പൂണ്ടു നിൽക്കുന്ന ഞാൻ. കൈകൊണ്ട് തൊടാവുന്ന മട്ടിൽ തുടിഞ്ഞു കിടക്കുന്ന വെളുത്ത ആകാശം. ഞാൻ കൈകളിൽ നിറങ്ങൾ കോരി ആകാശത്ത് പൊത്തി നോക്കി. എനിക്കു വേണമെങ്കിൽ ആകാശത്ത് എന്തും വരയ്ക്കാവുന്നതേയുള്ളൂ. ആകാശമൊരു വലിയ ക്യാൻവാസായി. കണ്ടംനിറയെ നിറങ്ങൾ. കണ്ടം മാത്രമല്ല ഭൂമി മുഴുവൻ നിറങ്ങൾ. ആരാണിങ്ങനെ ഞാൻ നിൽക്കുന്നിടത്തേക്ക് ട്യൂബിൽ നിന്ന് നിറങ്ങൾ ചീറ്റിക്കുന്നത്. ഞാൻ കൈകൾ കൊണ്ട് നിറങ്ങൾ കോരി ആകാശത്ത് ഓരോന്നു വരയ്ക്കാൻ തുടങ്ങി. അപ്പോഴാണ് ഞാനെന്റെ വിരലുകളെ ശ്രദ്ധിച്ചത്. അവയിപ്പോൾ വിരലുകളല്ല. പത്തു വിരലുകളുടെ സ്ഥാനത്ത് പത്ത് ബ്രഷുകൾ. അതും പല

വലിപ്പത്തിലുള്ളവ. പല നമ്പരുകൾ ഉള്ളവ. ഉരുണ്ടവ, പരന്നവ അങ്ങനെ... വരച്ചുവരച്ച് ഞാൻ തളർന്നുപോയി എന്നുപറഞ്ഞാൽമതിയല്ലോ. കുഴഞ്ഞ നിറങ്ങളുടെ മടിയിലേക്ക് ഞാൻ പൊടുന്നനെ തളർന്നു വീണുപോയി.

അമ്മേ... എന്നൊരു നിലവിളി ഉള്ളിൽനിന്നും പുറപ്പെട്ടെങ്കിലും അതു വായിൽ വന്നു പൊട്ടിയില്ല. കൊഴുത്തു കുറുകിയ നിറക്കൂട്ടിലേക്ക് ഞാൻ ആണ്ടാണ്ടുപോയി. കണ്ണിലും മൂക്കിലും വായിലുമൊക്കെ നിറങ്ങൾ കയറിത്തുടങ്ങി. ഒരു കലിഡിയോസ്കോപ്പിനുള്ളിൽ പെട്ടുപോയോരവസ്ഥ. ചില്ലുനിറങ്ങൾക്കുപകരം വഴുവഴുപ്പുള്ള നിറങ്ങളാണെന്നു മാത്രം. ഏതോ ആഴങ്ങളിലേക്കു വഴുക്കുന്ന നിറങ്ങളിലൂടെ ഞാൻ ഊർന്നുപോവുകയാണ്. എനിക്ക് ഭയമായി തുടങ്ങി. ഞാൻ താഴേക്ക് ഒഴുകി വീണുകൊണ്ടേയിരിക്കുകയാണ്. വീഴ്ചയിൽ നിന്നു രക്ഷപ്പെടാൻ ഞാൻ എവിടെയൊക്കെയോ പിടിക്കുന്നുണ്ട്. പിടിക്കുന്നിടമെല്ലാം ഉരുകിയടർന്നു പോവുകയാണ്. വീഴ്ചമാത്രം. ഇതിനൊരവസാനവുമില്ലേ. ഞാൻ കണ്ണുകൾ ഇറുകെ അടച്ചു. കണ്ണുകൾ അടച്ചാലും കാഴ്ചകൾ മായുന്നില്ല. വീഴ്ചയെ ഉടലുകൊണ്ട് മൊത്തമാണല്ലോ അറിയുന്നത്. കാണുന്നത്. ഒടുക്കം വീഴ്ചയ്ക്ക് ഒരു തീരുമാനമായി. ഒരു തുണിത്തൊട്ടിലിൽ എന്നപോലെ ഞാനെവിടെയോ ചെന്നുവീണു. കണ്ണുതുറക്കാതെ തന്നെ എനിക്കു മനസ്സിലായി ഞാനാരുടെയോ മടിയിലാണെന്ന്. ഞാൻ മെല്ലെ കണ്ണുകൾ വലിച്ചുതുറന്നു. എന്റെ കൺപീലികൾ നിറങ്ങളിൽ കുതിർന്നിരുന്നു. പീളകെട്ടിയതുപോലെ കൺപോളകൾ നിറങ്ങളിൽ ഒട്ടിപ്പിടിച്ചിരുന്നു.

**മേഘങ്ങൾക്കിടയിൽ പരിചയമുള്ള ആരെയൊക്കെയോ കാണുന്നുണ്ട്. അതിൽ അച്ചനും അമ്മയും വല്യച്ചനും ഹേമേച്ചിയും ജോൺസാറും കൂട്ടുകാരിൽ ചിലരും ഒക്കെയുണ്ട്. വലിയൊരു പെട്ടിയും തലയിൽവച്ച് മേഘങ്ങൾക്കിടയിലൂടെഅച്ചൻ നടന്നുപോകുന്നുണ്ട്. അമ്മ മറ്റൊരു മേഘത്തിലിരുന്ന് മടിയിലെ മുറത്തിൽ നിന്ന് അരിയിലെ കല്ലോ മറ്റോ പെറുക്കിക്കളയുകയാണ്.**

ഓരോ നിറം വീതം കാഴ്ചയിൽ തെളിഞ്ഞുതെളിഞ്ഞു വന്നു. ആദ്യം കറുപ്പ്, പിന്നെ ബ്രൗൺ, ചുവപ്പ് ഓറഞ്ച് മഞ്ഞ, വെളുപ്പ് അങ്ങനെ. പിന്നെയാ വെളുപ്പിൽ ഒരു കറുത്ത മുഖം തെളിഞ്ഞുവന്നു. വാത്സല്യമൂറുന്ന ഒരു കറുത്ത മുഖം. ഒരപ്പച്ചന്റേതുപോലുള്ള മുഖം. ചിരിക്കുന്നുണ്ടെങ്കിലും ആ കണ്ണുകളിൽ തീക്ഷ്ണമായൊരു ഭാവം ഇളക്കം തട്ടാതെ കിടപ്പുണ്ടായിരുന്നു.

## 6

ചെവിക്കുടന്നയിൽ തിരുകിയിരുന്ന ഒരു ബ്രഷ് പൊടുന്നനെയെടുത്ത് ആ മനുഷ്യൻ എന്റെ കൈയിൽ വച്ചുതന്നു. അതോടെ ഞാൻ കിടന്നിരുന്ന തുണിത്തൊട്ടിൽ വീണ്ടുകീറുകയും ബ്രഷുമായി ഞാൻ താഴേക്ക് ഊർന്നുപോവുകയും ചെയ്തു. പക്ഷേ ഇപ്പോഴെന്റെ വീഴ്ച പേടിപ്പെടുത്തുന്ന വിധത്തിലല്ല. ഒരു തൂവൽ വീഴുന്നതുപോലെയാണ് ഞാൻ താഴേക്കു പോകുന്നത്. ഒരു പാരച്ചൂട്ടിലെന്നപോലെ ഞാൻ സുരക്ഷിതനാണ്. എങ്കിലും ഉള്ളിലെനിക്ക് വല്ലാത്ത ഭയം തോന്നി. വെള്ളിമേഘങ്ങൾക്കിടയിൽ കൈയിലൊരു ബ്രഷും പിടിച്ച് ഞാൻ മാത്രം. അച്ചനില്ല അമ്മയില്ല ഹേമേച്ചിയില്ല കൂട്ടുകാരാരുമില്ല. എനിക്കറിയാം ഇതൊരു സ്വപ്നമാണെന്ന്. പക്ഷേ ഈ സ്വപ്നമെന്താ തീരാത്തത്. എനിക്കെന്റെ അച്ചന്റേം അമ്മേടേം അടുത്തെത്തണം. ബ്രഷ് നെഞ്ചോടു ചേർത്തുവച്ച് ഞാൻ കരയാൻ തുടങ്ങി. കരച്ചിലിന്റെ ശബ്ദം പതിവുപോലെ പുറത്തേക്കു വരുന്നില്ല. ഞാൻ അലറിക്കരഞ്ഞു. ഒച്ചമാത്രം പുറത്തേക്കുവരുന്നില്ല. മേഘങ്ങൾക്കിടയിൽ പരിചയമുള്ള ആരെയൊക്കെയോ കാണുന്നുണ്ട്. അതിൽ അച്ചനും അമ്മയും വല്യച്ചനും ഹേമേച്ചിയും ജോൺസാറും കൂട്ടുകാരിൽ ചിലരും ഒക്കെയുണ്ട്. വലിയൊരു പെട്ടിയും തലയിൽ വച്ച് മേഘങ്ങൾക്കിടയിലൂടെ അച്ചൻ നടന്നുപോകുന്നുണ്ട്. അമ്മ മറ്റൊരു മേഘത്തിലിരുന്ന് മടിയിലെ മുറത്തിൽ നിന്ന് അരിയിലെ കല്ലോ മറ്റോ പെറുക്കിക്കളയുകയാണ്. വല്യച്ചൻ പത്രംവായിച്ച് ചാരുകസേരയിൽ കിടന്ന് ഉറങ്ങിപ്പോയിരിക്കുന്നു. ഹേമേച്ചി മുട്ടൊപ്പം വെള്ളത്തിൽ തോട് നീന്തിക്കടക്കുകയാണ്. കുറെ മീനുകൾകൂടി ഹേമേച്ചിയുടെ ചുറ്റുവട്ടത്തുണ്ട്. ജോൺസാർ ഒടിഞ്ഞ ചോക്കുകഷ്ണങ്ങൾ ഒട്ടിച്ചു ചേർക്കാനോ മറ്റോ ശ്രമിക്കുകയാണ് എന്നു തോന്നുന്നു. കൂട്ടുകാരൊക്കെ ഊഞ്ഞാലാടുകയാണ്. മേഘങ്ങൾ നിറയെ ഊഞ്ഞാലുകൾ. വലിയൊരു മേഘത്തിലാണ് സ്കൂളിരിക്കുന്നത്. മറ്റൊന്നിലൂടെ ഹേമേച്ചി കോളജിൽ പോകുന്ന ബസ്സ് ഓടുന്നു. പക്ഷേ ആരുംതന്നെ എന്നെ ശ്രദ്ധിക്കുന്നില്ലായെന്ന് എനിക്ക് പതുക്കെയാണ് മനസ്സിലായത്. ഓരോരുത്തരും അവരോരുടെ ലോകത്താണ്. ചിരിച്ചും കൈകൾ ഉയർത്തി

കാട്ടിയും ഞാനവരുടെ ശ്രദ്ധക്ഷണിക്കാൻ ശ്രമിച്ചു. ആരും കണ്ടഭാവംപോലും നടിക്കുന്നില്ല. ഞാൻ ഒച്ചവയ്ക്കുകയും കൈകാലുകളിട്ടടിച്ച് ബഹളം വയ്ക്കുകയും ചെയ്തു. ഒരാൾക്കും ഒരു കൂസലുമില്ല. ഒട്ടിച്ചുവച്ച മുഖഭാവത്തോടെ സകലരും അവരുടെ ജോലി തുടരുകയാണ്. എന്റെയുള്ളിൽ കരച്ചിലിന്റെ വലിയൊരു കാർമേഘം ഉരുണ്ടുകൂടിക്കൊണ്ടിരുന്നു. എനിക്കെത്രയും പെട്ടെന്ന് എന്റെ അച്ഛന്റേം അമ്മേടേം അടുത്തെത്തണം. ഞാൻ പെയ്തു തുടങ്ങി. ബ്രഷ് നെഞ്ചോടു ചേർത്തുപിടിച്ചു... അമ്മേ എന്നല്ലാതെ മറ്റൊന്നുമില്ലായിരുന്നു എനിക്കു വിളിക്കാൻ. എന്റെ വായിൽ നിന്ന് ആദ്യമായി ഒരു ശബ്ദം പുറത്തേക്കു കുതിച്ചു... ''അമ്മേ'' സ്വപ്നത്തിലാണെങ്കിലും അമ്മമാർക്ക് മക്കളുടെ വിളി കേട്ടിടത്തേക്ക് നോക്കാതിരിക്കാൻ കഴിയില്ലെന്ന് എനിക്കറിയാമായിരുന്നു. അരിയിലെ കല്ലു പെറുക്കുന്നതിനിടയിൽ എന്റെ ഒച്ച കേട്ടിടത്തേക്ക് അമ്മ മുഖം തിരിച്ചുനോക്കി. മഞ്ഞിൽ പുതഞ്ഞ ചില്ലുജാലകത്തിന് അപ്പുറത്തുനിന്നെന്ന പോലെ അമ്മയുടെ മുഖം തെളിഞ്ഞു തെളിഞ്ഞ് അടുത്തടുത്തുവന്നു. തൊട്ടുപിന്നാലെ അച്ഛന്റെ മുഖവും. കാണെക്കാണെ അച്ഛന്റേം അമ്മേടം എന്റെയും മുഖങ്ങൾക്കിടയിലുണ്ടായിരുന്ന മഞ്ഞുമറ നേർത്തു നേർത്ത് ഇല്ലാതായി. ഇരുവരുടെയും ചുണ്ടുകൾ എന്റെ കവിളിൽ ഒരുമിച്ച് അമർന്നു. ഞാനുണർന്നു. മേഘങ്ങളെല്ലാം ആകാശത്തിലേക്ക് പിൻവാങ്ങി.

## 7

''ഇന്നല്ലേ ഇവന് സ്കൂളിൽ പടംവര മത്സരം'' അച്ഛൻ അമ്മയോടു ചോദിച്ചു.

''അതേയതേ... ഇന്നാണ്. അതുകാരണം ഇന്നലെയീ ചെക്കൻ ഒരുപോള കണ്ണടച്ചിട്ടില്ല... എന്നേം ഉറക്കീല്ല.'' അമ്മയെന്നെ എണീപ്പിച്ച് ഇരുത്തിക്കൊണ്ട് പറഞ്ഞു. ഞാൻ ഉറക്കച്ചടവോടെ എണീറ്റിരുന്നു.

ഉറക്കം ശരിയാകാത്തതിനാൽ എനിക്ക് നല്ല ക്ഷീണം തോന്നി.

''ഇങ്ങനെ തളർന്നു കുത്തിയിരിക്കാതെ പല്ലുതേച്ച് വേഗം പോയി കുളിച്ചിട്ടു വന്നേ... പോണ്ടേ സ്കൂളിൽ.'' അമ്മ വിടാൻ ഭാവമില്ലായിരുന്നു.

ഇറയത്തു തൂക്കിയിട്ടിട്ടുള്ളകലത്തിൽ നിന്ന് ഉമിക്കരി നുള്ളിയെടുത്ത് വായിലിട്ടു പല്ലുതേച്ചുകൊണ്ട് തോർത്തും സോപ്പുമായി ഞാൻ പറമ്പിന്നതിരിലെ തോട്ടുകടവിലേക്കു നടന്നു. പോകുന്ന പോക്കിൽ തൈതെങ്ങിലെ ഓലയിൽ നിന്ന് ഒരീർക്കിലെടുത്ത് കീറി നാക്കുവടിച്ചു. പൂവരശ്ശിൽ കെട്ടിയിരുന്ന കറമ്പിപ്പശു എന്നെക്കണ്ടതും തലയുയർത്തി നോക്കി ഒന്നു മുരണ്ടു.

ഇറയത്തു തൂക്കിയിട്ടിട്ടുള്ള കലത്തിൽ നിന്ന് ഉമിക്കരി നുള്ളിയെടുത്ത് വായിലിട്ടു പല്ലുതേച്ചുകൊണ്ട് തോർത്തും സോപ്പുമായി ഞാൻ പറമ്പിന്നതിരിലെ തോട്ടുകടവിലേക്കു നടന്നു. പോകുന്ന പോക്കിൽ തൈതെങ്ങിലെ ഓലയിൽ നിന്ന് ഒരീർക്കിലെടുത്ത് കീറി നാക്കുവടിച്ചു. പൂവരശ്ശിൽ കെട്ടിയിരുന്ന കറമ്പിപ്പശു എന്നെക്കണ്ടതും തലയുയർത്തി നോക്കി ഒന്നു മുരണ്ടു. വാലിളക്കി ഒരു ഗുഡ്മോണിങ് പറഞ്ഞു. ഞാനതിന്റെ കഴുത്തിലൊന്നു ചൊറിഞ്ഞുകൊടുത്തു. അത് ഇഷ്ടപ്പെടാത്ത മട്ടിൽ പശുക്കുട്ടി എന്നെയൊന്നു നോക്കിയിട്ട് ഒരു ലക്ഷ്യവുമില്ലാതെ ഒറ്റയോട്ടം. എനിക്കു ചിരിവന്നു. കടവിലെ തിട്ടയിലുണ്ടായിരുന്ന ആമ തോട്ടിലേക്കും കുളക്കോഴി കൈതക്കാട്ടിലേക്കും ഓടി എന്നോടുള്ള ബഹുമാനം കാണിച്ചു. കുളികഴിഞ്ഞപ്പോൾ ഉന്മേഷമായി. തോട്ടിൽ ഒന്നു മുങ്ങിപ്പൊങ്ങിയാൽ പിന്നെ ഏതു ക്ഷീണവും പമ്പകടക്കും.

ചക്കരക്കാപ്പി ഊതിക്കുടിച്ചു. ചക്കരയും തേങ്ങാപ്പീരയും വച്ച ചൂടുഗോതമ്പട കഴിച്ചെന്നു വരുത്തി. പുത്തൻ കളർബോക്സും, ബ്രഷുകളും വെള്ളമെടുക്കാനൊരു പ്ലാസ്റ്റിക് ഗ്ലാസും തുണി സഞ്ചിയിലിട്ട് ഞാനെന്ന ചിത്രകാരൻ സ്കൂളിലേക്കു നടന്നുതുടങ്ങി. പറമ്പിലെ സകല മരങ്ങളും പക്ഷിമൃഗാദികളും എന്നെ യാത്രയാക്കുന്നതായി എനിക്കു തോന്നി. പശൂന് കാടിവെള്ളം കൊടുക്കുന്നതിനിടയിൽ അമ്മ എന്റെ പോക്ക് നോക്കി നിൽക്കുന്നുണ്ട്. സ്കൂളിലേക്കു നടന്നു പോകാനുള്ള ദൂരമേയുള്ളൂ. വേഗം നടക്കൂ... വേഗം നടക്കൂ... കുഞ്ഞൂ... എന്നാരോ ഉള്ളിലിരുന്ന് തള്ളുന്നതുപോലെ. ഇതെന്തായിങ്ങനെ എനിക്കാകെ കൗതുകമായി. മറ്റൊരു ദിവസമില്ലല്ലോ ഇങ്ങനെയൊരു തള്ളൽ. എനിക്ക് നടത്തത്തിന്റെ വേഗത കൂട്ടാതിരിക്കാൻ കഴിഞ്ഞില്ല. എന്റെ കാലുകൾ നിലത്തു തൊടുന്നതായിപ്പോലും തോന്നുന്നില്ല. ഏതോ കാറ്റിൻപിടിയിൽ അകപ്പെട്ടതുപോലെ. മനസ്സിലോർക്കുന്ന ചിത്രങ്ങളൊക്കെ ഉള്ളിലിരുന്നാരോ കൈപിടിച്ചു വരപ്പിച്ചുതരുന്നപോലെ. സ്കൂളിലേക്കുള്ള ദൂരം കുറഞ്ഞു കുറഞ്ഞുവന്നുകൊണ്ടിരുന്നു.

# വായന

കെ കെ പല്ലശ്ശന

വായിക്കാം അമ്മയെ
ആയിരം നന്മയെ
വാനോളം സ്നേഹത്തെ
കടലാഴം സഹനത്തെ

വായിക്കാം മണ്ണിനെ
വരമാം മരങ്ങളെ
നേരിന്റെ വേരിനെ
നീരിന്നുറവയെ

വായിക്കാം വിണ്ണിനെ
വാർമഴവില്ലിനെ
കാർമുകിലഴകിനെ
ചെറുമഴത്തുള്ളിയെ

വായിക്കാം പുലരിയെ
പൊൻകിരണങ്ങളെ
പൂമന്ദഹാസത്തെ
തൂമഞ്ഞുതുള്ളിയെ

വായിക്കാം പകലിനെ
വെയിലുണ്ണും പച്ചയെ
ഒരുസൂര്യകാന്തിയെ
താമരപ്പൊയ്കയെ

വായിക്കാം സന്ധ്യയെ
മായുന്ന സൂര്യനെ
വീഴുന്ന പൂവിനെ
കേഴുന്ന പക്ഷിയെ

വായിക്കാം രാവിനെ
അമ്പിളിത്തോണിയെ
താരകപ്പൂക്കളെ
താരാട്ടുപാട്ടിനെ

വായിക്കാം നമ്മളെ
വളയാതിരിക്കുവാൻ
വരളാതിരിക്കുവാൻ
വരമായിരിക്കുവാൻ.

വര: സുജിത് പി വി



# ഒരു പശ്ചാത്താപത്തിന്റെ കഥ

ജി കമലമ്മ

**സ്വന്തം നാടിനും മനുഷ്യരാശിക്കും വേണ്ടി അഹോരാത്രം യത്നിച്ച നമ്മുടെ ബാപ്പുജി. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിനു അറുപത് ആണ്ടു തികയുന്ന ഈ വേളയിൽ സത്യത്തിന്റെയും അഹിംസയുടെയും മാർഗത്തിൽ സഞ്ചരിക്കാൻ അദ്ദേഹത്തിനു പ്രേരണ നൽകിയ ചില കുട്ടിക്കാല അനുഭവങ്ങളിലേക്കു വിരൽ ചൂണ്ടുകയാണ് ഈ ലേഖനം.**

ഹൈസ്ക്കൂൾ വിദ്യാർഥിയായിരുന്ന കാലത്ത് ഗാന്ധി തന്നെക്കാൾ പ്രായമുള്ള ഒരു സ്നേഹിതനുണ്ടായിരുന്നു. അയാൾ വലിയ രാജ്യസ്നേഹിയായിരുന്നു. ഗാന്ധിജി അയാളെ ജ്യേഷ്ഠസഹോദരനെപ്പോലെ ബഹുമാനിച്ചു. അയാൾ കൊച്ചുഗാന്ധിയോട് ഇങ്ങനെ പറയും. 'വെറുതെയാണോ ഇംഗ്ലീഷുകാർ നമ്മെ ഭരിക്കുന്നത്, നമ്മെ അടിമയാക്കുന്നത്. മാംസം ഭക്ഷിച്ച് നല്ല ശക്തരും, ധീരൻമാരുമാണവർ, സസ്യഭുക്കുകളായ നമുക്ക് ശക്തിയും ധൈര്യവും കുറവാണ്. ഇംഗ്ലീഷുകാരെ നമ്മുടെ നാട്ടിൽ നിന്ന് ഓടിക്കണം. അതിന് നമ്മളും മാംസാഹാരം കഴിച്ച് നല്ല ശക്തിയും ധൈര്യവും നേടണം.'

വിദ്യാർഥികളിൽ സ്വരാജ്യ സ്നേഹം വളർന്നുവരുന്ന കാലമായിരുന്നു അത്. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്നതിൽ ഇന്ത്യക്കാർ ഒന്നടങ്കം അസംതൃപ്തരായിരുന്നു. ആ യുവസ്നേഹിതന്റെ ചിന്താഗതി ശരിയാണെന്ന് അന്ന് ആ ബാലനും തോന്നി. പക്ഷെ, ഗാന്ധി കുടുംബക്കാർ വൈഷ്ണവരാണ് – കടുത്ത യാഥാസ്ഥിതികർ. വീട്ടിൽ മാംസം കൊണ്ടുവന്നാൽ, പാകംചെയ്ത് കഴിച്ചാൽ അച്ഛൻ സഹിക്കുകയില്ല. പിന്നെ അച്ഛൻ എന്താണ് ചെയ്യുന്നതെന്നറിയാൻ പറ്റില്ല. അച്ഛനെയും



ഗാന്ധിജി ഏഴുവയസ്സുള്ളപ്പോൾ

കുടുംബത്തിന്റെ പാരമ്പര്യത്തെയും ധിക്കരിക്കാൻ കൊച്ചുഗാന്ധിക്കു മനസ്സുവന്നില്ല. പക്ഷെ സ്വരാജ്യസ്നേഹം ആ ബാലനെ വികാരധീനനാക്കി. മാതൃഭൂമിയെ വിദേശികളിൽ നിന്ന് മോചിപ്പിക്കുന്നതിനു വേണ്ടി എന്തും സഹിക്കണം എന്നായിരുന്നു അടുത്തനിമിഷം ഉണ്ടായ ചിന്ത. ഈ ഘട്ടത്തിൽ സ്നേഹിതന്റെ ഉപദേശം അനുസരിച്ചു. ഒരു വിജനസ്ഥലത്തിരുന്ന് അവർ മാംസം ഭക്ഷിച്ചു. ആട്ടിറച്ചി കടിച്ചു ചവച്ചു തിന്നപ്പോൾ ഗാന്ധിക്ക് വെറുപ്പു തോന്നി.

ആദ്യമായി മാംസം ഭക്ഷിച്ച ദിവസം ഗാന്ധിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. പാതിര കഴിഞ്ഞ് ഒന്നുമയങ്ങിയപ്പോൾ വയറ്റിൽ കിടന്ന് ആടു കരയുന്നതായി തോന്നി. ഞെട്ടി ഉണർന്നു. കുറെ സമയം കഴിഞ്ഞ് അല്പമൊന്നു മയങ്ങി. അപ്പോൾ ആട് കൊമ്പും കുലുക്കി തന്റെ അരികിൽ നിൽക്കുന്നതായി സ്വപ്നം കണ്ടു. ഭയന്നു നിലവിളിച്ച് ഞെട്ടിയുണർന്നു. പിന്നെ ഉറങ്ങാൻ കഴിഞ്ഞില്ല. വലിയ ദുഃഖം തോന്നി. രാത്രിയിലുണ്ടായ അനുഭവങ്ങൾ അടുത്ത ദിവസം സ്നേഹിതനോടു പറഞ്ഞു. അയാൾ പലതും പറഞ്ഞ് കൊച്ചു ഗാന്ധിയെ സമാധാനിപ്പിച്ചു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ വളരെ രുചികരമായി പാകം ചെയ്ത ഇറച്ചികൊണ്ടുവന്ന് സ്നേഹിതൻ സൽക്കരിച്ചു. മറ്റാരും അറിയാതെ ഇങ്ങനെ പലതവണ മോഹൻദാസ് മാംസഭക്ഷണം കഴിച്ചു. ആ ദിവസങ്ങളിൽ രാത്രി വിശപ്പുണ്ടായില്ല. അത്താഴം കഴിക്കാത്തതെന്തെന്ന് അമ്മ ചോദിച്ചു. 'വയറിനു നല്ല സുഖമില്ല' എന്നായിരുന്നു മറുപടി. പാവം അമ്മ അതു വിശ്വസിച്ചു.

അമ്മയോട് പല പ്രാവശ്യം കള്ളം പറയേണ്ടിവന്നു. ഗാന്ധി തന്റെ പ്രവൃത്തിയെക്കുറിച്ച് വീണ്ടും ആലോചിച്ചു. അച്ഛനും അമ്മയും തന്റെ കുടുംബാംഗങ്ങളും വെറുക്കുന്ന കൃത്യമാണ് താൻ ചെയ്യുന്നത്. ചെയ്തുപോയ കുറ്റങ്ങളോർത്ത് ആ ബാലൻ വേദനിച്ചു. ഗാന്ധി ഒരുറച്ച തീരുമാനത്തിലെത്തി. 'അമ്മയോട് കള്ളം പറയില്ല. ഇത്ര വലിയ ഒരു പാപകർമ്മം ഇനി ഒരിക്കലും ചെയ്യുകയില്ല. ആരോഗ്യം മോശപ്പെട്ടാലും; സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ആയാലും ഇനി മാംസം ഭക്ഷിക്കുകയില്ല.'


ഗാന്ധിജി മൂത്തസഹോദരൻ ലക്ഷ്മിദാസിനൊപ്പം

ഗാന്ധി തന്റെ തീരുമാനം കൂട്ടുകാരനെ അറിയിച്ചു. കൂട്ടുകാരൻ വീണ്ടും പ്രലോഭിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ, ഗാന്ധി കൂട്ടാക്കിയില്ല. കള്ളം പറഞ്ഞുപോകും എന്നു തോന്നുമ്പോഴെല്ലാം സത്യത്തിനു വേണ്ടി കുടുംബംപോലും ത്യജിച്ച ഹരിചന്ദ്രമഹാരാജാവിന്റെ കഥ ഓർക്കും. അത് ആ ബാലനെ സത്യത്തെ മുറുകെ പിടിക്കാൻ സഹായിച്ചു.

ഗാന്ധി പിന്നെയും ഒരു പരീക്ഷണത്തിൽ അകപ്പെട്ടു. ഒരു സ്നേഹിതന് കുറച്ചു പണം കൊടുക്കാനുണ്ടായിരുന്നു. മറ്റു വഴിയൊന്നും കാണാത്തതിനാൽ ജ്യേഷ്ഠന്റെ വളയിൽ നിന്ന് ഒരു കഷണം മുറിച്ചെടുത്തു വിറ്റു. ആ പണം കൊണ്ട് കടം തീർത്തു. പക്ഷെ, മനസ്സിനു സമാധാനം ഇല്ലാതായി. താൻ ചെയ്തുപോയ പാപം അച്ഛനോട് ഏറ്റുപറയണമെന്നു തോന്നി. അച്ഛൻ ദയാലുവാണ്. അദ്ദേഹം കുട്ടികളെ സാധാരണ ശിക്ഷിക്കാറില്ല. താൻ ചെയ്ത തെറ്റിനെക്കുറിച്ച് കേൾക്കുമ്പോൾ അച്ഛൻ എത്രമാത്രം വേദനിക്കും; കുറ്റം ഏറ്റു പറയാൻ തന്നെ ഗാന്ധി തീരുമാനിച്ചു. എങ്കിലും അച്ഛനോടു സംഗതികൾ നേരിട്ടു പറയാനുള്ള ധൈര്യം ഉണ്ടാ



കരംചന്ദ് ഗാന്ധി

**ഗാന്ധി കുറ്റസമ്മതം എഴുതിയ കടലാസ്സ് അച്ഛന്റെ കൈയിൽ കൊടുത്തു. കട്ടിലിനരികിലേക്കു മാറിനിന്നു. അപ്പോൾ കുട്ടിയുടെ കൈ വിറയ്ക്കുകയായിരുന്നു. അച്ഛൻ കിടന്നുകൊണ്ടുതന്നെ കത്തുവായിക്കാൻ തുടങ്ങി. കുറച്ചു ഭാഗം വായിച്ചു കഴിഞ്ഞ് അദ്ദേഹം എഴുന്നേറ്റിരുന്നു. കത്ത് തുടർന്നു വായിച്ചു. ആ പിതാവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.**

യില്ല. ഗാന്ധി തന്റെ മുറിയിൽ പോയിരുന്ന് ഒരു കടലാസെടുത്ത് മനസ്സിൽ തോന്നിയതെല്ലാം കുത്തിക്കുറിച്ചു. ഒടുവിൽ താൻ ചെയ്തുപോയ തെറ്റിൽ പശ്ചാത്തപിക്കുന്നുവെന്നും അച്ഛൻ മാപ്പുകൊടുക്കണമെന്നും എഴുതി. ഗാന്ധിയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. കടലാസ്സിൽ പല ഭാഗത്തും കണ്ണുനീർത്തുള്ളികൾ ഇറ്റിറ്റുവീണു.

അച്ഛൻ സുഖമില്ലാതെ കിടക്കുകയാണ്, ഗാന്ധി കുറ്റസമ്മതം എഴുതിയ കടലാസ്സ് അച്ഛന്റെ കൈയിൽ കൊടുത്തു. കട്ടിലിനരികിലേക്കു മാറിനിന്നു. അപ്പോൾ കുട്ടിയുടെ കൈ വിറയ്ക്കുകയായിരുന്നു. അച്ഛൻ കിടന്നുകൊണ്ടുതന്നെ കത്തുവായിക്കാൻ തുടങ്ങി. കുറച്ചു ഭാഗം വായിച്ചു കഴിഞ്ഞ് അദ്ദേഹം എഴുന്നേറ്റിരുന്നു. കത്ത് തുടർന്നു വായിച്ചു. ആ പിതാവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. കണ്ണുനീർ കടലാസ്സിൽ ഇറ്റിറ്റു വീണു. ഒടുവിൽ അച്ഛൻ മകനെ ഒന്നു നോക്കി. ആ കടലാസ് തുണ്ടു തുണ്ടായി കീറിക്കളഞ്ഞു. വീണ്ടും കിടക്കയിലേക്ക് ചാഞ്ഞു. ആ കണ്ണുകളിൽ നിന്നും ബാഷ്പം ധാരധാരയായി ഒഴുകി.

കൊച്ചുഗാന്ധി കുറച്ചുനേരം അച്ഛനെ നോക്കിനിന്നു. അച്ഛന്റെ കണ്ണുനീർ കണ്ടു നിൽക്കാൻ കഴിഞ്ഞില്ല. ആ ബാലൻ വാവിട്ടു കരഞ്ഞു. കണ്ണുനീർ ആ പാപഭാരം കഴുകിക്കളഞ്ഞു. സത്യത്തിന്റെ മാർഗത്തിൽ സഞ്ചരിക്കുന്നതിന് ഈ സംഭവം ഗാന്ധിജിക്ക് പ്രചോദനമായി.

(ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച *കുട്ടികളുടെ മഹാത്മാഗാന്ധി* എന്ന പുസ്തകത്തിൽ നിന്നും എടുത്തത്.)

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തവുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

എഡിറ്റർ
തളിര്
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം,
സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34



# പുതുവർഷ കേക്ക്

**സുമ ശിവദാസ്**

പുതുവർഷമല്ലേ നമുക്കൊരു കേക്ക് ഉണ്ടാക്കാം. കേക്ക് ഉണ്ടാക്കാൻ നമുക്ക് ഓവൻ(അവ്ൻ) വേണം. തത്കാലം അവ്ൻ ഇല്ലാത്തവർക്ക് പ്രഷർ കുക്കറിൽ ഉണ്ടാക്കാം. അതും ഇല്ലെങ്കിലും വിഷമിക്കേണ്ട മിക്ക ഉൾപ്രദേശങ്ങളിലും ബേക്കറികൾ ധാരാളമുണ്ട്. പല ബേക്കറിക്കും സ്വന്തമായി ബോർമകളും ഉണ്ടാവും. അവർ കേക്ക് ഉണ്ടാക്കുന്ന ദിവസം നമ്മുടെ കൂട്ടും അവരുടെ കൈയിൽ കൊടുക്കുക. ബേക്ക് ചെയ്തുതരും. നേരത്തെ ചോദിച്ച് പറഞ്ഞുറപ്പിച്ച് കൂട്ട് അന്നുതന്നെ ഉണ്ടാക്കി അവരെ ഏൽപ്പിക്കണം എന്നു മാത്രം.


അപ്പോൾ നമുക്കു തുടങ്ങാം. വേണ്ടത് വെണ്ണ, പഞ്ചസാരപൊടിച്ചത്, മുട്ട, മൈദ, ബേക്കിങ് പൗഡർ, വാനില എസ്സൻസ്, പാൽ ഇത്രമാത്രം. ഇനി അളവു പറയാം. ഒരു കപ്പ് വെണ്ണ, 2 കപ്പ് പഞ്ചസാര പൊടിച്ചത്, 3 കപ്പ് മൈദ, 4 മുട്ട അത്ര തന്നെ. ഇതിന്റെ അനുപാതം 1,2,3,4 എന്നാണ്. സാധാരണ ഇടത്തരം സ്റ്റീൽ ഗ്ലാസിലും എടുക്കാം. അതായത് 250 മില്ലീലിറ്റർ ആണ് 1 കപ്പ്.

ഇനി നമുക്ക് വെണ്ണയും പഞ്ചസാരയും കൂടി നന്നായി കൈകൊണ്ട് യോജിപ്പിക്കുക. പതഞ്ഞ് അയഞ്ഞ് പൊന്തി ക്രീം കളറിൽ വന്നാൽ ഓരോ മുട്ടവീതം പൊട്ടിച്ച് ഒഴിക്കുക. വീണ്ടും ഇളക്കി യോജിപ്പിക്കുക. മൈദയും 1 1/2 ടീസ്പൂൺ ബേക്കിങ്പൗഡറും കൂടി ഇളക്കി അരിപ്പയിൽ കൂടി അരിച്ചത് രണ്ടുമൂന്നു പ്രാവശ്യമായി ചേർത്ത് മെല്ലെ ഇളക്കി യോജിപ്പിക്കുക. ഓരോ പ്രാവശ്യവും ഇനി വാനില എസ്സൻസ് 1 1/2 ടീസ്പൂൺ കഷ്ടിച്ച് 1 കപ്പ് പാലിൽ ചേർത്ത് ഇളക്കുക അതും 2-3 തവണയായി ഒഴിച്ച് മെല്ലെ യോജിപ്പിക്കുക.

പരന്ന, രണ്ടു മൂന്നിഞ്ച് ഉയരമുള്ള രണ്ട് അലുമിനിയം പാത്രത്തിലേക്ക് ഈ കൂട്ട് വയ്ക്കുക. ഈ പാത്രം എളുപ്പം ഇറക്കി വയ്ക്കാൻ കഴിയും വിധമുള്ള പ്രഷർകുക്കറാണ് എടുക്കേണ്ടത്. അതിന്റെ അടിയിലുള്ള തട്ട് വയ്ക്കുക. കുക്കർഗ്യാസടുപ്പിൽ വയ്ക്കുക. വെള്ളം ഒഴിക്കരുത്. ചെറിയ തീ മതി (സിം) കേക്കുപാത്രം മെല്ലെ ഇറക്കി വയ്ക്കുക. കുക്കറിന്റെ അടപ്പ്, ഗാസ്കറ്റ് എന്ന റബർറിംഗ് ഇടാതെ അടയ്ക്കുക. വെയ്റ്റ് വയ്ക്കരുത്. 40-45 മിനിറ്റ് കൊണ്ട് നന്നായി പൊന്തി വെന്തിരിക്കും. പുറത്തേക്ക് കേക്ക് മണം ഒഴുകിപരക്കും. അടപ്പു തുറന്ന് ഒരു ഈർക്കിൽ കൊണ്ട് കുത്തി നോക്കുക. ഈർക്കിലിൽ ഒന്നും പിടിച്ചിരിപ്പില്ലെങ്കിൽ വെന്തു എന്നർഥം. കേക്കിന്റെ അറ്റം പാത്രത്തിൽ നിന്നും വിട്ടിരിക്കുകയും ചെയ്യും. തീ ഓഫ് ചെയ്യുക. കുറച്ചു നേരം അങ്ങനെ തുറന്നു തന്നെ ഇരിക്കട്ടെ. കുക്കർ കുറച്ചു തണുത്താൽ കേക്കുപാത്രം തിരിച്ചെടുക്കാം. കുറച്ചുകൂടി തണുത്താൽ മെല്ലെ ഒരു പ്ലേറ്റിലേക്ക് കമഴ്ത്തിഇടയാതെ എടുക്കാം.

ഈർക്കിൽ നോക്കി വെന്തില്ലെങ്കിൽ വീണ്ടും അതേപോലെ അടച്ച് 1 മണിക്കൂർ വരെ വേവിക്കേണ്ടിവരും. അവ്ൻ ഉള്ളവർക്ക് 20-25 മിനിറ്റിൽ പുറം ബ്രൗൺ ആയ കേക്ക് ഉണ്ടാക്കാം. 180°C ചൂട് വേണം.

പിറ്റേന്നത്തേക്ക് കേക്ക് കൂടുതൽ രുചിയോടെയും കഴിക്കാം.




# ഹാപ്പി ന്യൂ ഇയർ

**പള്ളിയറ ശ്രീധരൻ**

ലോകത്തിൽ ഏറ്റവും കൂടുതൽ പേർ പങ്കാളികളാകുന്ന ഉത്സവമാണ് പുതുവത്സരാഘോഷം. കോടിക്കണക്കിന് ആശംസകൾ ഇന്റർനെറ്റിലൂടെയും ഫോൺ വഴിയും തപാലിലൂടെയും, നേരിട്ടും ഒഴുകിക്കൊണ്ടിരിക്കുന്നു. ഒപ്പം ക്രിസ്തുമസ് ആശംസകളും.

2009 ൽ ലോകത്തു നടന്ന ചില ഗമണ്ടൻ പുതുവത്സരാഘോഷങ്ങളുടെ വിശേഷങ്ങളിതാ. ന്യൂയോർക്കിലെ നവവത്സരാഘോഷങ്ങളിലാണ് ഏറ്റവും കൂടുതൽ പേർ പങ്കെടുത്തിരുന്നത്. മൂന്ന് കോടിയിലധികം പേർ. മധ്യചിലിയിലെ വൽപരായിസോവിലെ ആഘോഷങ്ങളിൽ പങ്കെടുത്തത് രണ്ടു കോടിയിലേറെ പേർ. 25 മിനിറ്റ് നീണ്ടുനിന്ന വെടിക്കെട്ട് ഒരുക്കിയത് 21 കിലോമീറ്റർ നീളത്തിലായിരുന്നു! സിഡ്നിയിൽ നടന്ന പുതുവർഷാഘോഷത്തിൽ പങ്കെടുത്തത് ഒന്നരക്കോടിയിലധികം പേർ! ലോകത്ത് ഏറ്റവും കൂടുതൽ പേർ കണ്ടുകൊണ്ടിരിക്കുന്ന ടി വി പരിപാടിയും നവവത്സരാഘോഷത്തിന്റേതു തന്നെ.

ഓരോരോ രാജ്യത്തും പ്രദേശങ്ങളിൽത്തന്നെയും പ്രത്യേകം പ്രത്യേകം കലണ്ടറുകൾ ഉണ്ട്. ഈ കലണ്ടറുകളിലെല്ലാം തന്നെ വർഷം ആരംഭിക്കുന്നത് വ്യത്യസ്ത തീയതികളിലാണ്. മലയാളികൾക്ക് നവവത്സരാഘോഷം വിഷുദിനത്തിലാണെങ്കിൽ തമിഴ്നാട്ടുകാർക്ക് ഹിന്ദു കലണ്ടറിനെ ആസ്പദമാക്കി ചൈത്രമാസത്തിൽ ഉഗാദിയാണ്. പക്ഷെ ഒരു പൊതു കലണ്ടർ എന്ന നിലയിൽ ഗ്രിഗോറിയൻ കലണ്ടർ ലോകത്തിന്റെ ഭൂരിപക്ഷം പ്രദേശത്തും ഉപയോഗിക്കുന്നു. അവിടെയല്ലാം ജനുവരി ഒന്ന് നവവത്സരദിനമാണ്.




ഗ്രിഗോറിയൻ കലണ്ടർ

മിക്കയിടത്തും പ്രധാന ആഘോഷം വെടിക്കെട്ട് തന്നെ. ഡിസംബർ 31 ന് അർധരാത്രി ആയാൽ പുതു വർഷത്തെ ആഘോഷപൂർവം വരവേൽക്കുന്നു. ലണ്ടൻ ജനതയ്ക്ക് വെടിക്കെട്ടും ന്യൂഇയർ പരേഡുമാണ് പ്രധാനമെങ്കിലും ജൂതന്മാർക്ക് ഭക്ഷണമാണ് പ്രധാനം. മധുരമുള്ള പുതുദിനത്തെ തേൻകൊണ്ടാണ് അവർ ആഘോഷിക്കുന്നത്. തേനിൽ മുക്കിയ ആപ്പിൾ വർഷം മുഴുവൻ മധുരം നിറഞ്ഞതാകാൻ പ്രാർത്ഥിച്ചുകൊണ്ട് ആസ്വദിക്കുന്നു.

ലോകത്തിൽ എല്ലായിടത്തും ആഘോഷിക്കുന്ന നവവത്സരദിനം ഒന്നായതിൽ വലിയ ഗണിതമുണ്ട്. ജനുവരി ഒന്ന് ഒന്നാം ദിനമായ ഗ്രിഗോറിയൻ കലണ്ടറിന്റെ അടിസ്ഥാനം റോമൻ കലണ്ടറാണ്. റോമൻ കലണ്ടറിൽ ആദ്യദിനം മാർച്ച് 1 ആയിരുന്നു. അതായത് മാർച്ച് മുതലാണ് വർഷം ആരംഭിച്ചിരുന്നത്. ഇതുകൊണ്ടാണ് 7, 8, 9, 10 എന്നീ മാസങ്ങൾക്ക് ക്രമത്തിൽ സെപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ പേരുകൾ വന്നത് . ജനുവരി പതിനൊന്നാമത്തെ മാസമാ

# ROMAN CALENDAR

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| I | A K·IAN·F | H K·FEB·N | D K·MAR·NP | C K·APR·F | A K·MAI·F | H K·IVN·N | F K·IVL·N | E K·AVG·F | D K·SEP·F | B K·OCT·N | A K·NOV·F | G K·DEC·N | 1 |
| II | B F | A N | E F | D F | B F | A F | G N | F F | E F | C F | B F | H N | 2 |
| III | C C | B N | F C | E C | C C | B C | H N | G C | F C | D C | C C | A N | 3 |
| IV | D C | C N | G C | F C | D C | C C | A N | H C | G C | E C | D C | B C | 4 |
| V | E NON·F | D NON·N | H C | G NON·N | E C | D NON·N | B POPLI·NP | A NON·N | H NON·N | F C | E NON·N | C NON·N | 5 |
| VI | F F | E N | A C | H N | F C | E N | C N | B F | A F | G C | F F | D F | 6 |
| VII | G C | F N | B NON·F | A N | G NON·F | F N | D NON·N | C C | B C | H NON·F | G C | E C | 7 |
| VIII | H C | G N | C F | B N | H F | G N | E N | D C | C C | A F | H C | F C | 8 |
| IX | A AGON·NP | H N | D C | C N | A LEM·N | H VEST·N | F N | E C | D C | B C | A C | G C | 9 |
| X | B C | A N | E C | D N | B C | A N | G C | F C | E C | C C | B C | H C | 10 |
| XI | C CAR·NP | B N | F C | E N | C LEM·N | B MATR·N | H C | G C | F C | D MEDI·NP | C C | A AGON·NP | 11 |
| XII | D C | C N | G C | F N | D C | C N | A C | H C | G C F | E C | D C | B EN | 12 |
| XIII | E EIDVS·NP | D EIDVS·NP | H EN | G EIDVS·NP | E LEM·NP | D EIDVS·NP | B C | A EIDVS·NP | H EIDVS·NP | F FONT·NP | E EIDVS·NP | C EIDVS·NP | 13 |
| XIV | F EN | E N | A EQVIR·NP | H N | F C | E N | C C | B F | A F | G EN | F F | D F | 14 |
| XV | G CAR·NP | F LVPER·NP | B EIDVS·NP | A FORDI·NP | G EIDVS·NP | F Q·ST·D F | D EIDVS·NP | C C | B C F | H EIDVS·NP | G C | E CONS·NP | 15 |
| XVI | H C | G EN | C F | B N | H F | G C | E C | D C | C C | A F | H C | F C | 16 |
| XVII | A C | H QVIR·NP | D LIBER·NP | C N | A C | H C | F F | E PORT·NP | D C | B C | A C | G SATVR·NP | 17 |
| XVIII | B C | A C | E C | D N | B C | A C | G C | F C | E C | C C | B C | H C | 18 |
| XIX | C C | B C | F QVIN·NP | E CERIA·NP | C C | B C | H LVCAR·NP | G VINAL·F | F C | D ARMI·NP | C C | A OPA·NP | 19 |
| XX | D C | C C | G C | F N | D C | C C | A C | H C | G C | E C | D C | B C | 20 |
| XXI | E C | D FERA·F | H C | G PARIL·NP | E AGON·NP | D C | B LVCAR·NP | A CONS·NP | H C | F C | E C | C DIVAL·NP | 21 |
| XXII | F C | E C | A N F | H N | F N F | E C | C C | B EN | A C | G C | F C | D C | 22 |
| XXIII | G C | F TERM·NP | B TVBIL·NP | A VINAL·F | G TVBIL·NP | F C | D NEPT·NP | C VOLK·NP | B C | H C | G C | E LARE·NP | 23 |
| XXIV | H C | G REGIF·N | C Q·R·C·F F | B C | H Q·R·C·F F | G C | E C | D C | C C | A C | H C | F C | 24 |
| XXV | A C | H C | D C | C ROBIG·NP | A C | H C | F FVR·NP | E OPIC·NP | D C | B C | A C | G C | 25 |
| XXVI | B C | A EN | E C | D C | B C | A C | G N | F C | E C | C C | B C | H C | 26 |
| XXVII | C C | B EQVIR·NP | F C | E C | C C | B C | H C | G VOLT·NP | F C | D C | C C | A C | 27 |
| XXVIII | D C | C C | G C | F C | D C | C C | A C | H C | G C | E C | D C | B C | 28 |
| XXIX | E C | | H C | G C | E C | D C | B C | A C | H C | F C | E C | C C | 29 |
| XXX | F C | | A C | H C | F C | E C | C C | B C | A C | G C | F C | D C | 30 |
| XXXI | G C | | B C | | G C | | D C | C C | | H C | | E C | 31 |
| | XXXI | XXIIX | XXXI | XXX | XXXI | XXX | XXXI | XXXI | XXX | XXXI | XXX | XXXI | |

യിരുന്നു. കലണ്ടർ പരിഷ്കരണസമയത്ത് ജനുവരിയും ഫിബ്രവരിയും ആദ്യഭാഗത്ത് ചേർത്തെങ്കിലും സെപ്തംബർ, നവംബർ തുടങ്ങിയ പേരുകൾ അതേപടി നിലനിർത്തുകയുണ്ടായി.

ക്രിസ്തുവിനുമുമ്പ് 47 ലാണ് ജൂലിയസ് സീസർ അതിനുമുമ്പുണ്ടായിരുന്ന കലണ്ടർ പരിഷ്കരിച്ച് ജൂലിയൻ കലണ്ടർ പ്രാബല്യത്തിൽ വരുത്തിയത്. തുടർന്ന് 44 ൽ മാർക്ക് ആന്റണിയും 8ൽ അഗസ്തസ് സീസറും കലണ്ടർ പരിഷ്കരിച്ചു. 47നു ശേഷം 44 വന്നത് ക്രിസ്തുവിനു മുമ്പായതുകൊണ്ടാണെന്ന് ശ്രദ്ധിക്കുമല്ലോ. ഒടുവിൽ ക്രിസ്തുവർഷം 1582ൽ പോപ്പ് ഗ്രിഗറി പതിമൂന്നാമൻ പരിഷ്കരിച്ച് ഇപ്പോൾ പ്രചാരത്തിലുള്ള ഗ്രിഗോറിയൻ കലണ്ടറിന് രൂപം നൽകി. ഈസ്റ്റർ ദിനത്തിൽ വരുന്ന പിശകുകളാണ് കലണ്ടർ പരിഷ്കാരത്തിന് കാരണമായത്. ഇങ്ങനെ പരിഷ്കരിക്കുമ്പോൾ അതുവരെ നിലനിന്നിരുന്ന കലണ്ടർ പ്രകാരമുള്ള തീയതിയും പരിഷ്കരിച്ച കലണ്ടറിലെ തീയതിയും തമ്മിൽ പൊരുത്തപ്പെട്ടിരുന്നില്ല. ഇപ്പോഴത്തെ അമേരിക്ക ഉൾപ്പെടുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിൽ 1752ലാണ് ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചത്. അന്നുള്ള വ്യത്യാസം 11 ദിവസങ്ങളായിരുന്നു. ഈ 11 ദിവസം ക്രമീകരിക്കാനായി 2 സെപ്തംബർ 1752 ബുധൻ എന്ന തീയതിക്കു ശേഷം അടുത്ത തീയതി 14 സെപ്തംബർ 1752 വ്യാഴം എന്ന് തീരുമാനിച്ചു! തങ്ങളുടെ ജീവിതത്തിലെ 11 ദിവസങ്ങൾ നഷ്ടപ്പെട്ടെന്ന് മുറവിളികൂട്ടി വലിയ കോലാഹലങ്ങൾ നടക്കുകയുണ്ടായെങ്കിലും മാറ്റമൊന്നും വരുത്തിയിട്ടില്ല.

ഗ്രിഗോറിയൻ കലണ്ടർ പ്രകാരം 146097 ദിവസങ്ങൾ അഥവാ 400 വർഷങ്ങൾ കൊണ്ട് കലണ്ടർ ആവർത്തിക്കപ്പെടുന്നു എന്ന് കണക്കാക്കിയിരിക്കുന്നു. 303 സാധാരണ വർഷങ്ങളും (365 ദിവസമുള്ളത്) 97 അധിവർഷങ്ങളും (366 ദിവസമുള്ളത്) ആണ് ഈ 400 വർഷത്തിനുള്ളത്. അതായത് ഒരു ശരാശരി വർഷം എന്നാൽ 365 ദിവസം 5 മണിക്കൂർ 49 മിനിറ്റ് 12 സെക്കന്റ് ആയിരിക്കും.

ഇത്രയും കൃത്യമായ കാലപരിമാണത്തിലൂടെയാണ് നാം വർഷത്തെയും ദിവസത്തെയും അളക്കുന്നത്. ഓരോ പുതുവർഷവും പുതിയ പ്രതീക്ഷകളോടെ നമ്മുടെ മുന്നിലെത്തുന്നു. ആഘോഷങ്ങളോടൊപ്പം പലരും പുതിയപുതിയ പ്രതിജ്ഞകളെടുക്കുന്നു. ചിലർ മദ്യപാനം, പുകവലി എന്നിവ ഒഴിവാക്കാൻ തീരുമാനിക്കുന്നു. മിക്കവരും ദുഃശ്ശീലങ്ങളൊഴിവാക്കി ആരോഗ്യകരമായ ഒരു ജീവിതം തുടരാനാണ് പ്രതിജ്ഞയെടുക്കുന്നത്. വരുന്ന ഓരോ നവവത്സരദിനത്തിലും നാമോരുത്തരും നമ്മുടെയും രാജ്യത്തിന്റെയും ലോകത്തിന്റെ തന്നെയും ഉൽക്കർഷത്തിനു വേണ്ടി ഉചിതമായ പ്രതിജ്ഞകളെടുക്കാം.

palliyarasreedharan@gmail.com

# Julian Day Calendar

After the Month of February add one to the Day Number for Leap Years: 2008, 2012, 2016, 2020, 2024, 2028, 2032, 2036, 2040.......

| Day | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 | 31 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Jan | 001 | 002 | 003 | 004 | 005 | 006 | 007 | 008 | 009 | 010 | 011 | 012 | 013 | 014 | 015 | 016 | 017 | 018 | 019 | 020 | 021 | 022 | 023 | 024 | 025 | 026 | 027 | 028 | 029 | 030 | 031 |
| Feb | 032 | 033 | 034 | 035 | 036 | 037 | 038 | 039 | 040 | 041 | 042 | 043 | 044 | 045 | 046 | 047 | 048 | 049 | 050 | 051 | 052 | 053 | 054 | 055 | 056 | 057 | 058 | 059 | Leap Year 060 | | |
| Mar | 060 | 061 | 062 | 063 | 064 | 065 | 066 | 067 | 068 | 069 | 070 | 071 | 072 | 073 | 074 | 075 | 076 | 077 | 078 | 079 | 080 | 081 | 082 | 083 | 084 | 085 | 086 | 087 | 088 | 089 | 090 |
| Apr | 091 | 092 | 093 | 094 | 095 | 096 | 097 | 098 | 099 | 100 | 101 | 102 | 103 | 104 | 105 | 106 | 107 | 108 | 109 | 110 | 111 | 112 | 113 | 114 | 115 | 116 | 117 | 118 | 119 | 120 | |
| May | 121 | 122 | 123 | 124 | 125 | 126 | 127 | 128 | 129 | 130 | 131 | 132 | 133 | 134 | 135 | 136 | 137 | 138 | 139 | 140 | 141 | 142 | 143 | 144 | 145 | 146 | 147 | 148 | 149 | 150 | 151 |
| Jun | 152 | 153 | 154 | 155 | 156 | 157 | 158 | 159 | 160 | 161 | 162 | 163 | 164 | 165 | 166 | 167 | 168 | 169 | 170 | 171 | 172 | 173 | 174 | 175 | 176 | 177 | 178 | 179 | 180 | 181 | |
| Jul | 182 | 183 | 184 | 185 | 186 | 187 | 188 | 189 | 190 | 191 | 192 | 193 | 194 | 195 | 196 | 197 | 198 | 199 | 200 | 201 | 202 | 203 | 204 | 205 | 206 | 207 | 208 | 209 | 210 | 211 | 212 |
| Aug | 213 | 214 | 215 | 216 | 217 | 218 | 219 | 220 | 221 | 222 | 223 | 224 | 225 | 226 | 227 | 228 | 229 | 230 | 231 | 232 | 233 | 234 | 235 | 236 | 237 | 238 | 239 | 240 | 241 | 242 | 243 |
| Sep | 244 | 245 | 246 | 247 | 248 | 249 | 250 | 251 | 252 | 253 | 254 | 255 | 256 | 257 | 258 | 259 | 260 | 261 | 262 | 263 | 264 | 265 | 266 | 267 | 268 | 269 | 270 | 271 | 272 | 273 | |
| Oct | 274 | 275 | 276 | 277 | 278 | 279 | 280 | 281 | 282 | 283 | 284 | 285 | 286 | 287 | 288 | 289 | 290 | 291 | 292 | 293 | 294 | 295 | 296 | 297 | 298 | 299 | 300 | 301 | 302 | 303 | 304 |
| Nov | 305 | 306 | 307 | 308 | 309 | 310 | 311 | 312 | 313 | 314 | 315 | 316 | 317 | 318 | 319 | 320 | 321 | 322 | 323 | 324 | 325 | 326 | 327 | 328 | 329 | 330 | 331 | 332 | 333 | 334 | |
| Dec | 335 | 336 | 337 | 338 | 339 | 340 | 341 | 342 | 343 | 344 | 345 | 346 | 347 | 348 | 349 | 350 | 351 | 352 | 353 | 354 | 355 | 356 | 357 | 358 | 359 | 360 | 361 | 362 | 363 | 364 | 365 |

This Julian Calendar is FREEWARE and may be distributed and used as is. Produced by Ghislain Bonneau at gbphotodidactical.ca

# കാടിറങ്ങിയ കൊമ്പന്മാർ

**സാബു മഞ്ഞളി**

കുഞ്ഞനാന ഒന്നു നെടുവീർപ്പിട്ട് ചുറ്റുപാടും നോക്കി. കുറ്റാക്കുറ്റിരുട്ടിൽ പുഴയുടെ നടുക്ക് ചെവിക്കൊപ്പം വെള്ളത്തിലാണ് നിൽപ്പ്. പുഴയിൽ നല്ല കുത്തൊഴുക്കുണ്ട്. കൊമ്പന്മാരോടൊപ്പം കൂട്ടുകൂടി നടക്കരുതെന്ന് അമ്മ എത്രവട്ടം പറഞ്ഞതാണ്. മലയിറങ്ങുമ്പോൾ ദൂരെ നിന്നും തുമ്പി നീട്ടി അമ്മ വിളിച്ചതുമായിരുന്നു. ഇനിയതൊക്കെ ആലോചിച്ചിട്ടെന്തു കാര്യം. കുഞ്ഞനാനയ്ക്കു സങ്കടം വന്നു. തിന്നാനും കുടിക്കാനുമൊന്നും തോന്നുന്നില്ല. ഉള്ളിലാകെ തീയാണ്. അമ്മയെ ഒന്നുകണ്ടാൽ മതി. കൊമ്പൻ ചേട്ടൻമാർ നിൽക്കണെ നിൽപ്പ് കണ്ടില്ലേ. കൊമ്പുകളുയർത്തി മസ്തകം വിരിച്ചു തലകുലുക്കി. ഇത്ര ധൈര്യശാലികൾ വേറെ ഇല്ലെന്നു തോന്നും. പേടിച്ചു വിരണ്ടിരിക്കുകയാണ്. ആരെങ്കിലും അടുത്തേക്കു വന്നാൽ ഓടണ ഓട്ടം കാണണം. ചെവി വട്ടം പിടിച്ചു, വാലും പൊക്കി.

പുഴയുടെ കരകളിൽ തീപന്തങ്ങളും കേട്ടുപരിചയമില്ലാത്ത ഒച്ചകളും കേൾക്കാം. പല പല വർത്തമാനങ്ങളും കുഞ്ഞനാനയുടെ ചെവികളിലേക്കെത്തുന്നുണ്ട്.

‘‘മൂന്നെണ്ണമുണ്ട്. മൂന്നും കൊമ്പന്മാർ. കാടിറങ്ങി വന്നതാ. മനുഷ്യരുടെ കൃഷികൾ കട്ടുതിന്ന് ശീലമായിപ്പോയി. ഫോറസ്റ്റുകാരില്ലെങ്കിൽ മൂന്ന് വെടിക്കു തീർക്കാമായിരുന്നു.’’

ഇപ്പോഴാണ് ശരിക്കും ഉള്ളാന്തിയത്. ചേട്ടന്മാർ ഒച്ചയനക്കി ഒന്നമറി. കാടിറമ്പിൽ നിന്നും ഈറ്റ തിന്നുമ്പോളായിരുന്നു ചേട്ടന്മാർ മലയടിവാരത്തുള്ള പച്ചപ്പ് കാണിച്ചു പറഞ്ഞത്.

‘‘നീയത് കണ്ടോ. വല്ലാത്തൊരു രുചിയാണതിനൊക്കെ. ഇന്നുരാത്രി ഞങ്ങളോടൊപ്പം പോരുന്നോ. അമ്മ അറിയണ്ട.’’

അമ്മയെ അവർക്കു പേടിയാണ്. അമ്മയാണ് കൂട്ടത്തിലെ നേതാവ്. ഒരിക്കൽ അമ്മയവരെ കുത്തി പുറത്താക്കിയിട്ടുള്ളതാണ്. കുഞ്ഞനാന അമ്മയുടെ ഉപദേശങ്ങൾ ഓർത്തു.

‘‘നീ കുട്ടിയാണ്. അനുസരണപ്പെട്ടു നിൽക്കണം. ചുറ്റിലും മനുഷ്യരാണ്. കാടായ കാടെല്ലാം നാടായ കാലമാണ്. നിനക്കു വഴി തെറ്റിപ്പോകും. എത്രയെണ്ണമാണ് ഷോക്കടിച്ചും വണ്ടിയിടിച്ചും വെടികൊണ്ടും ചത്തത്. എന്റെ പൊന്നുമോൻ എപ്പോഴും അമ്മയുടെ



വര: ടി ആർ രാജേഷ്

**രാത്രി നീണ്ടുനീണ്ടുപോയി. പുഴയോരങ്ങളിലെ ഒച്ചയും അനക്കവും കുറഞ്ഞു വന്നു. ചേട്ടന്മാർ എന്തൊക്കെയോ പറയുന്നുണ്ട്. കുങ്കിയാനകൾ എത്തിയിട്ടുണ്ടത്രേ. ആദ്യം മയക്കുവെടി. പറ്റിയില്ലെങ്കിൽ ശരിക്കുള്ള വെടിതന്നെ. രണ്ടായാലും ഇനി കാടുകാണില്ല. ഇന്നുരാത്രി തന്നെ തിരിച്ചുപോകണം ഈ കുഞ്ഞനെ കൂട്ടിയത് പ്രശ്നമായി. പതുക്കെ കരയിലേക്കു നീങ്ങുക. മനുഷ്യരറിയാതെ. കാടു മണത്തുനീങ്ങുക.**

കൺവെട്ടത്ത് വേണം.''

എന്നിട്ടും കൊമ്പന്മാർക്കൊപ്പം പോകുവാനാണ് തോന്നിയത്. അമ്മയുടെ ശ്രദ്ധ മാറിയപ്പോൾ, അമ്മ ദൂരെയായപ്പോൾ. ഓർത്തപ്പോൾ കുഞ്ഞനാനയ്ക്കു പിന്നെയും സങ്കടം വന്നു.

മലയടിവാരത്തെ നെൽവയലുകളിലേക്കാണ് കാടിറങ്ങിയെത്തിയത്. നിറയെ പച്ച നെൽക്കതിരുകൾ. വയറുനിറച്ചു തിന്നു. പിന്നെ വാഴക്കുലകൾ. ഇളനീർ, കരിമ്പ്. ചേട്ടന്മാർ പറഞ്ഞത് എത്ര ശരിയായിരുന്നു. എന്തൊരു രുചിയാണതിനൊക്കെ കാട്ടിലൊന്നും കിട്ടാത്തവ. പെട്ടെന്ന് ആരൊക്കെയോ പാട്ട കൊട്ടി എത്തി. പടക്കമെറിഞ്ഞു. ചേട്ടന്മാർ ഓടി. അവർക്കു പിന്നാലെ ഈ ഞാനും. ഓടിയോടി തളർന്നു. നേരംവെളുത്തു. ചുറ്റിലും ആളുകൾ. അപ്പോഴാണ് പുഴ കണ്ടത്. പുഴയോരത്തുകൂടി ഓടി. ഒരുതരം കറുത്ത മിനുസമുള്ള വഴി. മനുഷ്യരുണ്ടാക്കിയതാവും. ഓടിക്കൊണ്ടിരുന്ന ചേട്ടന്മാർ പെട്ടെന്ന് നിന്നു. വഴിയുടെ ഇരുവശത്തും മനുഷ്യക്കൂട്ടം. ഒന്നുമോർക്കാതെ നേരെ പുഴയിലേക്കു ചാടി. അന്നുമുതൽ പുഴയിലാണ്. എത്ര ദിവസമായി ഇന്നേക്ക്.

രാത്രി നീണ്ടുനീണ്ടുപോയി. പുഴയോരങ്ങളിലെ ഒച്ചയും അനക്കവും കുറഞ്ഞു വന്നു. ചേട്ടന്മാർ എന്തൊക്കെയോ പറയുന്നുണ്ട്. കുങ്കിയാനകൾ എത്തിയിട്ടുണ്ടത്രേ. ആദ്യം മയക്കുവെടി. പറ്റിയില്ലെങ്കിൽ ശരിക്കുള്ള വെടിതന്നെ. രണ്ടായാലും ഇനി കാടുകാണില്ല. ഇന്നു രാത്രി തന്നെ തിരിച്ചുപോകണം ഈ കുഞ്ഞനെ കൂട്ടിയത് പ്രശ്നമായി. പതുക്കെ കരയിലേക്കു നീങ്ങുക. മനുഷ്യരറിയാതെ. കാടു മണത്തു നീങ്ങുക.

ദൈവമേ കുഞ്ഞന് കൈകാൽ വിറച്ചു. ചേട്ടന്മാർ നീങ്ങിത്തുടങ്ങി. കുഞ്ഞനും അവർക്കു പിന്നാലെ നടന്നു. മനുഷ്യരെല്ലാവരും നല്ല ഉറക്കത്തിലാണ്. ഓടിയോടി നടന്നു. പറമ്പുകൾ ചാടി. നിഴലുകൾ നോക്കി. ഒച്ചയുണ്ടാക്കാതെ.

ദൂരമേറെ കഴിഞ്ഞിരുന്നു. നേരം വെളുക്കാറായിരുന്നു. അകലെ കാട് കണ്ടുതുടങ്ങി. വലിയൊരു മാട്ടപ്പറമ്പിന്റെ ഓരം പറ്റിയായി നടത്തം. നോക്കിനിൽക്കെ ചേട്ടന്മാരിലൊരാൾ കാൽവഴുതി വീഴുന്നതാണ് കണ്ടത്. *മാട്ടത്തിനോടു ചേർന്ന് കാടുപിടിച്ച്, വെള്ളം നിറഞ്ഞു കിടന്ന വലിയൊരു കുഴിയുണ്ടായിരുന്നു. തുമ്പിമാത്രം മുകളിലേക്കു നീട്ടി ചേട്ടൻ താണുതാണുപോകുന്നു. ചേട്ടൻ വാവിട്ടു കരഞ്ഞു. വിവരമറിഞ്ഞു നാട്ടുകാർ



*മൺചിറ





ഓടിക്കൂടുവാൻ തുടങ്ങി. കാര്യങ്ങൾ പന്തിയല്ലാതായി. ആകപ്പാടെ വെപ്രാളമായി. ഞങ്ങൾ ഓട്ടം തുടങ്ങി. കാടു നോക്കി ഓടി. വഴിയാകെ തെറ്റി. ചേട്ടനും ഞാനും കൂട്ടം പിരിഞ്ഞു. പേടികൊണ്ട് എനിക്കു കണ്ണുകാണാതായി. എവിടെയൊക്കെയോ പാഞ്ഞു. പിന്നാലെ ഒരു പുരുഷാരം തന്നെയുണ്ട്. എന്തിനാണവർ എന്നെ ഓടിക്കുന്നത്. എനിക്കെന്റെ അമ്മയെ കണ്ടാൽ മതി. ഞാനൊരു കുട്ടിയല്ലേ. മനുഷ്യരിലും കരുണയുള്ളവർ ഉണ്ടാകില്ലേ. ചിലർ കല്ലെറിയുന്നുണ്ട്. പടക്കം പൊട്ടിക്കുന്നുണ്ട്. ആക്രോശങ്ങൾ കേൾക്കാം.

'പോലീസ് എത്തിയോ? ഫോറസ്റ്റുകാരെത്തിയോ? കുട്ടിയാണെങ്കിലും കാട്ടാനയാണ്. ആനയെക്കാൾ വിലയുണ്ട് മനുഷ്യന്.'

**കാട്ടിൽ അമ്മയുണ്ടാകുമോ. അമ്മ കാണുന്നുണ്ടാകുമോ. തുമ്പിക്കൈ ഉയർത്തി വെറുതെ ഒന്നു കരഞ്ഞു നോക്കി. അതു കണ്ട് ജനം ആരവമുതിർത്തു. എന്തിനാണ് അവർ ഒച്ചവയ്ക്കുന്നത്? വാഹനങ്ങളിൽ ആരൊക്കയോ വന്നിറങ്ങുന്നു. ഒരേ പോലെ വസ്ത്രം ധരിച്ച കുറെ ആളുകൾ. പെട്ടെന്ന് ലഹളകൾ ഒന്നടങ്ങിയ മട്ടായി. അവർ ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ തുടങ്ങി. അവരുടെ കൈകളിൽ തോക്കുകളുണ്ട്. അവർ ഉന്നം പിടിക്കുന്നുണ്ട്.**

അടുത്തുകണ്ട ഒരു വയലിലേക്കു ചാടി. പച്ചക്കതിരുകൾ നിറഞ്ഞ അതേ നെൽവയൽ. കാടിനോടടുത്തു തന്നെ. കാട്ടിൽ അമ്മയുണ്ടാകുമോ. അമ്മ കാണുന്നുണ്ടാകുമോ. തുമ്പിക്കൈ ഉയർത്തി വെറുതെ ഒന്നു കരഞ്ഞു നോക്കി. അതു കണ്ട് ജനം ആരവമുതിർത്തു. എന്തിനാണ് അവർ ഒച്ചവയ്ക്കുന്നത്? വാഹനങ്ങളിൽ ആരൊക്കയോ വന്നിറങ്ങുന്നു. ഒരേ പോലെ വസ്ത്രം ധരിച്ച കുറെ ആളുകൾ. പെട്ടെന്ന് ലഹളകൾ ഒന്നടങ്ങിയ മട്ടായി. അവർ ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ തുടങ്ങി. അവരുടെ കൈകളിൽ തോക്കുകളുണ്ട്. അവർ ഉന്നം പിടിക്കുന്നുണ്ട് പക്ഷേ അവർ എനിക്കു വഴി തെളിച്ചുതരുന്നുമുണ്ട്. പതുക്കെ പതുക്കെ ജനക്കൂട്ടം പിന്നിലോട്ടു ചിത

റിമാറി. ഇപ്പോൾ ആരും തന്നെ ആക്രോശിക്കുന്നില്ല. എല്ലാവരും ജാഗരൂകരാണ്. എന്നെ കാടുകയറ്റലാണ് ഉദ്ദേശമെന്നു തോന്നുന്നു. ഒന്നുരണ്ടുപേർ അവിടവിടെ നിന്ന് ഇപ്പോഴും തോക്കുചൂണ്ടുന്നുണ്ട്.

മലയടിവാരത്തെ നീർച്ചാലിനരികിലെത്തി. നീർച്ചാലിനപ്പുറം കാടാണ്. അമ്മയുള്ള കാട്. തോട്ടിലേക്കിറങ്ങുമ്പോൾ ഒന്നുകൂടി തിരിഞ്ഞുനോക്കി. ഇല്ല പിന്നാലെ ആരുമില്ല. തോട് കടന്നതും കാട്ടിലേക്ക് ഒരോട്ടമായിരുന്നു. ഉറക്കെ ഉറക്കെ കരഞ്ഞു. അമ്മയെ വിളിച്ചു. മലമുകളിൽ എത്തുംവരെ അമ്മയെ കണ്ടില്ല. മലഞ്ചെരുവിലെ കരിമ്പാറയ്ക്കരികിൽ ഇല്ലിക്കൂട്ടത്തിൽ മറഞ്ഞുനിൽക്കുകയായിരുന്നു അമ്മ. അമ്മ മാത്രമല്ല അമ്മയുടെ സംഘം മുഴുവനുമുണ്ട്. അപ്പോൾ അമ്മയ്ക്കും പേടിയാണോ? എന്റെ സാമീപ്യമറിഞ്ഞതും അമ്മ അരികിലേക്ക് ഓടിവന്നു. എന്തൊരു സന്തോഷമായിരുന്നു അപ്പോൾ.

"നീ തിരിച്ചുവന്നുവെന്ന് എനിക്കു വിശ്വാസമാകുന്നില്ല."

അമ്മ തുമ്പിക്കൈകൊണ്ടു പുറത്തു തലോടി. ഒരു പുൽക്കെട്ടു പറിച്ചു മണ്ണുകുടഞ്ഞു വായിലേക്കു വച്ചുതന്നു. സ്നേഹലാളനകൾ കൊണ്ട് മുട്ടിയുരുമ്മുന്നതിനിടയിൽ അമ്മ ചെവിയിൽ പറഞ്ഞുകൊണ്ടിരുന്നു.

"അമ്മമാർ വെറുംവാക്കുകൾ പറയാറില്ല."

അപ്പോൾ എനിക്കും തോന്നുന്നുണ്ടായിരുന്നു.

'അമ്മ പറയുന്നതാണ് സത്യം. അമ്മയെ അനുസരിച്ചിരുന്നെങ്കിൽ....'



# ക്ലാസ് ടീച്ചർ

**രാജഗോപാലൻ നാട്ടുകൽ**

ചെറു ബെഞ്ചുകളുണ്ടിത്തിരിയെണ്ണം
അവയിലിരിപ്പൂ കുഞ്ഞുങ്ങൾ
വിടരാൻ വെമ്പും പൂമൊട്ടുകൾ പോൽ;
അവരുടെ മുന്നിൽ ക്ലാസ്ടീച്ചർ!

ഇതളുകൾതോറും പരിമളമിത്തിരി
യലിവൊടു പൂശാനെത്തുന്നോൾ!
കുടമുല്ലപ്പൂവഴകിൻ ചിരിയും
കരുണ നിറഞ്ഞൊരു തേന്മൊഴിയും!

കരളിൽ സ്നേഹത്തിരകളുണർത്തി
കലയുടെ സൗമ്യാകാരത്തിൽ,
കരമിതു രണ്ടും ചേർത്തിട്ടെന്നും
തൊഴുതു വരുന്നൂ ക്ലാസ് ടീച്ചർ!
അരുമക,ളവരുടെ യമ്മയിതത്രെ,
അവനിയിലെത്തിയ ദേവതപോൽ!



വര: ആശ ആർ



# 'നീലഗിരി ചിലുചിലുപ്പൻ' എന്ന പക്ഷി



എൻ എ നസീർ

**സൈലന്റ്‌വാലി ദേശീയോദ്യാനത്തിലായിരുന്നു നീലഗിരി ചിലുചിലുപ്പൻ എന്ന പക്ഷിയെ ആദ്യമായി കണ്ടെത്തിയത് എന്നാണ് പറയപ്പെടുന്നത്. തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും ഇവയെ കണ്ടുവരുന്നു. മൂന്നാറിലും കൊടൈക്കനാലിലുമൊക്കെ കാണുന്ന 'വടക്കൻ ചിലുചിലുപ്പൻ' എന്ന പക്ഷിക്ക് ഇവയോടു രൂപസാദൃശ്യമുണ്ട്. ഇവയെ കുറിച്ചു കൂടുതൽ അറിയാം ഈ ലേഖനത്തിലൂടെ.**

ചില പക്ഷികൾ പൊടുന്നനെയായിരിക്കും നമ്മുടെ സൗഹൃദത്തിലേക്കു വന്നുചേരുക. മനസിനകത്തവർ കൂടൊരുക്കും. കിന്നാരം പറയും. അതുകൊണ്ടാണ് നമ്മൾ വീണ്ടും വീണ്ടും അവയ്ക്കരികിലേക്ക് എത്തുന്നത്.

നീലഗിരിയിലെ താമസത്തിനിടയിലാണ് 'നീലഗിരി ചിലുചിലുപ്പൻ' എന്ന പക്ഷിയുമായി അടുക്കുന്നത്. വർഷങ്ങൾക്കുമുമ്പ് അവയെ നീലഗിരിയിലെ തന്നെ ആറാലഞ്ച് എന്ന പ്രദേശത്തുവച്ച് സെബാസ്റ്റ്യൻമാഷ് പരിചയപ്പെടുത്തിയ ഒരോർമയുണ്ട്. ഇപ്പോൾ പല പ്രാവശ്യം നീലഗിരിയിൽ വച്ച് അവയെ കാണാൻ കഴിയുന്നതും മഹാഭാഗ്യം. ഇവിടത്തെ ഏറ്റവും ഉയരമുള്ള 'ദോഡബെട്ട' മലയുടെ മറുഭാഗത്തുകൂടി കുറച്ചു പ്രകൃതിപഠിതാക്കളുമായി കയറിപ്പോവുകയായിരുന്നു. അപ്പോഴാണ് മൂടൽമഞ്ഞ് മാറിയപ്പോൾ നീലഗിരി ചിലുചിലുപ്പന്മാരിൽ രണ്ടുപേരെ കാണുന്നത്. ഒറ്റ നിമിഷത്തെ ദർശനവും ചിലയ്ക്കലുകളും മാത്രം സമ്മാനിച്ചിട്ട് അവ പൊന്തകളിൽ മറഞ്ഞു. അന്ന് ക്യാമറ ഇല്ലാത്തതു

കൊണ്ട് പകർത്തുവാനും സാധിച്ചില്ല. പിന്നീട് പലപ്പോഴായി അവയെത്തേടി ആ മല പലവട്ടം കയറിയിറങ്ങി. ഒടുവിൽ വളരെ വ്യക്തമായ ചിത്രങ്ങൾ ലഭിച്ചു.

ഈ അടുത്തദിവസങ്ങളിൽ ഒന്നുകൂടി അവയെ തേടിച്ചെന്നു. ഇപ്രാവശ്യം മറ്റൊരു ദിക്കിൽ നിന്നും രണ്ടുജോഡി പക്ഷികളെ കണ്ടെത്തുവാനായി. പിന്നീടും ആ ഭാഗത്ത് സഞ്ചരിച്ചപ്പോഴാകട്ടെ തൊട്ടരികിലൊക്കെ പരിചയം കാണിച്ചെത്തുന്ന പോലെയായിത്തീർന്നു അവ.



മൂന്നാറിലും കൊടൈക്കനാലിലുമൊക്കെ കാണുന്ന 'വടക്കൻ ചിലുചിലുപ്പൻ' എന്ന പക്ഷിക്ക് ഇവയോട് ഒറ്റനോട്ടത്തിൽ സാദൃശ്യം തോന്നാം. കാപ്പിപ്പൊടി നിറവും ഒലീവ് നിറവും ഇവയുടെ പുറംഭാഗത്തു കാണാം. കൺപുരികം നീളമേറിയതും വെളുത്തനിറവുമാണ്. കണ്ണിനു കുറുകെ ഒരു കറുത്ത വര കാണാം. നീലഗിരി ചിലുചിലുപ്പന്മാരെപ്പോലെ താടിയിൽ കറുപ്പില്ല. നല്ല ചെമ്പൻ നിറത്തോടുകൂടിയ അടിഭാഗവും താടിക്കും തൊണ്ടയ്ക്കും കവിളിനും ചാരനിറവുമായിരിക്കും. മാറിടത്തിലും തൊണ്ടയിലും മങ്ങിയ വെള്ള നിറത്തോടുകൂടിയ വരകളും അടയാളങ്ങളും ഉണ്ട്. വടക്കൻ ചിലുചിലുപ്പന്മാർ (Palani Laughingthrush) മൂന്നാറിലും പാമ്പാടുംചോലയിലും മന്നവൻ ചോലയിലുമൊക്കെ സാധാരണകാഴ്ചയാണ്. എങ്കിലും നമ്മെ കാണുമ്പോൾ അവ ഓടി ഒളിക്കും.

നീലഗിരി ചിലുചിലുപ്പന്മാരെ അത്രപ്പെട്ടെന്ന് കണ്ടെത്തുവാൻ നീലഗിരിയിൽ തന്നെ പ്രയാസമാണ്. മുകൾഭാഗത്ത് ഒലീവ് ബ്രൗൺ നിറവും തലയ്ക്കും കഴുത്തിനും ചാരനിറം കലർന്ന തവിട്ടുനിറവുമുണ്ട്. ഇരുണ്ട ചെമ്പൻ നിറമാർന്ന അടിവശവും പുരികത്തിന് വെള്ളനിറവും കണ്ണിനു കുറുകെയായി ഇരുണ്ട ഒരു വരയും കാണാം. എന്നാൽ പ്രധാന അടയാളം ഇവയുടെ കൊക്കിനു താഴെയുള്ള കറുത്ത അടയാളമാണ്. ഇത് അവയെ വടക്കൻ ചിലുചിലുപ്പൻ പക്ഷികളിൽ നിന്നും വ്യത്യസ്തമാക്കുന്നു.



വലിയതോതിലുള്ള വനശോഷണവും രാസവളപ്രയോഗങ്ങളും ഇത്തരം പക്ഷികളുടെ വംശത്തെ ആപൽക്കരമായി ബാധിക്കുന്നുണ്ട്.

ചോലക്കാടുകളും പൊന്തകളുമൊക്കെയാണിവയുടെ വാസഇടങ്ങൾ. ചെറികളിലെയും മരങ്ങളിലെയും ചില ചെറുപഴങ്ങളും കായ്കളുമാണ് പ്രധാന ആഹാരം.



# ഹരിതം സുന്ദരം എന്റെ വിദ്യാലയം

അപർണാവിനോദ്, ക്ലാസ് 9 എ,
ഗവ വി & എച്ച് എസ് എസ്,
വട്ടിയൂർക്കാവ്



(അപർണ തന്റെ സ്കൂൾവിശേഷങ്ങൾ കൂട്ടുകാരുമായി പങ്കുവയ്ക്കുകയാണ്. നിങ്ങൾക്കും പറയാനില്ലേ നിങ്ങളുടെ സ്കൂളിനെക്കുറിച്ച്. നിങ്ങളുടെ സ്കൂളിന്റെ വിശേഷങ്ങൾ തളിരിലേക്ക് എഴുതൂ.)

തിരുവനന്തപുരം നോർത്ത് ഉപജില്ലയിലെ ഒരു ഹരിതവിദ്യാലയമാണ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വട്ടിയൂർക്കാവ്. അഞ്ചാംക്ലാസുമുതൽ പന്ത്രണ്ടാംക്ലാസുവരെ ആയിരത്തിലധികം വിദ്യാർഥികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. സ്കൂൾ കോമ്പൗണ്ടിനുള്ളിൽ പ്രവേശിക്കുമ്പോൾ തന്നെ ഒരു ഗ്രാമീണ അന്തരീക്ഷം നമ്മെ എതിരേൽക്കുന്നു.

കുറ്റിച്ചെടികളും, വള്ളിച്ചെടികളും വൻമരങ്ങളും ഒത്തിണങ്ങി ഒരു വനപ്രതീതി സൃഷ്ടിക്കപ്പെടുന്നു. സ്കൂൾകവാടം കടന്നുവരുമ്പോൾതന്നെ നെല്ലിയും ഇലഞ്ഞിയുമെല്ലാം ഒ എൻ വി കവിതയിലെ

*ഒരുവട്ടം കൂടിയെൻ ഓർമ*
*കൾ മേയുന്ന*
*തിരുമുറ്റത്തെത്തുവാൻ*
*മോഹം*
*തിരുമുറ്റത്തൊരുകോ*
*ണിൽ നിൽക്കുന്നൊരാനെല്ലി*
*മരമൊന്നുലുത്തുവാൻ*
*മോഹം.....*

എന്ന വരികളെ ഓർമപ്പെടുത്തുന്നു. അതോടൊപ്പം പുതുതായി നിർമിച്ച ഒരു ജൈവവൈവിധ്യപാർക്കും അതിനുള്ളിലെ വൈവിധ്യ



മാർന്ന ചെടികളും മരങ്ങളും നമ്മെ ഏറെ ആകർഷിക്കുന്നു. പൂക്കൾകൊണ്ട് വർണാഭമാണ് അവ. മന്ദമാരുതൻ അവയുടെ സുഗന്ധം വഹിച്ച് എല്ലായിടത്തും പ്രസരിപ്പിക്കുന്നു. ധാരാളം ചിത്രശലഭങ്ങൾ ഇവിടെ ദിനംപ്രതി തേൻ നുകരാനും സന്തോഷം പങ്കിടാനും എത്തിച്ചേരാറുണ്ട്. വിദ്യാർഥികളും അധ്യാപകരും അവരോടൊപ്പം ഒഴിവുസമയങ്ങളിൽ ഒത്തുചേരാറുണ്ട്. കണിക്കൊന്ന, പൂമരുത്, മഞ്ഞക്കടമ്പ്, ടക്കോവ, പൈൻ, അത്തി, ഞാവൽ എന്നിവകൊണ്ടും സമൃദ്ധമാണ് ആ പാർക്ക്. അതിനുള്ളിൽ കേരളത്തിന്റെ മാതൃകയിൽ ഒരു കുളവും അതിൽ വിവിധതരം മത്സ്യക്കുഞ്ഞുങ്ങളുമുണ്ട്. മരത്തിനു മുകളിലായി ഒരു ഏറുമാടവുമുണ്ട്. മുളകൾകൊണ്ടാണ് പാർക്കിന് വേലികെട്ടി സംരക്ഷിച്ചിരിക്കുന്നത്. അതോടൊപ്പംതന്നെ ഒരു ഔഷധത്തോട്ടം ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നുണ്ട്. ആടലോടകം, ചിറ്റരത്ത, വംഗപച്ച, ദന്തപാല, മുഞ്ഞ, രക്തചന്ദനം, ഈട്ടി, മഹാഗണി, കരിനൊച്ചി, യശങ്ക്... അങ്ങനെ ധാരാളം സസ്യങ്ങളും മരങ്ങളും കൊണ്ട് സമൃദ്ധമാണ് ഈ തോട്ടം. തോട്ടത്തിനടുത്തായി രണ്ടു വലിയ മഹാഗണി മരങ്ങൾ തണലേകി നിൽക്കുന്നുണ്ട്. അതിന്റെ ചുവട്ടിൽ കുട്ടികൾക്കായി ഇരിപ്പിടവും കെട്ടിയിട്ടുണ്ട്. വിരസതയകറ്റി നല്ല ശുദ്ധമായ വായു ശ്വസിച്ച് പഠനത്തിൽ ഏർപ്പെടാനും ഈ സൗകര്യങ്ങൾ സഹായകരമാണ്. അതിനടുത്ത് സ്കൂളിലെ കിണർ സ്ഥിതിചെയ്യുന്നു. മുൻകാലങ്ങളിൽ അതിൽ ഇടയ്ക്കിടെ വെള്ളം വറ്റുമായിരുന്നു.



**അസംബ്ലി ഗ്രൗണ്ടിന്റെ ഓരത്ത് ഒരു മനോഹരമായ അശോക മരം പൂത്തുനിൽക്കുന്നുണ്ട്. അശോകമരം സ്ത്രീ സാന്നിധ്യമുണ്ടെങ്കിലേ പൂക്കുകയുള്ളൂ എന്നു പറയാറുണ്ട്. സ്ത്രീകളുടെ എല്ലാത്തരം അസുഖങ്ങളും ഭേദപ്പെടാനായി ഈ മരത്തിന്റെ ഇലകളും മറ്റും ഉപയോഗിക്കാറുണ്ട്. ജൈവ വൈവിധ്യപാർക്ക് ഒരു വനപ്രതീതിയും ഔഷധത്തോട്ടം ഒരു കാവിന്റെ പ്രതീതിയും നൽകുന്നു.**

എന്നാൽ ഇവിടെ വൃക്ഷത്തലപ്പുകൾ ഉയർന്നതിനുശേഷം ഈ കിണറ്റിൽ വെള്ളം വറ്റാറില്ല. അസംബ്ലി ഗ്രൗണ്ടിന്റെ ഓരത്ത് ഒരു മനോഹരമായ അശോകമരം പൂത്തുനിൽക്കുന്നുണ്ട്. അശോകമരം സ്ത്രീ സാന്നിധ്യമുണ്ടെങ്കിലേ പൂക്കുകയുള്ളൂ എന്നു പറയാറുണ്ട്. സ്ത്രീകളുടെ എല്ലാത്തരം അസുഖങ്ങളും ഭേദപ്പെടാനായി ഈ മരത്തിന്റെ ഇലകളും മറ്റും ഉപയോഗിക്കാറുണ്ട്. ഓഫീസിനു മുമ്പിലായി വിവിധതരത്തിലുള്ള ചെടികൾ പൂത്തു നിൽക്കുന്നു. ജൈവ വൈവിധ്യപാർക്ക് ഒരു വനപ്രതീതിയും ഔഷധത്തോട്ടം ഒരു കാവിന്റെ പ്രതീതിയും നൽകുന്നു.

നഗരപരിധിയിൽ തികച്ചും ഗ്രാമീണമായ അന്തരീക്ഷത്തിലാണ് വിദ്യാലയം നിലകൊള്ളുന്നത്. രണ്ട് ഏക്കറോളം വിസ്തൃതിയിലുള്ള ഈ വിദ്യാലയത്തിൽ ഒരു വിശാലമായ കളിസ്ഥലം കൂടിയുണ്ട്. മൈതാനത്തിന്റെ എല്ലാ കോണിലും ധാരാളം വൃക്ഷങ്ങൾ തണലേകി നിൽക്കുന്നു. ഇലന്തവൃക്ഷം, പതിമുഖം, അഗത്തി, വാക എന്നിവയെല്ലാമുണ്ട്. ഒരു ചെറിയ വാഴത്തോപ്പ് ഒരു വശത്തായി കാണാം. അതോടൊപ്പം തന്നെ പച്ചക്കറിക്കൃഷിയും നടക്കുന്നുണ്ട്. ഉണ്ടാകുന്ന കളകളൊക്കെമുറിച്ചിട്ട് വളമായി കൊടുക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. എഴുപത്തി അഞ്ചിലധികം ഇനങ്ങളിലായി ഇരുന്നൂറിലധികം വൃക്ഷലതാ

ദികൾ സ്കൂൾകോമ്പൗണ്ടിലുണ്ട്. ഔഷധത്തോട്ടത്തെ എൻ എസ് എസ് യൂണിറ്റിന്റെയും നാച്വറൽ ക്ലബിന്റെയും സഹായത്താൽ സ്വാഭാവിക വനമാക്കാനാണ് ശ്രമം. അതുകൊണ്ടുതന്നെ മരങ്ങളെ മുറിച്ച് മോടിപിടിപ്പിക്കാൻ ശ്രമിക്കുന്നില്ല.

പിന്നെ എടുത്തു പറയേണ്ട മറ്റൊന്നാണ് മാലിന്യസംസ്കരണം. പ്ലാസ്റ്റിക്കുകൾ, പേപ്പറുകൾ, ഭക്ഷ്യഅവശിഷ്ടങ്ങൾ എന്നിവ പ്രത്യേകം തരംതിരിച്ച് പ്ലാസ്റ്റിക്കുകൾ കോർപ്പറേഷനിൽ ഏൽപ്പിക്കുകയും ഭക്ഷ്യാവശിഷ്ടങ്ങൾ മൈതാനത്തിന്റെ ഒരു കോണിൽ രണ്ടു കുഴികളെടുത്ത് നിക്ഷേപിക്കുകയും പിന്നീടതിൽ ഇനോക്കുലം എന്ന ലായനിയുടെ സഹായത്താൽ വളമാക്കി പച്ചക്കറികൃഷിക്കും വാഴക്കൃഷിക്കും മറ്റും ഉപയോഗിക്കുകയും ചെയ്യുന്നു. മാലിന്യങ്ങൾ തരംതിരിക്കാനായി മൂന്നു നിറത്തിലുള്ള ബക്കറ്റുകൾ സ്ഥാപിച്ച് അതിന്റെ ചുമതല ഓരോ ക്ലാസിലെ കുട്ടികൾക്ക് നൽകിയിട്ടുണ്ട്. അത് വളരെ കൃത്യതയോടെ നടന്നുവരുന്നു. വിദ്യാലയത്തിന്റെയും വിദ്യാർഥികളുടെയും സുരക്ഷിതത്വം ഉറപ്പാക്കാനായി വിവിധ സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.



**പ്ലാസ്റ്റിക്കുകൾ, പേപ്പറുകൾ, ഭക്ഷ്യഅവശിഷ്ടങ്ങൾഎന്നിവ പ്രത്യേകം തരംതിരിച്ച് പ്ലാസ്റ്റിക്കുകൾ കോർപ്പറേഷനിൽ ഏൽപ്പിക്കുകയും ഭക്ഷ്യാവശിഷ്ടങ്ങൾ മൈതാനത്തിന്റെ ഒരു കോണിൽ രണ്ടു കുഴികളെടുത്ത് നിക്ഷേപിക്കുകയും പിന്നീടതിൽ ഇനോക്കുലം എന്ന ലായനിയുടെ സഹായത്താൽ വളമാക്കി പച്ചക്കറികൃഷിക്കും വാഴക്കൃഷിക്കും മറ്റും ഉപയോഗിക്കുകയും ചെയ്യുന്നു.**



ഈ നഗരവൽക്കൃത ലോകത്തിൽ ബാലമനസ്സുകളിൽ നിന്ന് അന്യമായിക്കൊണ്ടിരിക്കുന്ന പ്രകൃതിയെ അവർക്കു തിരിച്ചുനൽകാനുള്ള ശ്രമത്തിലാണ് നമ്മുടെ വിദ്യാലയം. പ്രകൃതിയെ കൂടുതൽ അടുത്തറിയാനും അതിന്റെ വൈവിധ്യം തിരിച്ചറിയാനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാവാനും നമുക്കോരോരുത്തർക്കും അവസരം ഒരുക്കുവാൻ ഈ വിദ്യാലയം സദാ ശ്രദ്ധിക്കുന്നു.

ഉണ്ടാക്കാം

# അലുമിനിയം ഫോയിൽ പാവ

അരവിന്ദ് ഗുപ്ത
ഡിസൈൻ : K V Potdar

അലുമിനിയം ഫോയിൽ ഉപയോഗിച്ച് നമുക്കൊരു പാവ ഉണ്ടാക്കിയാലോ.!



**ആവശ്യമുള്ള സാധനങ്ങൾ**


- അലുമിനിയം ഫോയിൽ
- അലുമിനിയം ഫോയിലിനാൽ നിർമിച്ച പാവ



1 അലുമിനിയം ഫോയിലിൽ നിന്നും 30 സെ.മീ. സമചതുരാകൃതിയിൽ മുറിച്ചെടുക്കുക.



2 സിലിണ്ടറാകൃതിയിൽ ഇതിനെ ചുരുട്ടുക.



3 മുകൾഭാഗത്തുനിന്നും ഏതാണ്ട് 1/4 ഭാഗം പിണച്ചുവച്ച് പാവയുടെ കഴുത്തു നിർമിക്കുക



4 കൈയുടെ ആകൃതിയിൽ അതിൽ നിന്നും രണ്ടു ഭാഗം മുറിക്കുക.



5 മുഖവും കൈയും ഉണ്ടാക്കുക. ഫോയിലിന്റെ താഴ്ഭാഗം പാവാടയുടെ ആകൃതിയിൽ നിർമിക്കുക.



6 പാവയുടെ കാൽ ഉണ്ടാക്കുന്നതിനായി താഴ്ഭാഗം രണ്ടായി മുറിക്കുക.



7 കാലിന്റെ ആകൃതിയിൽ ചുരുട്ടി വയ്ക്കുക. പാവ റെഡി.



8 വെള്ളത്തിൽ കുതിരാത്ത പാവക്കുട്ടിയെ നോക്കൂ!

# മഹാഭാരതം

സുഗതകുമാരി

അർജുനൻ തന്റെ വിശാലമായ നെറ്റിത്തടം വീണ്ടും വീണ്ടും അമർത്തിത്തുടച്ചു. ഭീമൻ ചാടിയെണീറ്റ് ഇങ്ങനെ ഗർജിച്ചു.

'ഞാനിതാ ദുര്യോധനനോടു പറയുന്നു. കർണനും നിന്റെ അധർമിയായ അച്ഛനും കേൾക്കട്ടെ. ജ്യേഷ്ഠപാണ്ഡവന്റെ ഇഷ്ടം നോക്കി മാത്രമാണ് ഞങ്ങൾ ഇത്രകാലവും നിന്റെ ദുഷ്ക്കർമങ്ങൾ പൊറുത്തത്. ഇതാ ഞാൻ സത്യം ചെയ്യുന്നു. കര കടലായാലും പർവതങ്ങൾ തകർന്നാലും ഈ മധ്യപാണ്ഡവന്റെ സത്യം അസത്യമാവില്ല. ദുഷ്ടാ, നിന്റെ പെരുംതുട ഞാൻ തച്ചുടയ്ക്കും. കൂട്ടത്തോടെ നിങ്ങളെ ഞാൻ കൊല്ലും. നീചനായ ദുശ്ശാസനന്റെ മാറിലെ ചോര ഞാൻ കുടിക്കും. ഇത് സത്യം! സത്യം! സത്യം!'

മറ്റ് പാണ്ഡവരും കൺചുവത്തിക്കൊണ്ട് ഘോരപ്രതിജ്ഞകൾ ഉരുവിട്ടു. അർജുനൻ പറഞ്ഞു.

'ഈ ദുഷിച്ച വാക്കുകൾക്കുള്ള ഉത്തരം നാളെ ഗാണ്ഡീവം നൽകും. വാക്കുകൾ മാത്രം പറയുന്നത് ഷണ്ഡന്മാരാണ്.'

ക്രോധത്താൽ തുടുത്ത കണ്ണുകളുമായി യുധിഷ്ഠിരൻ വലംകൈ ഉയർത്തി ഇങ്ങനെ പറഞ്ഞു.

'ഉലൂകാ, പോവുക. കുലനാശിയായ ദുര്യോധനനോടു പറയുക. എന്നും നീ ഞങ്ങളോടു ചതി ചെയ്തിട്ടുള്ളവനാണ്. ക്ഷത്രിയനായ എന്നെ നീ പോരിനു വിളിച്ചിരിക്കുന്നു. ഞങ്ങൾ വരുന്നുണ്ട്.'

ശ്രീകൃഷ്ണനും അരുളിച്ചെയ്തു.

'ഞങ്ങൾ വരുന്നുണ്ട്. ഗാണ്ഡീവധാരിയായ അർജുനനു മുമ്പിൽ തേരാളിയായി നാളെ എന്നെയും കാണാം. ഒരുങ്ങിക്കൊള്ളുവിൻ.'

ഈ വാക്കുകളെല്ലാം ശിരസാവഹിച്ച് ഉലൂകൻ മടങ്ങിപ്പോയി അവിടെ നടന്നതെല്ലാം ദുര്യോധനനെ വിശദമായി ധരിപ്പിച്ചു. ദുര്യോധനൻ എല്ലാവരെയും വിളിച്ച് ഇങ്ങനെ കല്പിച്ചു.

'നാളെ ഉദയത്തിനുമുമ്പ് എല്ലാവരും പടകൂട്ടി നിൽക്കണം. ശത്രുക്കൾ പ്രഭാതത്തിൽ എത്തുമെന്നറിയുന്നു.'

സന്ദേശവാഹകർ നേരിലും കുതിരപ്പുറത്തും ഒട്ടകപ്പുറത്തുമേറി പാഞ്ഞുനടന്ന് സൈന്യസംഘങ്ങളെ മുഴുവൻ ഈ വിവരമറിയിച്ചു.

'ഉദയത്തിന് യുദ്ധംതുടങ്ങുന്നു! തയ്യാറാകുവിൻ!' സൈന്യത്തിൽ ഉത്സാഹകോലാഹലമുയർന്നു.

യുദ്ധത്തിനുള്ള അവസാനഘട്ട സജ്ജീകരണങ്ങളെല്ലാം പൂർണമായി. പാണ്ഡവപക്ഷത്ത് ധൃഷ്ടദ്യുമ്നന്റെ സേനാധിപത്യത്തിൽ കാലാൾ, തേരുകൾ, ആനപ്പട, കുതിരപ്പട ഇവ ചേർന്ന ഏഴക്ഷൗണി സൈന്യം കടലുപോലെ കാണപ്പെട്ടു. സേനാപതി ഓരോ കുരുസേനാപതിക്കും എതിരായി ഓരോരുത്തരെ സജ്ജരാക്കി. ദ്രോണർക്ക് ധൃഷ്ടദ്യുമ്നൻ, ദുര്യോധനന് ഭീമൻ, കർണന് അർജുനൻ, അശ്വത്ഥാമാവിന് നകുലൻ, ശകുനിക്കു സഹദേവൻ- ഈ വിധത്തിൽ അണികൾ സജ്ജീകരിക്കപ്പെട്ടു.

## പോർവിളി (തുടർച്ച)

കൗരവപക്ഷത്തും മഹാരഥനായ ഭീഷ്മർ സൈന്യസജ്ജീകരണം നടത്തി. ദുര്യോധനനും യുദ്ധവീരന്മാരായ സഹോദരന്മാരും മുൻനിരയിൽ. എല്ലാവരും ശസ്ത്രാസ്ത്രവിശാരദർ, തേരിലും ആനപ്പുറത്തും കുതിരപ്പുറത്തുമേറി പടവെട്ടാനറിഞ്ഞവർ, വില്ലാളിവീരനായ ശല്യരും ഭൂരിശ്രവസ്സും ദ്രൗപദീഹരണവേളയിൽ അപമാനിതനായി കത്തിപ്പുകഞ്ഞുകൊണ്ടു നടക്കുന്ന ജയദ്രഥനും അമ്മാവനായ ശകുനിയും ദൃഢാസ്ത്രനും തേജസ്സിയന്നവനും കാലനെപ്പോലെ ക്രോധിയുമായ അശ്വത്ഥാമാവും കർണപുത്രരും മഹാവീരനായ വൃഷസേനനും പ്രതാപവാനായ ഭഗദത്തനും അലംബുഷനെന്ന മായാവിയായ രാക്ഷസനും മറ്റനേകം രാജാക്കന്മാരും നേതൃസ്ഥാനത്തുനിരന്ന പെരുംപടയെ കണ്ണാലളന്ന്

ഭീഷ്മർ പറഞ്ഞു.

'കർണനെ ഞാൻ ഇക്കൂട്ടത്തിൽ കൂട്ടുന്നില്ല. അതിരഥനല്ല അർധരഥനാണവൻ. അവൻ പാർഥനോടേറ്റാൽ പരാജയം സുനിശ്ചിതം. ജന്മസിദ്ധമായ പടച്ചട്ടയും കുണ്ഡലങ്ങളും നഷ്ടപ്പെടുത്തിയ ഇവൻ പരശുരാമശാപവും ബ്രാഹ്മണശാപവും ഏറ്റിരിക്കുന്നു. അഭിമാനിയെങ്കിലും ഈ കർണൻ യുദ്ധങ്ങളിൽ പിന്തിരിയുന്നത് ഞാൻ കണ്ടിട്ടുണ്ട്.'

ഈ വാക്കുകൾ കേട്ട കർണൻ കഠിനകോപത്തോടെ ദുര്യോധനനെ നോക്കിപ്പറഞ്ഞു.


'വീണ്ടും വീണ്ടും ഈ പിതാമഹൻ എന്നെ നിന്ദിക്കുന്നു. ഇനിയും ഞാനിതു പൊറുക്കുന്നതല്ല. തോഴാ, ദുര്യോധനാ, ഈ വൃദ്ധൻ പാണ്ഡവപക്ഷപാതിയാണ്. നമുക്ക് ദോഷം ചെയ്യുന്നവനാണ്. അതിനാൽ ഇദ്ദേഹത്തെ ത്യജിക്കുക. ഞാൻ ഒറ്റയ്ക്കു നശിപ്പിച്ചു കൊള്ളാം പാണ്ഡവസേനയെ.'

ഭീഷ്മർ ചിരിച്ചു.

'ഏറെക്കാലമായീ ഞാനീ ഭാരം കൊണ്ടു നടക്കുന്നു. നാം തമ്മിൽ ഇപ്പോൾ ഏറ്റുമുട്ടാൻ പാടില്ല. അതിനാൽ മാത്രം സൂതപുത്രാ, നീ ജീവിച്ചിരിക്കുന്നു. നീ എന്തു ചെയ്യാനാണെന്നെ? നിന്റെ ഗുരുവായ പരശുരാമനുപോലും ഞാൻ അജയ്യനായിരുന്നുവെന്നോർക്കുക.'

'ഈ വൃദ്ധൻ വീണതിനുശേഷമേ ഞാൻ ആയുധം തൊടുകയുള്ളൂ.' എന്നു ഗർജിച്ചു കൊണ്ട് കർണൻ തന്റെ പടകുടീരത്തിലേക്ക് കലഹിച്ച് ഇറങ്ങിപ്പോയി. *(തുടരും)*

'കർണനെ ഞാൻ ഇക്കൂട്ടത്തിൽ കൂട്ടുന്നില്ല. അതിരഥനല്ല അർധരഥനാണവൻ. അവൻ പാർഥനോടേറ്റാൽ പരാജയം സുനിശ്ചിതം. ജന്മസിദ്ധമായ പടച്ചട്ടയും കുണ്ഡലങ്ങളും നഷ്ടപ്പെടുത്തിയ ഇവൻ പരശുരാമശാപവും ബ്രാഹ്മണശാപവും ഏറ്റിരിക്കുന്നു. അഭിമാനിയെങ്കിലും ഈ കർണൻ യുദ്ധങ്ങളിൽ പിന്തിരിയുന്നത് ഞാൻ കണ്ടിട്ടുണ്ട്.'



വര: ജയേന്ദ്രൻ

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## മാന്ത്രികന്റെ ചെരുപ്പുകൾ

**അഥിൻരാജ് പി വി, ക്ലാസ്: 7 ഡി, ജി യു പി എസ്
കൊടൽ, പന്തീരാങ്കാവ്, കോഴിക്കോട് 673019**



വര: ഗോപു പട്ടിത്തറ

പണ്ടുപണ്ട് ഒരു ഗ്രാമത്തിൽ അപ്പു എന്നൊരു കുട്ടിയുണ്ടായിരുന്നു. അവന് ആരും ഉണ്ടായിരുന്നില്ല. ചെറിയൊരു ഓലപ്പുരയിലായിരുന്നു താമസം. വിശപ്പകറ്റാനായിഎന്തു പണിയും അവൻ ചെയ്യുമായിരുന്നു.

ഒരുദിവസം ജോലിയൊന്നും ലഭിക്കാത്തതിനാൽ അവൻ അലഞ്ഞുതിരിഞ്ഞു നടന്നു. നടന്നുനടന്ന് ഒരു പഴയവീടിന്റെ മുറ്റത്തെത്തി. ആളനക്കമില്ല. അവൻ വീടിന്റെ ഉമ്മറത്തുകയറി ഇരുന്നു. അപ്പോൾ ആ വീടിനുള്ളിലേക്ക് വിചിത്രമായ ഒരു പൂമ്പാറ്റ പറന്നുപോകുന്നതു കണ്ടു. അതിന്റെ ഭംഗി ആസ്വദിച്ചുകൊണ്ട് അവനും ആ വീടിനുള്ളിലേക്കു കയറി. ഉള്ളിൽ കയറിയപ്പോൾ എത്തിയത് ഒരു തളത്തിലാണ്. അവിടെയുള്ള മേശയിൽ നിറയെ ചെരുപ്പുകൾ. അവയെല്ലാം കേടായതായിരുന്നു. അവന് അത്യാവശ്യം ചെരുപ്പ് തുന്നാൻ അറിയാമായിരുന്നു. അവിടെ നിന്നും ഒരു സൂചിയും കുറച്ച് നൂലും അവൻ സംഘടിപ്പിച്ചു. കുറച്ചുസമയം കൊണ്ട് എല്ലാ ചെരുപ്പും തുന്നി. പണികഴിഞ്ഞ് അതൊക്കെ അവിടെത്തന്നെ വച്ച് അവൻ പോയി.

അപ്പുകയറിയ വീട് ഒരു മാന്ത്രികന്റെ വീടായിരുന്നു. എവിടെയോ പോയി തിരിച്ചെത്തിയ മാന്ത്രികൻ തന്റെ പ്രിയങ്കരങ്ങളായ ചെരുപ്പുകൾ തുന്നിവച്ച കാഴ്ചകണ്ടു. മാന്ത്രികനു സന്തോഷമായി. അയാളൊരു മന്ത്രം ചൊല്ലി. എന്നിട്ടുപറഞ്ഞു.

''ഈ ചെരുപ്പുതുന്നിയവൻ ഒരു പണക്കാരനായിത്തീരട്ടെ. ഇവന്റെ വീട് ഒരു മണിമാളികയാവട്ടെ.''

അത്ഭുതം! അങ്ങനെ തന്നെ സംഭവിച്ചു. അപ്പു ഉറക്കമുണർന്നപ്പോൾ ശരിക്കും പേടിച്ചുപോയി. അടുക്കളയിൽ നിറയെ പാത്രങ്ങൾ. ഓരോന്നിലും സ്വാദിഷ്ടമായ ഭക്ഷണങ്ങൾ. അവനു സന്തോഷം അടക്കാനായില്ല.

വെറുമൊരു ചെരുപ്പ് തുന്നിയതിനാണീ സമ്മാനമെന്ന് അവനു മനസ്സിലായില്ല.

കൂട്ടുകാരേ,

പ്രതിഫലേച്ഛ കൂടാതെയുള്ള സേവനത്തിനു ലഭിക്കുന്ന സമ്മാനം മഹത്തരമായിരിക്കും.

# വര



**സബ്റീൻ സബീർ, ക്ലാസ്:5, വിജയമാതാ കോൺവെന്റ് എച്ച് എസ് എസ്, ചിറ്റൂർ, 678104.**



# ഇരുട്ട്

എൻ നെഞ്ചിലുണ്ടൊരു സങ്കടം
കൂടു വിട്ടൊഴിയാത്ത സങ്കടം
അനാഥത്വം തന്ന സങ്കടം
തുമ്പിയെ പിടിക്കാനോടുന്ന
കിളികളോടൊപ്പം പാടുന്ന
മാൻകുട്ടിയെപ്പോൽ കുതിക്കുന്ന
ഞാനിന്ന് ഏകനാണ്.

ഒരു നാളിലെന്നമ്മ പോയി
അച്ഛനന്നെന്നെപ്പുണർന്നു തേങ്ങി
ആരുമില്ലാത്തവരല്ലോ നമ്മൾ
അച്ഛന്റെ തേങ്ങലിൽ ഞാൻ മയങ്ങി

എൻ കൈവിരൽത്തുമ്പുവിട്ടുകൊണ്ട്
അച്ഛനുമിന്നെങ്ങോ മാഞ്ഞുപോയി
ആരുമില്ലാത്തൊരീ കൂരിരുളിൽ
ദിക്കറിയാതെ ഞാൻ വീണുപോയി.

**സഞ്ജയ്ബാബു വി,**
**ജി യു പി എസ് കൊടൽ, പന്തീരാങ്കാവ്,**
**കോഴിക്കോട് 673019**



# സംസ്ഥാനതല ത്രിദിന ബാലസാഹിത്യ രചനാശില്പശാല




പാലക്കാട്ടു നടന്ന സെമിനാർ സാംസ്കാരിക വകുപ്പുമന്ത്രി എ കെ ബാലൻ ഉദ്ഘാടനം ചെയ്യുന്നു

മൊബൈൽ ഫോണിന്റേയും ഇന്റർനെറ്റിന്റേയും അമിതോപയോഗത്തിൽ നിന്ന് അകറ്റി കുട്ടികളെ സർഗപ്രക്രിയയിലേക്ക് നയിക്കാൻ മുത്തശ്ശിക്കഥകൾക്ക് സാധിക്കുമെന്ന് നിയമ-സാംസ്കാരിക-പട്ടിക ജാതി-വർഗ വകുപ്പുമന്ത്രി എ. കെ. ബാലൻ പറഞ്ഞു. കുട്ടികളുടെ മാനസികനിലവാരം ഉയർത്താനും അവരെ ഭാവനാസമ്പന്നരാക്കാനും കഥകളിലൂടെ സാധിക്കുമെന്നും അതിനാൽ ബാലസാഹിത്യകൃതികൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറിഹാളിൽ ഡിസംബർ 16,17,18 തീയതികളിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച സംസ്ഥാനതല ത്രിദിന രചനാശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ ശാന്തകുമാരി, നഗരസഭാധ്യക്ഷ പ്രമീളാശശിധരൻ എന്നിവർ മുഖ്യാതിഥികളായി. ഭരണസമിതിയംഗങ്ങളായ എം എസ് കുമാർ, ജാനമ്മ കുഞ്ഞുണ്ണി, ടി കെ നാരായണദാസ് എന്നിവർ സംസാരിച്ചു. വിവിധ വിഷയങ്ങളിൽ മുണ്ടൂർ സേതുമാധവൻ, ഡോ ഖദീജാ മുംതാസ്, ടി ഡി രാമകൃഷ്ണൻ, ആഷാമേനോൻ, സീമാശ്രീനിലയം എന്നിവർ ക്ലാസുകളെടുത്തു. തസ്റാക്കിലെ ഒ വി വിജയൻ സ്മാരകം സന്ദർശിച്ചു. 45ഓളം പേർ പങ്കെടുത്ത ശില്പശാലയിൽ പത്തോളം രചനകൾ ലഭിച്ചു.



# ബാലസാഹിത്യ ശില്പശാല



കോഴിക്കോട്ടു നടന്ന സെമിനാർ യു എ ഖാദർ ഉദ്ഘാടനം ചെയ്യുന്നു

ഡിസംബർ 1,2,3 തീയതികളിൽ കോഴിക്കോട് ആരാധനാടൂറിസ്റ്റ് ഹോമിൽ വച്ച് എഴുത്തുകാർക്കുള്ള ശില്പശാല നടന്നു. പ്രശസ്ത സാഹിത്യകാരൻ യു എ ഖാദർ ശില്പശാല ഉദ്ഘാടനം ചെയ്തു. ചരിത്രത്തെ വികലമാക്കാനുള്ള ശ്രമങ്ങളെ മറികടക്കുന്നതാവണം പുതിയ കാലഘട്ടത്തിന്റെ ബാലസാഹിത്യമെന്ന് യു എ ഖാദർ അഭിപ്രായപ്പെട്ടു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായ ചടങ്ങിൽ പ്രഭാകരൻ പഴശ്ശി മുഖ്യാതിഥിയായിരുന്നു. മലയത്ത് അപ്പുണ്ണി ചടങ്ങിൽ ആശംസകൾ അർപ്പിച്ചു.

ത്രിദിന ശില്പശാലയിൽ വിവിധ വിഷയങ്ങളിലായി പയ്യന്നൂർ കുഞ്ഞിരാമൻ, നാരായണൻ കാവുമ്പായി, ഡോ. കെ ശ്രീകുമാർ, പ്രൊഫ കെ പാപ്പൂട്ടി എന്നിവർ സംസാരിച്ചു.

ശില്പശാലയിൽ സൃഷ്ടികളുടെ അവതരണവും ചർച്ചയും നടന്നു. 40ഓളം രചനകൾ ലഭിച്ചു. സമാപനസമ്മേളനം പ്രശസ്ത സാഹിത്യകാരൻ യു കെ കുമാരൻ ഉദ്ഘാടനം ചെയ്തു.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# വിവേകാനന്ദസ്പർശം



'വിവേകാനന്ദസ്പർശം'- ഡോ. രാധിക സി നായർ പ്രസംഗിക്കുന്നു.

ഭാരതീയ നവോത്ഥാന പ്രസ്ഥാനത്തിനാകെ തന്റെ ദർശനങ്ങളിലൂടെവ്യക്തമായ ദിശാബോധം നൽകി, കേരളീയ പുരോഗമന ചിന്താധാരകൾക്കു ശക്തി പകർന്ന സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം 'വിവേകാനന്ദസ്പർശം' എന്ന പേരിൽ ആഘോഷിക്കുകയുണ്ടായി. കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിനു കീഴിലുള്ള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ആയിരുന്നു വയനാട് ജില്ലയിൽ പരിപാടികൾ സംഘടിപ്പിച്ചത്. ഇതോടനുബന്ധിച്ച് ക്വിസ്മത്സരവും 'വിവേകാനന്ദ ദർശനവും സമകാലികഭാരതവും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും സംഘടിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷതവഹിച്ച ചടങ്ങ് വയനാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ടി ഉഷാകുമാരി ഉദ്ഘാടനം ചെയ്തു.



# മികച്ച പുസ്തക പ്രൊഡക്ഷനുള്ള ദർശന അവാർഡ് 'ഒരു അറബിക്കഥ'യ്ക്ക്



ദർശന അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ച് പുസ്തകനിർമിതിയിലെ മികവിനുള്ള പുരസ്കാരം മലയാളം വിഭാഗത്തിൽ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ഒരു അറബിക്കഥ' എന്ന പുസ്തകത്തിനു ലഭിച്ചു. പ്രശസ്ത കഥാകൃത്ത് എൻ പി ഹാഫിസ് മുഹമ്മദ് ആണ് പുസ്തകത്തിന്റെ രചയിതാവ്. ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി പ്രൊഡക്ഷൻ ഓഫീസർ സുബിൻ കെ സുഭാഷ് പുരസ്കാരം ഏറ്റുവാങ്ങി.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70 January 2018
Regd KL/TV (N)/399/2015-2017 Published on 29-12-2017 Vol:24, Issue:01, ₹20




# തളിര് വായനാമത്സരം

## 2018 ഫെബ്രുവരിയിൽ

- ഓരോ സ്കൂളിലും പത്തു വരിക്കാരിൽ ഒരാൾക്കു വീതം സമ്മാനം.
- വിജയികൾക്ക് സർട്ടിഫിക്കറ്റിനു പുറമേ 300രൂപയുടെ പുസ്തക ക്കൂപ്പൺ.
- കേരളത്തിലെ പ്രമുഖപുസ്തകശാലകളിൽ നിന്നും ഈ കൂപ്പൺ ഉപയോഗിച്ച് 300രൂപയുടെ ഇഷ്ടപുസ്തകങ്ങൾ സ്വന്തമാക്കാം.
- 2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള ലക്കങ്ങളെ ആസ്പദമാക്കിയായിരിക്കും ചോദ്യങ്ങൾ.
- 2017 ഡിസംബർ ലക്കം വരെ വരിക്കാരായവർക്ക് മത്സരത്തിൽ പങ്കെടുക്കാം.